33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS


Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 04, 2025 | Vol. XXXIII No. 32









# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

33rd Year of Service 2025

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 പ്രഫ. എം.കെ. സാനു വിടവാങ്ങി
12 ഒരു ദിവസം ഒരു കുടക്കീഴിൽ
23 രാഷ്ട്രീയം കരുണയാണ്
24 നന്മ പങ്കുവെക്കുന്ന കന്യാസ്ത്രീകൾ
35 ചിക്കാഗോ സോഷ്യൽ ക്ലബിന്റെ വടംവലി മത്സരം

# ഫൊക്കാന കേരളാ കൺവൻഷൻ മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു

അനിൽ പെണ്ണുക്കര

കോട്ടയം: ഫൊക്കാനയുടെ കേരളാ കൺവൻഷൻ കുമരകം ഗോകുലം ഗ്രാൻഡ് റിസോർട്ടിൽ സഹകരണ വകുപ്പ് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. കുമരകത്തിന്റെ അന്തർദേശീയ പ്രാധാന്യം എടുത്തുപറഞ്ഞ് ഉദ്ഘാടന പ്രസംഗം തുടങ്ങിയ അദ്ദേഹം ഫൊക്കാനയിലെ പ്രതിനിധികൾ പിറന്ന നാടിനോടുള്ള ആത്മബന്ധം കാത്തുസൂക്ഷിക്കുന്നു എന്നത് അഭിമാനമാണെന്ന് പറഞ്ഞു. ഇന്ത്യൻ ദേശീയഗാനവും അമേരിക്കൻ ദേശീയഗാനവും ആലപിച്ച് തുടങ്ങിയ കൺവൻഷൻ ഒരു പ്രത്യേകത തന്നെയാണ്. കേരളത്തെ ലോകത്തിന്റെ നെറുകയിലെത്തിച്ച വിഴിഞ്ഞം തുറമുഖം ലോകത്തെ നമ്പർ വൺ തുറമുഖമായി മാറിക്കഴിഞ്ഞതും പ്രവാസി മലയാളികൾക്ക് അഭിമാനിക്കാവുന്നതാണ്. കേരളത്തിന്റെ വികസനങ്ങൾ ഓരോന്നായി എടുത്തു പറഞ്ഞുകൊണ്ടാണ് അദ്ദേഹം തന്റെ പ്രസംഗം തുടർന്നത്. ഫൊക്കാനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ വിശ്വമാനവികതയ്ക്ക് തുല്യമാണ്. ജീവിച്ചിരിക്കുമ്പോൾ ചെയ്യുന്ന സത്കർമ്മങ്ങളാണ് നമ്മുടെ ബാങ്ക് ബാലൻസ്. അവ കാലവും ചരിത്രവും വാഴ്ത്തപ്പെടും. അങ്ങനെ സത്കർമ്മങ്ങളിലൂടെ വളർന്ന് ഫൊക്കാന കേരള ചരിത്രത്തിൽ അറിയപ്പെടും എന്ന കാര്യത്തിൽ സംശയമില്ല.



ഫൊക്കാനയുടെ കേരള കൺവൻഷൻ കുമരകത്തുവെച്ച് നടത്തുന്നു എന്നത് തന്നെയാണ് അതിന്റെ പ്രാധാന്യമെന്ന് മുഖ്യ പ്രഭാഷണം നടത്തിയ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

കേരളത്തിന്റെ എല്ലാ രംഗത്തും ഉണ്ടായ മാറ്റത്തെ വിദേശമലയാളികൾ ഉൾക്കൊള്ളുന്നു. കേരളത്തിന്റെ പുതിയ തലമുറയെ ഗ്രസിക്കുന്ന ലഹരിക്കെതിരെ ഫൊക്കാന തുടങ്ങിവെച്ച പദ്ധതി അഭിനന്ദനാർഹമാണ്.

(ശേഷം 15-ാം പേജിൽ)

### ഡോ. ഹാരിസിന്റെ വെളിപ്പെടുത്തൽ:
## ഉപകരണക്ഷാമം സ്ഥിരീകരിച്ച് വിദഗ്ധ സമിതി റിപ്പോർട്ട്

തിരുവനന്തപുരം: മെഡിക്കൽ കോളജുകളിലെ 'സിസ്റ്റം തകരാറിൽ' എന്നു തുറന്നുകാട്ടിയ തിരുവനന്തപുരം മെഡിക്കൽ കോളജിലെ യൂറോളജി വിഭാഗം മേധാവി ഡോ. സി.എച്ച്. ഹാരിസിന്റെ വെളിപ്പെടുത്തലുകൾ ശരിവെച്ച് നാലംഗ സമിതിയുടെ റിപ്പോർട്ട്.

ഉപകരണങ്ങളുടെ ചില ഭാഗങ്ങൾ കാണാനില്ലെന്ന ഭാഗം മാത്രം പരാമർശിച്ച്, ഡോ. ഹാരിസിനെ പ്രതിക്കൂട്ടിലാക്കി മന്ത്രി വീണാ ജോർജ് നടത്തിയ പ്രസ്താവനയ്ക്കു പിന്നാലെയാണ് റിപ്പോർട്ടിലെ പ്രധാന ഭാഗങ്ങൾ പുറത്തുവന്നത്.

റിപ്പോർട്ട് പുറത്തുവിടാൻ ആരോഗ്യ വകുപ്പ് തയാറായിട്ടില്ല. ഡോ. ഹാരിസിന്റെ വെളിപ്പെടുത്തലിനെത്തുടർന്നാണ് അന്വേഷണത്തിനു സർക്കാർ സമിതിയെ നിയോഗിച്ചത്.

ലിത്തോക്ലാസ്റ്റ് പ്രോബ് എന്ന ഉപകരണ ഘടകം ഇല്ലാത്തതുമൂലം ശസ്ത്രക്രിയ മുടങ്ങിയെന്ന് ഡോക്ടർ ആരോപിച്ച ദിവസം വകുപ്പിൽ ഇതുണ്ടായിരുന്നുവെന്നും അതുപയോഗിച്ച് അടുത്ത ദിവസം ശസ്ത്രക്രിയ നടത്തിയെന്നും വിദഗ്ധ സമിതി കണ്ടെത്തിയെന്നാണ് ഡോ. ഹാരിസിനു നൽകിയ കാരണംകാണിക്കൽ നോട്ടീസിൽ പറഞ്ഞത്. എന്നാൽ, രണ്ടാം യൂണിറ്റ് ചീഫ് ഡോ. സാജു നൽകിയതായി ഇതേ റിപ്പോർട്ടിൽ രേഖപ്പെടുത്തിയ മൊഴിയിൽ, അന്നുപയോഗിച്ചത് തന്റെ പക്കലുള്ള വിലകുറഞ്ഞ ഉപകരണമാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഡോ. ഹാരിസ് നല്ല ഉദ്ദേശ്യത്തിലാണു തുറന്നെഴുതിയത്; എന്നാൽ ചട്ടലംഘനമുണ്ടായിട്ടുണ്ട്. അതു നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്ന നിർദേശത്തോടെയാണ് റിപ്പോർട്ട് അവസാനിക്കുന്നത്.




ഡോ. ഹാരിസ് വെളിപ്പെടുത്തിയതുപോലെ ഒരു വിദ്യാർത്ഥി ഉൾപ്പെടെ രണ്ടുപേരുടെ ശസ്ത്രക്രിയ, ഉപകരണം ലഭ്യമല്ലാത്തതിനാൽ മുടങ്ങിയിട്ടുണ്ട്. ലിത്തോക്ലാസ്റ്റ് പ്രോബ് തകരാറിലായതിനെ തുടർന്നാണ് ഇവ മാറ്റിവെച്ചത്. ഓഫീസിലെ പതിവു കാലതാമസം മുന്നിൽക്കണ്ട്, വകുപ്പ് മേധാവിയായ ഡോ. സി.എച്ച്. ഹാരിസ് സമയബന്ധിതമായി ഉപകരണങ്ങൾക്ക് ഓർഡർ നൽകിയെങ്കിലും 3–6 മാസം വരെ വൈകിയാണ് പല ഉപകരണങ്ങളും ലഭിച്ചത്. അപേക്ഷ കളക്ടറുടെ ഓഫീസിലും കെട്ടിക്കിടന്നു.

സാമ്പത്തിക അധികാരമില്ലായ്മ കാലതാമസത്തിനു കാരണമാകുന്നു.

(ശേഷം 34-ാം പേജിൽ)

## ഝാർഖണ്ഡ് മുൻമുഖ്യമന്ത്രി ഷിബു സോറൻ അന്തരിച്ചു



ന്യൂഡൽഹി: ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും ഝാർഖണ്ഡ് മുക്തി മോർച്ച (ജെഎംഎം) സ്ഥാപക നേതാവുമായ ഷിബു സോറൻ (81) അന്തരിച്ചു. വൃക്കസംബന്ധമായ അസുഖങ്ങളെത്തുടർന്നായിരുന്നു അന്ത്യം. അച്ഛന്റെ വിയോഗവാർത്ത സോറന്റെ മകനും ഝാർഖണ്ഡ് മുഖ്യമന്ത്രിയുമായ ഹേമന്ത് സോറനാണ് എക്സിലൂടെ അറിയിച്ചത്.

നിലവിൽ ഝാർഖണ്ഡിൽ നിന്നുള്ള രാജ്യസഭാംഗമാണ് ഷിബു സോറൻ. മൂന്നുതവണ ഝാർഖണ്ഡ് മുഖ്യമന്ത്രിയായിരുന്നു. നാല് പതിറ്റാണ്ട് നീണ്ട രാഷ്ട്രീയ ജീവിതത്തിൽ എട്ടുതവണ ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. രണ്ട് തവണ രാജ്യസഭാ എംപിയായി. മൻമോഹൻ സിങ് മന്ത്രിസഭയിൽ അംഗവുമായിരുന്നു.

(ശേഷം 34-ാം പേജിൽ)


### ബിഹാർ വോട്ടർ പട്ടിക, കന്യാസ്ത്രീകളുടെ അറസ്റ്റ്:
## പ്രതിപക്ഷ പ്രതിഷേധത്തിൽ ലോക്സഭയിൽ ബഹളം

പട്ന: ബിഹാർ വോട്ടർ പട്ടിക വിവാദത്തിലും മലയാളി കന്യാസ്ത്രീകളുടെ അറസ്റ്റിലും ലോക്സഭയിൽ പ്രതിപക്ഷ പ്രതിഷേധം. ബഹളത്തെ തുടർന്ന് ലോക്സഭ രണ്ടു മണി വരെ നിർത്തിവെച്ചു. ബിഹാറിൽ 65 ലക്ഷം വോട്ടർമാരെ നീക്കം ചെയ്തെന്നാണ് പ്രതിപക്ഷത്തിന്റെ ആരോപണം.

ഛത്തീസ്ഗഡിലെ മലയാളി കന്യാസ്ത്രീകൾക്കെതിരായ കേസ് ഇരുസഭകളിലും വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ എംപിമാർ അടിയന്തര പ്രമേയ നോട്ടീസ് നൽകിയിട്ടുണ്ട്. കേസ് പൂർണമായും റദ്ദാക്കണമെന്നാണ് പ്രതിപക്ഷ എംപിമാരുടെ ആവശ്യം. അതേസമയം, ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും രാജ്യസഭാ എംപിയുമായ ഷിബു സോറന്റെ നിര്യാണത്തെ തുടർന്ന് രാജ്യസഭ ഇന്നത്തേയ്ക്കു പിരിഞ്ഞു. ഇന്ത്യാസഖ്യം വിട്ട ആംആദ്മി പാർട്ടി പ്രതിപക്ഷ പാർട്ടികൾക്കൊപ്പം പ്രതിഷേധത്തിൽ പങ്കെടുത്തു. ഇന്ത്യാ സഖ്യത്തിന്റെ യോഗത്തിൽ പങ്കെടുക്കാതിരുന്ന തൃണമൂൽ കോൺഗ്രസ് നേതാക്കളും നിലവിൽ പ്രതിഷേധത്തിന്റെ ഭാഗമാണ്. ഈ മാസം ഏഴിനു പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ത്യാസഖ്യത്തിന്റെ യോഗം വിളിച്ചിട്ടുണ്ട്. യോഗത്തിൽ ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് അടക്കം ചർച്ചയാകുമെന്നാണ് വിവരം.

## ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

# മികച്ച സഹനടൻ വിജയരാഘവൻ, സഹനടി ഉർവശി





ന്യൂഡൽഹി: 71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച മലയാളം ചിത്രത്തിനുള്ള പുരസ്കാരം ക്രിസ്റ്റോ ടോമി സംവിധാനം ചെയ്ത 'ഉള്ളൊഴുക്ക്' നേടി. ഇതേ സിനിമയിലെ അഭിനയത്തിന് ഉർവശിക്ക് മികച്ച സഹനടിക്കുള്ള ദേശീയ പുരസ്കാരവും 'പൂക്കാലം' എന്ന ചിത്രത്തിലൂടെ വിജയരാഘവന് മികച്ച സഹനടനുള്ള ദേശീയ പുരസ്കാരവും ലഭിച്ചു. ഷാരൂഖ് ഖാനും വിക്രാന്ത് മാസിയും മികച്ച നടനുള്ള ദേശീയ പുരസ്കാരം പങ്കിട്ടു. 'ജവാനി'ലെ പ്രകടനമാണു ഷാരൂഖ് ഖാനെ മികച്ച നടനുള്ള പുരസ്കാരത്തിന് അർഹനാക്കിയത്. 'ട്വൽത്ത് ഫെയിൽ' എന്ന ഹിന്ദി സിനിമയാണു വിക്രാന്ത് മാസിയെ പുരസ്കാരത്തിന് അർഹനാക്കിയത്. 'മിസിസ് ചാറ്റർജി വേഴ്സസ് നോർവേ' എന്ന സിനിമയിലെ അഭിനയത്തിന് റാണി മുഖർജിക്കാണ് മികച്ച നടിക്കുള്ള പുരസ്കാരം. മികച്ച സഹനടനുള്ള പുരസ്കാരം വിജയരാഘവനൊപ്പം മുത്തുപേട്ടൈ സോമു ഭാസ്കറും (തമിഴ് ചിത്രം പാർക്കിംഗ്) പങ്കുവെച്ചപ്പോൾ മികച്ച സഹനടിക്കുള്ള പുരസ്കാരം ഉർവശി പങ്കുവെച്ചത് ജാൻകി ബോഡിവാലയുമായാണ്. (ഗുജറാത്തി ചിത്രം വഷ്)

വിവാദ സിനിമ 'കേരള സ്റ്റോറി' സംവിധാനം ചെയ്ത സുദിപ്തോ സെൻ ആണു മികച്ച സംവിധായകൻ. വിധു വിനോദ് ചോപ്രയൊരുക്കിയ 'ട്വൽത്ത് ഫെയി'ലാണു മികച്ച ചിത്രം. മികച്ച ജനപ്രിയ സിനിമ 'കരൺ ജോഹർ' സംവിധാനം ചെയ്ത റോക്കി ഓർ റാണി കി പ്രേം കഹാനിയ്ക്കു ലഭിച്ചു. എഡിറ്റിംഗ്, പ്രൊഡക്ഷൻ, ഡിസൈനർ ഉൾപ്പെടെ അഞ്ച് പുരസ്കാരങ്ങളാണ് മലയാള സിനിമകൾ ഇത്തവണ നേടിയത്. 'പൂക്കളം' സിനിമയുടെ എഡിറ്റർ മിഥുൻ മുരളിയാണ് മികച്ച എഡിറ്റർ. കേരളം നേരിട്ട പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കഥ പറഞ്ഞ ജൂഡ് ആന്റണി ജോസഫ് ചിത്രം '2018' ലെ വർക്കിന് മോഹൻദാസിനാണു മികച്ച പ്രൊഡക്ഷൻ ഡിസൈനർക്കുള്ള പുരസ്കാരം.

നോൺ ഫീച്ചർ വിഭാഗത്തിൽ എം.കെ. ഹരിദാസ് നിർമിച്ചു സംവിധാനം ചെയ്ത 'നെകൽ: ക്രോണിക്കിൾ ഓഫ് ദ പാഡി മാൻ' എന്ന ചിത്രം പ്രത്യേക പരാമർശം നേടി. മറുഭാഷാ ചിത്രങ്ങളിലെ സാങ്കേതിക വിഭാഗത്തിലും മലയാളികൾക്ക് പുരസ്കാരങ്ങളുണ്ട്. ഹിന്ദി ചിത്രം അനിമലിലെ വർക്കിന് മികച്ച സൗണ്ട് ഡിസൈനിനുള്ള പുരസ്കാരം മലയാളികളായ സച്ചിൻ സുധാകരനും ഹരിഹരൻ മുരളീധരനും ലഭിച്ചു. അനിമലിലെതന്നെ വർക്കിന് എം.ആർ. രാജാകൃഷ്ണനും മികച്ച റീറെക്കോർഡിംഗ് മിക്സർക്കുള്ള പ്രത്യേക പരാമർശം നേടി. 'കേരളാ സ്റ്റോറി' മികച്ച ഛായാഗ്രഹണത്തിനുള്ള പുരസ്കാരവും നേടി.


## കെസിസിഎൻഎ പ്രഥമ പ്രസിഡണ്ട് അബ്രഹാം നിരവത്ത് അന്തരിച്ചു



ഹൂസ്റ്റൺ: വടക്കെ അമേരിക്കയിലെ ക്നാനായ കത്തോലിക്കരുടെ ദേശീയ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രഥമ പ്രസിഡണ്ട് അബ്രഹാം നിരവത്ത് (76) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ മോളി ചാത്തമ്പടം കുടുംബാംഗമാണ്. മക്കൾ: മെർളിൻ, പോളി.

അബ്രഹാം നിരവത്തിന്റെ ആകസ്മിക വേർപാടിൽ കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ അനുശോചനം അറിയിച്ചു.

## പ്രഫ. എം.കെ. സാനു വിടവാങ്ങി



കൊച്ചി: നിരൂപണ സാഹിത്യത്തിലും അദ്ധ്യാപന മേഖലയിലും സാംസ്കാരിക മണ്ഡലത്തിലുമെല്ലാം സർവാദരണീയനായ പ്രഫ. എം.കെ. സാനു (98) അന്തരിച്ചു. വീട്ടിൽ വീണ് ഇടുപ്പെല്ലിനു പരുക്കേറ്റ് കഴിഞ്ഞ 25 മുതൽ കൊച്ചിയിലെ അമൃത ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ശസ്ത്രക്രിയ നടത്തിയെങ്കിലും ശ്വാസതടസം അനുഭവപ്പെട്ടതുമൂലം തീവ്രപരിചരണവിഭാഗത്തിൽ വെന്റിലേറ്ററിലായിരിക്കെ ഓഗസ്റ്റ് രണ്ടിന് വൈകുന്നേരം 5.35-നായിരുന്നു അന്ത്യം. ഭാര്യ: പരേതയായ എൻ. രത്നമ്മ. മക്കൾ: എം.എസ്. രഞ്ജിത് (റിട്ട. ഡെപ്യൂട്ടി ചീഫ് മെക്കാനിക്കൽ എഞ്ചിനീയർ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്), എം.എസ്. രേഖ, ഡോ. എം.എസ്. ഗീത (ഹിന്ദി വിഭാഗം റിട്ട. മേധാവി, സെന്റ് പോൾസ് കോളജ്, കളമശേരി), എം.എസ്. സീത (സാമൂഹികക്ഷേമ വകുപ്പ് റിട്ട. ഉദ്യോഗസ്ഥ), എം.എസ്. ഹാരിസ് (മാനേജർ, എനർജി മാനേജ്മെന്റ് സർവീസസ്, ദുബായ്). മരുമക്കൾ: സി.വി. മായ, സി.കെ. കൃഷ്ണൻ (റിട്ട. മാനേജർ, ഇന്ത്യൻ അലൂമിനിയം കമ്പനി), അഡ്വ. പി.വി. ജ്യോതി (റിട്ട. മുനിസിപ്പൽ സെക്രട്ടറി), ഡോ. പ്രശാന്ത് കുമാർ (ഇംഗ്ലീഷ് വിഭാഗം മുൻ മേധാവി, കാലടി സംസ്കൃത സർവകലാശാല), മിനി (ഇലക്ട്രിക്കൽ എഞ്ചിനീയർ, ദുബായ്).

1927 ഒക്ടോബർ 27-ന് ആലപ്പുഴയിലെ തുമ്പോളിയിൽ എം.സി. കേശവന്റെയും കെ.പി. ഭവാനിയുടെയും മകനായി ജനിച്ച സാനു എഴുത്തുകാരൻ, അദ്ധ്യാപകൻ, ചിന്തകൻ, വാഗ്മി, ജനപ്രതിനിധി എന്നീ നിലകളിൽ പ്രാഗല്ഭ്യം തെളിയിച്ചു. സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം വിവിധ സർക്കാർ കോളജുകളിൽ അദ്ധ്യാപകനായി. മഹാരാജാസ് കോളജിൽ മലയാളവിഭാഗം അദ്ധ്യാപകനായിരിക്കെ 1983-ൽ വിരമിച്ചു.

എൺപതിലേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. എഴുത്തച്ഛൻ പുരസ്കാരം ഉൾപ്പെടെ നിരവധി ബഹുമതികൾ അദ്ദേഹത്തെ തേടിയെത്തി. എറണാകുളം ടൗൺഹാളിലെ പൊതുദർശനത്തിനുശേഷം രവിപുരം ശ്മശാനത്തിൽ സംസ്കാരം നടത്തി. മുഖ്യമന്ത്രി പിണറായി വിജയനു പുറമേ, മന്ത്രിമാരായ വി.എൻ. വാസവൻ, പി. രാജീവ്, കെ. രാജൻ, എം.ബി. രാജേഷ്, ആർ. ബിന്ദു, പി. പ്രസാദ്, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ തുടങ്ങിയ നിരവധിപേർ ആദരാഞ്ജലി അർപ്പിച്ചു.

## ഛത്തീസ്ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീമാർക്ക് മോചനം

ദുർഗ്: അടിസ്ഥാനരഹിതമായി മനുഷ്യക്കടത്തും നിർബന്ധിത മതപരിവർത്തനവും ആരോപിച്ച് അറസ്റ്റ് ചെയ്തു ജയിലിലടച്ച രണ്ടു കന്യാസ്ത്രീമാർക്ക് നീണ്ട ഒമ്പതുദിവസത്തെ യാതനകൾക്കുശേഷം മോചനം. ബിലാസ്പുരിലെ പ്രത്യേക എൻഐഎ കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചതോടെയാണു ദുർഗ് ജയിലിൽനിന്ന് അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (എഎസ്എംഐ) സന്യാസിനീ സഭാംഗങ്ങളായ സിസ്റ്റർ പ്രീതി മേരിക്കും സിസ്റ്റർ വന്ദന ഫ്രാൻസിസിനും ആദിവാസി യുവാവായ സുഖ്മാൻ മാണ്ഡവിക്കും മോചനം സാധ്യമായത്. വെറും സംശയത്തിന്റെ പേരിലാണു രണ്ടു കന്യാസ്ത്രീകൾക്കും ആദിവാസി യുവാവിനുമെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തതെന്നു ജാമ്യവിധിയിൽ എൻഐഎ ജഡ്ജി വ്യക്തമാക്കി. കോടതിവിധിക്കു പിന്നാലെയും വൈകുന്നേരം സിസ്റ്റർമാരുടെ മോചനത്തെത്തുടർന്നും ദുർഗിൽ വലിയ ആഘോഷങ്ങളുണ്ടായി. തെറ്റായ വകുപ്പുകൾ



ചേർത്ത് കന്യാസ്ത്രീമാർക്കെതിരെ രജിസ്റ്റർ ചെയ്ത എഫ്ഐആർ റദ്ദാക്കണമെന്ന് വിവിധ രാഷ്ട്രീയ നേതാക്കളും സിബിസിഐയും സിസ്റ്റർമാരുടെ കുടുംബാംഗങ്ങളും ആവശ്യപ്പെട്ടു. പ്രതികളെ തുടർന്നും കസ്റ്റഡിയിൽ വെക്കേണ്ടതിന് ആവശ്യമായ ഒരു തെളിവും അന്വേഷണ ഏജൻസിക്കു ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് കോടതി പറഞ്ഞു. സംശയത്തിന്റെ അടിസ്ഥാനത്തിലാണു കേസെന്നും കോടതി നിരീക്ഷിച്ചു. കേസിന്റെ മെറിറ്റിലേക്കു കടന്നിട്ടില്ലെന്നും അതു പിന്നീട് പരിശോധിക്കുമെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എൻഐഎയ്ക്കുവേണ്ടി ഹാജരായ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ ജാമ്യാപേക്ഷയിൽ എതിർപ്പ് ഉന്നയിച്ചു. കടുത്ത വകുപ്പുകൾ ചുമത്തി പോലീസെടുത്ത പ്രഥമവിവര റിപ്പോർട്ടിന്റെ പേരിൽ ആദ്യം മജിസ്ട്രേറ്റ് കോടതിയും പിന്നീട് സെഷൻസ് കോടതിയും കന്യാസ്ത്രീമാർക്കു ജാമ്യം നിഷേധിച്ചിരുന്നു. ജാമ്യഹർജി എൻഐഎ കോടതിയുടെ പരിഗണനയ്ക്കു വിട്ടതും സംശയകരമായി. ജോസ് കെ. മാണി, ജോൺ ബ്രിട്ടാസ്, ജെബി മേത്തർ, പി. സന്തോഷ് കുമാർ എന്നീ എംപിമാരും റോജി എം. ജോൺ, ചാണ്ടി ഉമ്മൻ എന്നീ എംഎൽഎമാരും രാജീവ് ചന്ദ്രശേഖർ, ഷോൺ ജോർജ് തുടങ്ങിയവരും ചേർന്ന് ജയിലിനു പുറത്ത് കന്യാസ്ത്രീമാരെ സ്വീകരിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076

Tel: 630 728 7956

eFax: 773.304.1917

Volume XXXIII
Number 32
August 04, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

പ്രയത്നം ശരീരത്തെ ബലപ്പെടുത്തും കഷ്ടത മനസ്സിനേയും
**പാർക്കർ**

ഭാഷ പരാജയപ്പെടുന്നിടത്താണ് യുദ്ധം ഉണ്ടാകുന്നത്
**മാർഗരറ്റ് അറ്റ്വുഡ്**

## Eighteenth Home Going Anniversary

# BINIL MATHEW SAMUEL



Eighteen years ago on August 6, 2007, our dear son and brother, Binil Mathew Samuel was called in to the presence of his heavenly father. Every day we remember and cherish those great and beautiful years that we enjoyed together as a close knit family. We are waiting and looking forward for that Blessed and Glorious Day when we shall meet him again.

**With that great hope,**
**Daddy, Mom, Brother, Sister and their families.**
**August 6, 2025**

*Affordable Mortgages Made Easy!*

**ACHIEVE MORTGAGE GROUP, INC.**
NMLS#2449193



**SABU C. ACHETTU**
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net



**SMITHA JAMES**
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com



**THRESIAMMA JOB (THERESA)**
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com

**Achieve Real Estate**
*Achieve Your Dreams*
Call us for All your Needs
**Shawn S. Achettu**
Realtor / Broker
**847-529-7962**
realtorachettu@gmail.com
**Phone: 847-687-5100**
834 E. Rand Road, Suite 6, Mount Prospect, IL 60056



Scanned with CamScanner

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

**ACCIDENT ATTORNEYS**

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

**LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY**

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

**CRIFASE LAW FIRM, LTD.**

**312-855-0511**

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# മതനിരപേക്ഷതയ്ക്കേറ്റ കനത്ത പ്രഹരം

ജാതിയുടെയോ മതത്തിന്റെയോ വംശത്തിന്റെയോ നിറത്തിന്റെയോ ഭാഷയുടെയോ ജെൻഡറിന്റെയോ രാഷ്ട്രീയ നിലപാടുകളുടെയോ വ്യത്യാസമില്ലാതെ, മനുഷ്യനായി ജനിച്ച എല്ലാവർക്കും തുല്യത ഉറപ്പാക്കുന്ന അവകാശങ്ങളാണ് ഈ രാജ്യത്തു നിലനിൽക്കുന്നതെന്നാണു സങ്കൽപം. എന്നാൽ, മറ്റൊരാളുടെ മതവിശ്വാസത്തെ അംഗീകരിക്കുന്നതും മാനിക്കുന്നതുമായ ക്രിയാത്മക നിലപാടാണ് ഇന്ത്യയുടെ മതനിരപേക്ഷതയുടെ കാതൽ എന്നതു മനസ്സിലാക്കാതെ, ചിലരെങ്കിലും അസഹിഷ്ണുതയുടെ വഴിയിലൂടെ മുന്നോട്ടുനീങ്ങുന്നതു നമ്മുടെ ബഹുസ്വരതയ്ക്കു കളങ്കമേൽപിക്കുകയാണ്.

ഛത്തീസ്ഗഡിലെ ദുർഗിൽ രണ്ടു മലയാളി കന്യാസ്ത്രീകളെ റെയിൽവേ പോലീസ് അറസ്റ്റ് ചെയ്തു ജയിലിലാക്കിയത് ന്യൂനപക്ഷങ്ങളുടെ അരക്ഷിതാവസ്ഥയും ആശങ്കയും വീണ്ടും പൊതുസമൂഹത്തിന്റെ ശ്രദ്ധയിലെത്തിച്ചിരിക്കുകയാണ്. ഇവർക്കെതിരെ ആദ്യ എഫ്ഐആറിൽ ഇല്ലാതിരുന്ന നിർബന്ധിത മതപരിവർത്തനക്കുറ്റം കേസ് ബലപ്പെടുത്തുന്നതിനായി ഉടൻതന്നെ കൂട്ടിച്ചേർത്തത് അസഹിഷ്ണുതയുടെ ആഴം വ്യക്തമാക്കുന്നു. ആദ്യ എഫ്ഐആറിൽ മനുഷ്യക്കടത്ത് കുറ്റം മാത്രമാണുണ്ടായിരുന്നത്.

സഭയുടെ കീഴിലുള്ള ആശുപത്രികളിലേക്കും ഓഫീസുകളിലേക്കും ജോലിക്കായി ദുർഗിൽനിന്നു മൂന്നു പെൺകുട്ടികളെ കൂട്ടിക്കൊണ്ടുപോകാനാണ് കന്യാസ്ത്രീകൾ റെയിൽവേ സ്റ്റേഷനിൽ എത്തിയത്. നിർബന്ധിത മതപരിവർത്തനവും മനുഷ്യക്കടത്തും നടത്തുകയാണെന്ന് ആരോപിച്ച് ബജ്റങ്ദൾ പ്രവർത്തകർ റെയിൽവേ സ്റ്റേഷനിൽ പ്രതിഷേധമുയർത്തി ഇവരെ തടഞ്ഞുവെക്കുകയായിരുന്നു. ഇതിനിടെ കന്യാസ്ത്രീകളെയും യുവതികളെയും ബജ്റങ്ദൾ പ്രവർത്തകർ ചോദ്യം ചെയ്തെന്ന ആരോപണവും ഉയർന്നിട്ടുണ്ട്. എന്നാൽ, മതപരിവർത്തനം നടന്നിട്ടില്ലെന്നും രക്ഷിതാക്കളുടെ സമ്മതത്തോടെയാണു പെൺകുട്ടികൾ യാത്ര ചെയ്തതെന്നും അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സന്യാസിനി സമൂഹം വ്യക്തമാക്കുന്നു.

ഛത്തീസ്ഗഡിലെ ദുർഗിൽ മനുഷ്യക്കടത്തും നിർബന്ധിത മതപരിവർത്തനവും ആരോപിച്ച് മലയാളി കന്യാസ്ത്രീകളായ സിസ്റ്റർ പ്രീതി മേരിയെയും സിസ്റ്റർ വന്ദന ഫ്രാൻസിസിനെയും അറസ്റ്റ് ചെയ്തതും ജാമ്യം നിഷേധിക്കപ്പെട്ടതും ഇന്ത്യൻ ജനാധിപത്യത്തിനും ഭരണഘടനയ്ക്കും നേരെയുള്ള കടുത്ത വെല്ലുവിളിയാണ്. ഇന്ത്യയിലെ നിയമവാഴ്ചയെയും വ്യക്തിസ്വാതന്ത്ര്യത്തെയും ചോദ്യം ചെയ്യുന്ന ആൾക്കൂട്ട അക്രമങ്ങളുടെ ഏറ്റവും പുതിയ ഉദാഹരണമായി ഇത് മാറുന്നു. ഇതിനുശേഷം, ഛത്തീസ്ഗഡിലെ കാംഗറിലെ ഒരു പള്ളിയിൽ മതപരിവർത്തനം ആരോപിച്ച് ഒരു സംഘം അതിക്രമിച്ചുകയറി ആരാധനാസാധനങ്ങൾ നശിപ്പിക്കുകയും വിശ്വാസികളെ ഭീഷണിപ്പെടുത്തി പുറത്താക്കുകയും ചെയ്ത സംഭവം, ഈ പ്രശ്നത്തിന്റെ വ്യാപ്തി വർധിപ്പിക്കുന്നു. കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തതിനു പിന്നാലെ നടന്ന ഈ ആക്രമണം, ഇതൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ലെന്നു വ്യക്തമാക്കുന്നു. വ്യക്തമായ ഗൂഢാലോചന ഇത്തരം ആക്രമണങ്ങൾക്കു പിന്നിലുണ്ട്.

മുൻപും സമാനമായ രീതിയിൽ ക്രിസ്ത്യൻ മിഷണറിമാർക്കും ആരാധനാലയങ്ങൾക്കും നേരെ ഉത്തരേന്ത്യയിൽ മതവിദ്വേഷം മൂലമുള്ള ആക്രമണങ്ങൾ നടന്നിട്ടുണ്ട്. 1999-ൽ ഒഡീഷയിൽ ഓസ്ട്രേലിയൻ മിഷണറിയായിരുന്ന ഗ്രഹാം സ്റ്റുവർട്ട് സ്റ്റെയിൻസിനെയും അദ്ദേഹത്തിന്റെ രണ്ട് മക്കളെയും ജീവനോടെ ചുട്ടെരിച്ച സംഭവം ഇന്ത്യൻ ചരിത്രത്തിലെ കറുത്ത അധ്യായമാണ്. 2008-ൽ ഒഡീഷയിലെ കാണ്ഡമാലിൽ നടന്ന ക്രിസ്ത്യൻ വിരുദ്ധ കലാപങ്ങൾ, നൂറുകണക്കിന് പള്ളികളും ക്രിസ്ത്യൻ ഭവനങ്ങളും തകർക്കപ്പെടാനും നിരവധിയാളുകൾക്ക് ജീവൻ നഷ്ടപ്പെടാനും ഇടയാക്കി. സമീപകാലത്തും ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഛത്തീസ്ഗഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ക്രിസ്ത്യൻ പ്രാർത്ഥനാ യോഗങ്ങൾക്ക് നേരെയും പള്ളികൾക്ക് നേരെയും മതപരിവർത്തനാരോപണം ഉന്നയിച്ച് അക്രമങ്ങൾ നടന്നിട്ടുണ്ട്.

നിയമം കൈയിലെടുക്കുന്ന ബജ്റംഗ്ദൾ പോലുള്ള സംഘടനകളെ നിലയ്ക്കുനിർത്താൻ ഭരണകൂടം കർശന നടപടികൾ സ്വീകരിക്കണം. ഇത്തരം സംഭവങ്ങളിൽ എത്രയും വേഗം നീതി ലഭ്യമാക്കുകയും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുകയും വേണം. കൂടാതെ, ആൾക്കൂട്ട അക്രമങ്ങൾക്കെതിരെ ശക്തമായ നിയമനിർമാണവും സാമൂഹിക ബോധവൽക്കരണവും അനിവാര്യമാണ്. പോലീസ് സംവിധാനങ്ങൾ കൂടുതൽ സുതാര്യവും പക്ഷപാതപരമല്ലാത്തതുമാകേണ്ടതുണ്ട്. ഛത്തിസ്ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് നീതി ലഭിക്കുന്നതിലൂടെ മാത്രമേ ഇന്ത്യയിൽ നിയമവാഴ്ചയും സമാധാനവും നിലനിൽക്കുന്നു എന്ന് ഉറപ്പുവരുത്താൻ സാധിക്കൂ.

മതനിരപേക്ഷതയും സമത്വവും സാമൂഹിക നീതിയും ഉറപ്പുനൽകുന്നതാണു നമ്മുടെ ഭരണഘടന. ന്യൂനപക്ഷ സംരക്ഷണത്തിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുക വഴി ആ വിഭാഗങ്ങൾക്കു പ്രത്യേക പരിഗണനയല്ല. തുല്യമായ പരിഗണന ഉറപ്പാക്കുകയും അരക്ഷിതരെന്ന ഭീതിക്കുള്ള സാധ്യത ഒഴിവാക്കുകയുമാണു ഭരണഘടനാശിൽപികൾ ചെയ്തത്. തുല്യപരിഗണനയും തുല്യസുരക്ഷിതത്വബോധവും നമ്മുടെ നീതിസങ്കൽപത്തിന്റെതന്നെ ഭാഗമെന്നാണു വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളത്.

ഇന്ത്യ മതനിരപേക്ഷ രാജ്യമാണെന്ന തിരിച്ചറിവും അതനുസരിച്ചുള്ള ചുമതലാബോധവും ഭരണസംവിധാനത്തിലുള്ളവർക്കും രാഷ്ട്രീയനേതാക്കൾക്കും ഉണ്ടായേതീരൂ. ഏതു സാഹചര്യത്തിലും നമ്മുടെ ബഹുസ്വരതയ്ക്കു വിള്ളലേറ്റുകൂടാ. അതുകൊണ്ടുതന്നെ, അസഹിഷ്ണുതയും അധികാരവും ചേർന്ന് മതന്യൂനപക്ഷങ്ങളെ അപമാനിക്കുന്ന സംഭവങ്ങൾ അങ്ങേയറ്റം ആശങ്കാജനകവും അപലപനീയവുമാണ്: ഒരു കാരണവശാലും ആവർത്തിക്കരുതാത്തതും.

# ഇന്ത്യയിൽ അവകാശികളില്ലാത്ത ബാങ്ക് നിക്ഷേപത്തുക 67,000 കോടി

കൊല്ലം: ഇന്ത്യയിൽ ആരും അവകാശപ്പെടാനില്ലാത്ത ബാങ്ക് നിക്ഷേപങ്ങൾ സർക്കാർ ഫണ്ടിലേക്കു മാറ്റിയത് 67,000 കോടി രൂപ. ഇതു സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തിറക്കിയ ഏറ്റവും പുതിയ പട്ടികയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയാണു മുന്നിൽ.

2025 ജൂൺ 30 വരെ ഇന്ത്യൻ ബാങ്കുകൾ 67,000 കോടിയിലധികം രൂപയുടെ അവകാശപ്പെടാത്ത നിക്ഷേപങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡിപ്പോസിറ്റർ എഡ്യുക്കേഷൻ ആൻഡ് അവയർനസ് (ഡിഇഎ) ഫണ്ടിലേക്ക് മാറ്റി.

ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളിൽമാത്രം ഇത്തരത്തിലുള്ള നിക്ഷേപം 58,330.26 കോടി രൂപയാണ്. മുന്നിൽ നിൽക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 19,329.92 കോടിയുടെ നിക്ഷേപമുണ്ട്. പഞ്ചാബ് നാഷണൽ ബാങ്ക് 6910.67 കോടി, കാനറ ബാങ്ക് 6278.14 കോടി എന്നിവയാണ് തൊട്ടുപിന്നിലുള്ളത്.

സ്വകാര്യ മേഖലയിലെ ബാങ്കുകളും അവകാശികളില്ലാത്ത നിക്ഷേപത്തുകകൾ സർക്കാർ ഫണ്ടിലേക്കു മാറ്റിയിട്ടുണ്ട്. 8673.22 കോടി രൂപയാണ് ഇവർ കൈമാറിയിട്ടുള്ളത്. സ്വകാര്യ മേഖലയിൽ 2063.45 കോടിയുമായി ഐസിഐസിഐ ബാങ്കാണ് മുന്നിൽ. എച്ച്ഡിഎഫ്സി ബാങ്ക്-1609.56 കോടി, ആക്സിസ് ബാങ്ക് 1360.16 കോടി എന്നിങ്ങനെ യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തുണ്ട്.

ആർബിഐ നിയമപ്രകാരം, സേവിംഗ്സ്, കറണ്ട് അക്കൗണ്ടുകളിലെ 10 വർഷത്തെ നിഷ്ക്രിയ ബാലൻസുകളും കാലാവധി പൂർത്തിയാക്കിയതിനു ശേഷം 10 വർഷത്തേക്കു ക്ലെയിം ചെയ്യാത്ത ടേം ഡിപ്പോസിറ്റുകളും ആണ് അവകാശപ്പെടാത്തതായി തരംതിരിച്ച് ഡിഇഎ ഫണ്ടിലേക്കു മാറ്റുന്നത്. എന്നാൽ, ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികൾക്ക് (എൻബിഎഫ്സി) ഇത്തരം കൈമാറ്റങ്ങൾ നടത്തേണ്ടതില്ല. ക്ലെയിം ചെയ്യാത്ത അക്കൗണ്ടുകളുടെ പട്ടിക പ്രസിദ്ധീകരിക്കാനും ഉപയോക്താക്കളെയോ അവരുടെ നിയമപരമായ അവകാശികളെയോ ട്രാക്ക് ചെയ്യാനും പരാതിപരിഹാര സംവിധാനങ്ങൾ ഏർപ്പെടുത്താനും ബാങ്കുകളോട് ആർബിഐ നിർദേശിച്ചിട്ടുണ്ട്.

ഒന്നിലധികം ബാങ്കുകളിൽ ക്ലെയിം ചെയ്യാത്ത തുകകൾ തെരയാൻ ഉപയോക്താക്കളെ അനുവദിക്കുന്ന യുഡിജിഎം പോർട്ടലും ആരംഭിച്ചിട്ടുണ്ട്. 2025 ജൂലൈ ഒന്നുവരെ 8,59,683 പേർ പോർട്ടലിൽ പ്രവേശിക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

# ശബരിമല വിമാനത്താവളം: പരിസ്ഥിതി ആഘാതം വിലയിരുത്തൽ അന്തിമഘട്ടത്തിലേക്ക്

കോട്ടയം: ശബരിമല വിമാനത്താവളത്തിന്റെ പരിസ്ഥിതിയാഘാത വിലയിലുത്തലിന്റെ ഡ്രാഫ്റ്റ് അന്തിമരൂപത്തിലേക്ക്. നേരത്തേ സമർപ്പിച്ച പരിസ്ഥിതിയാഘാതപഠനത്തിന്റെ തുടർച്ചയായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ടേംസ് ഓഫ് റഫറൻസ് നിർദേശിച്ചിരുന്നു. ഇതുംകൂടി ചേർത്താണ് ഡ്രാഫ്റ്റ് തയ്യാറാക്കുന്നത്.

വിമാനത്താവളപദ്ധതിയുടെ കൺസൾട്ടന്റായ ലൂയി ബഗറാണ് ഇതും ചെയ്യുന്നത്. ഈ വർഷം ആദ്യം സമർപ്പിച്ച സാമൂഹികാഘാതപഠനത്തിലെ വിവരങ്ങളും ഡ്രാഫ്റ്റിൽ ചേർക്കും.

2024-ൽ പരിസ്ഥിതിയാഘാതപഠനറിപ്പോർട്ട് സമർപ്പിച്ചശേഷം ഡ്രാഫ്റ്റ് തയ്യാറാക്കി പബ്ലിക് ഹിയറിങ്ങിന് തീയതിയും നിശ്ചയിച്ചിരുന്നു.

എന്നാൽ, പാർലമെന്റ് തെരഞ്ഞെടുപ്പുകാരണം ഹിയറിങ് റദ്ദാക്കി. ഇതോടെ ഡ്രാഫ്റ്റും റദ്ദായി. പദ്ധതിനടപടികൾ സജീവമായതോടെ വീണ്ടും ഡ്രാഫ്റ്റ് തയ്യാറാക്കാൻ നിർദേശിക്കുകയായിരുന്നു.

വിമാനത്താവളത്തിന്റെ വിശദപദ്ധതിരേഖ തയ്യാറാക്കി കേന്ദ്ര വ്യോമയാനമന്ത്രാലയത്തിന് നൽകിയിരുന്നു. പ്രദേശത്തിന്റെ സർവേ ഇപ്പോഴും തുടരുകയാണ്. ഭൂമിയുടെ ഉടമസ്ഥാവകാശം, അളവുകൾ, കെട്ടിടങ്ങളുടെ വിവരം, മരങ്ങൾ, വിളകൾ എന്നിവയുടെ വിശദാംശങ്ങൾ ഇവയെല്ലാം ചേർത്തുള്ളതാണ് സർവേ. ഇത് പൂർത്തിയായാൽ ഭൂമിയേറ്റെടുക്കൽ നിയമം സെക്ഷൻ 17 പ്രകാരം പുനരധിവാസം പ്രഖ്യാപിക്കും.

ഇതിനുശേഷം സെക്ഷൻ 19(1) പ്രകാരമുള്ള പാക്കേജ് വരും. റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് പാക്കേജാണിത്. വ്യക്തികൾക്ക് പണം നൽകും. 352 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടത്.

എസ്റ്റേറ്റ് ലയങ്ങളിൽ താമസിക്കുന്ന 238 കുടുംബങ്ങളും പുറത്തുള്ള 114 കുടുംബങ്ങളും ഇതിൽപ്പെടും.

# ധർമസ്ഥല: കുഴിച്ചുള്ള പരിശോധനയിൽ അസ്ഥികൂടത്തിന്റെ ഭാഗങ്ങൾ കിട്ടി

കർണാടക: ക്ഷേത്രം മുൻ ശുചീകരണത്തൊഴിലാളി മൃതദേഹങ്ങൾ കുഴിച്ചിട്ടെന്നു ചൂണ്ടിക്കാണിച്ച സ്ഥലങ്ങളിലെ പരിശോധനയുടെ മൂന്നാം ദിവസം തലയോട്ടിയടക്കം മനുഷ്യ അസ്ഥികൂടത്തിന്റെ 15 ഭാഗങ്ങൾ കണ്ടെത്തി. ഇവ പുരുഷന്റേതാണെന്നാണ് ഫൊറൻസിക് വിദഗ്ദരുടെ പ്രാഥമിക വിലയിരുത്തൽ. ശരീരാവശിഷ്ടങ്ങൾ ഒരാളുടെ തന്നെയാണോ, പുരുഷന്റേയോ സ്ത്രീയുടെയോ എന്നൊക്കെ വിശദപരിശോധനയ്ക്കു ശേഷമേ പറയാനാകൂവെന്ന് എസ്ഐടി തലവൻ പ്രണവ് മൊഹന്തി മാധ്യമങ്ങളോട് പറഞ്ഞു.

മംഗളൂരു-ധർമസ്ഥല പാതയിൽ നേത്രാവതി പാലത്തിൽ നിന്ന് 50 മീറ്റർ മാത്രം മാറിയുള്ള സ്ഥലത്തുനിന്നാണ് 31-ാം തീയതി ഉച്ചയോടെ ശരീരാവശിഷ്ടങ്ങൾ കിട്ടിയത്. തൊഴിലാളി ചൂണ്ടിക്കാണിച്ചതിൽ ആറാമത്തെ സ്ഥലമാണിത്. ആദ്യം രണ്ടു ദിവസത്തെ തിരച്ചിലിലും ഒന്നും കണ്ടെത്തിയിരുന്നില്ല. അവശിഷ്ടങ്ങൾ വിദഗ്ധ പരിശോധനയ്ക്ക് അയയ്ക്കാനായി മാറ്റി. കുഴിയിലെ മണ്ണും ശേഖരിച്ചിട്ടുണ്ട്.


പെൺകുട്ടികളുടെയും സ്ത്രീകളുടെയും മൃതദേഹങ്ങൾ കുഴിച്ചിട്ടിട്ടുണ്ടെന്ന വെളിപ്പെടുത്തലാണ് ശുചീകരണത്തൊഴിലാളി നടത്തിയതെങ്കിലും പുരുഷന്മാരുടെ മൃതദേഹവും കുഴിച്ചിട്ടതായി പ്രത്യേക അന്വേഷണ സംഘത്തിനു മൊഴി നൽകിയിരുന്നു. തൊഴിലാളി ചൂണ്ടിക്കാട്ടിയ 13 സ്ഥലങ്ങളിൽ ഏഴു മുതലുള്ള സ്ഥലങ്ങളിൽ കുഴിയെടുക്കുന്നത് പുനരാരംഭിച്ചു.



ധർമസ്ഥലയിൽനിന്നു ലഭിച്ച അസ്ഥികൂടത്തിന്റെ ഭാഗങ്ങൾ

2005-ൽ പഞ്ചായത്ത് ശ്മശാനം നിലവിൽ വരുന്നതുവരെ പുഴയുടെ തീരത്തുള്ള പ്രദേശങ്ങളിലാണ് അജ്ഞാത മൃതദേഹങ്ങൾ മറവു ചെയ്തിരുന്നതെന്നും ഇപ്പോൾ ശരീരാവശിഷ്ടങ്ങൾ കിട്ടുന്നതിൽ അസ്വാഭാവികത ഇല്ലെന്നും ധർമസ്ഥ മുൻ പഞ്ചായത്ത് പ്രസിഡന്റും കർണാടക പിസിസി അംഗവുമായ കേശവ ഗൗഡ പറഞ്ഞു. ഇതിനിടെ ഒന്നാം ദിവസത്തെ കുഴിയെടുപ്പിൽ നേത്രാവതി സ്നാനഘട്ടത്തിനു സമീപത്തുനിന്നു കിട്ടിയ പാൻകാർഡ് രോഗബാധിതനായി 2025-ൽ മരിച്ചയാളുടേതാണെന്നു കണ്ടെത്തി.


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

# മലേഗാവ് സ്ഫോടനക്കേസ്: ഏഴു പ്രതികളെയും വെറുതേ വിട്ടു

മുംബൈ: പതിനേഴു വർഷം മുമ്പ് വടക്കൻ മഹാരാഷ്ട്രയിലെ മലേഗാവ് പട്ടണത്തിൽ ആറുപേരുടെ ജീവനെടുത്ത സ്ഫോടനത്തിലെ ഏഴു പ്രതികളെയും പ്രത്യേക കോടതി വെറുതേ വിട്ടു. മുൻ ബിജെപി എംപി പ്രജ്ഞാ സിംഗ് ഠാക്കൂർ, ലഫ്. കേണൽ പ്രസാദ് പുരോഹിത് എന്നിവർ ഉൾപ്പെടെയുള്ളവരെയാണ് വിശ്വാസയോഗ്യവും ശക്തവുമായ തെളിവുകളുടെ അഭാവത്തിൽ വെറുതേ വിട്ടത്.

ഭീകരതയ്ക്കു മതമില്ലെന്നു ചൂണ്ടിക്കാട്ടിയ കോടതി, കേവലം ധാരണകളുടെ അടിസ്ഥാനത്തിൽ ആരെയും കുറ്റക്കാരനാണെന്നു വിധിക്കാൻ കഴിയില്ലെന്നു നിരീക്ഷിച്ചു. സ്പെഷൽ കോടതി ജഡ്ജി എ.കെ. ലഹോട്ടിയാണു വിധി പ്രസ്താവിച്ചത്. കേസന്വേഷണത്തിൽ എൻഐഎക്കു പാളിച്ചയുണ്ടായെന്നു ജസ്റ്റിസ് ലഹോട്ടി പറഞ്ഞു.

കോടതിവിധിയെ പ്രജ്ഞാസിംഗ് ഠാക്കൂറും പ്രസാദ് പുരോഹിതും പ്രകീർത്തിച്ചു. കാവിയുടെ വിജയമാണിതെന്ന് പ്രജ്ഞാ സിംഗ് പറഞ്ഞു. ഹിന്ദു ഭീകരത എന്ന സിദ്ധാന്തം കോൺഗ്രസ് നിർമിച്ചതാണെന്നു ബിജെപി ആരോപിച്ചു. മേജർ രമേഷ് ഉപാധ്യായ, അജയ് രഹിർക്കർ, സുധാകർ ദ്വിവേദി, സുധാകർ ചതുർവേദി, സമീർ കുൽക്കർണി എന്നിവരാണു കുറ്റവിമുക്തരായ മറ്റു പ്രതികൾ. ജാമ്യത്തിലായിരുന്ന പ്രതികളെല്ലാം കോടതിയിലെത്തിയിരുന്നു.

മുംബൈയിൽനിന്ന് 200 കിലോമീറ്റർ അകലെയുള്ള മുസ്‌ലിം ഭൂരിപക്ഷ പട്ടണമായ മാലേഗാവിലെ ഒരു മോസ്കിനു സമീപം 2008 സെപ്റ്റംബർ 29-നാണ് സ്ഫോടനമുണ്ടായത്. മോട്ടോർസൈക്കിളിൽ ഘടിപ്പിച്ച സ്ഫോടകവസ്തു പൊട്ടിത്തെറിക്കുകയായിരുന്നു. ആറു പേർ കൊല്ലപ്പെട്ടു. 101 പേർക്ക് പരുക്കേറ്റു. റംസാൻമാസത്തിലായിരുന്നു സ്ഫോടനം. കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് രണ്ടു ലക്ഷം രൂപ വീതവും പരുക്കേറ്റവർക്ക് 50,000 രൂപ വീതം നഷ്ടപരിഹാരം നല്കാൻ കോടതി ഉത്തരവിട്ടു. കൊല്ലപ്പെട്ടവർക്കു നീതി ലഭിച്ചില്ലെന്നു നിയമപോരാട്ടം നടത്തിയ ഫിറോസ് അഹമ്മദ് അസ്മി പറഞ്ഞു.



പ്രജ്ഞാ സിംഗ് ഠാക്കൂർ

എടിഎസ് ആണ് ആദ്യം കേസ് അന്വേഷണം നടത്തിയത്. പ്രജ്ഞാ സിംഗ് ഠാക്കൂർ, ലഫ്. കേണൽ പ്രസാദ് പുരോഹിത് എന്നിവരെ പോലീസ് അറസ്റ്റ്ചെയ്തു. എന്നാൽ, പ്രതികളെല്ലാം പിന്നീട് ജാമ്യത്തിലിറങ്ങി. 2011-ൽ എൻഐഎ കേസ് ഏറ്റെടുത്തു. തുടക്കത്തിൽ പ്രജ്ഞാസിംഗിന് എൻഐഎ ക്ലീൻ ചിറ്റ് നല്കിയിരുന്നു.

എന്നാൽ, പ്രജ്ഞാ സിംഗിനെതിരെ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്നും വിചാരണ നേരിടണമെന്നും കോടതി നിർദേശിക്കുകയായിരുന്നു. 323 സാക്ഷികളെയാണ് പ്രോസിക്യൂഷൻ വിസ്തരിച്ചത്. ഇവരിൽ 37 പേർ കൂറുമാറി.

സ്ഫോടനം നടത്താനായി ഉപയോഗിച്ച മോട്ടോർസൈക്കിൾ പ്രജ്ഞാസിംഗിന്റെ പേരിലുള്ളതാണെന്നായിരുന്നു കണ്ടെത്തൽ. ഇതു തെളിയിക്കാൻ പ്രോസിക്യൂഷനു കഴിഞ്ഞില്ലെന്നു കോടതി ചൂണ്ടിക്കാട്ടി. അഭിനവ് ഭാരത് എന്ന തീവ്രഹിന്ദുത്വ സംഘടനയ്ക്ക് സഹായങ്ങൾ നല്കിയെന്നാരോപിച്ചാണ് ലഫ്. കേണൽ പുരോഹിതിനെ പോലീസ് അറസ്റ്റുചെയ്തത്.

# ബിഹാറിൽ വോട്ടർമാരെ കൂട്ടത്തോടെ ഒഴിവാക്കിയാൽ ഇടപെടും: സുപ്രീംകോടതി

ന്യൂഡൽഹി: ബിഹാറിൽ സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിനിടെ (എസ്ഐആർ) കൂട്ടത്തോടെ വോട്ടർമാരെ ഒഴിവാക്കുന്ന സാഹചര്യമുണ്ടായാൽ ഇടപെടുമെന്ന് സുപ്രീംകോടതി.

65 ലക്ഷത്തോളം പേർക്കു വോട്ടവകാശം നഷ്ടപ്പെടുമെന്ന് വാദമുണ്ടായപ്പോഴാണ് ജഡ്ജിമാരായ സൂര്യകാന്ത്, ജോയ്മല്യ ബാഗ്ചി എന്നിവരുടെ ബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്. എസ്ഐആർ ചോദ്യംചെയ്തുള്ള ഹർജികൾ വിശദവാദത്തിനായി ഓഗസ്റ്റ് 12, 13 തീയതികളിലേക്ക് മാറ്റി.

നേരത്തേ പട്ടികയിലുണ്ടായിരുന്ന 65 ലക്ഷംപേർ വോട്ടർപട്ടികയിൽ പേരു നിലനിർത്താൻ നൽകേണ്ട എന്യൂമറേഷൻ അപേക്ഷ നൽകിയിട്ടില്ലെന്നും അവർ മരിച്ചവരോ സ്ഥിരമായി സ്ഥലംമാറിപ്പോയവരോ ആകാമെന്നാണ് കമ്മീഷന്റെ നിലപാടെന്നും ഹർജിക്കാർ വാദിച്ചു. കരടു വോട്ടർപട്ടിക ഓഗസ്റ്റ് ഒന്നിനു പ്രസിദ്ധീകരിച്ചു. പട്ടികയിൽ ഉൾപ്പെടാൻ ഇവർ വീണ്ടും അപേക്ഷ നൽകേണ്ടിവരും. നിയമപ്രകാരമുള്ള കാര്യങ്ങൾ ചെയ്യാൻ ഭരണഘടനാ സ്ഥാപനമെന്ന നിലയിൽ തെരഞ്ഞെടുപ്പു കമ്മീഷന് അധികാരമുണ്ടെന്നായിരുന്നു ജസ്റ്റിസ് സൂര്യകാന്തിന്റെ പ്രതികരണം. ഹർജിക്കാരുടെ ആശങ്കകൾ പരിഗണിക്കുമെന്നും വ്യക്തമാക്കി. വിജ്ഞാപനത്തിൽ പറഞ്ഞതിനപ്പുറം നടപടികളിലേക്ക് കമ്മീഷൻ കടക്കുകയും വോട്ടർമാർ കൂട്ടത്തോടെ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്താൽ ഇടപെടുമെന്ന് ജസ്റ്റിസ് ബാഗ്ചി പറഞ്ഞു.

# മിസ് നോർത്തമേരിക്ക മത്സരത്തിൽ റണ്ണറപ്പായി ആദ്യമലയാളി ചിത്ര

ന്യൂഡൽഹി: മിസ് നോർത്ത് അമേരിക്ക മത്സരത്തിൽ റണ്ണറപ്പാകുന്ന ആദ്യ മലയാളിയായി ചരിത്രംകുറിച്ച് കോഴിക്കോട് സ്വദേശിയായ ചിത്ര കെ. മേനോൻ. കാനഡയിലെ മോൺട്രിയലിൽ നടന്ന മിസ് നോർത്ത് അമേരിക്ക 2025 മത്സരത്തിലാണ് ടൊറന്റോയിലെ പത്രപ്രവർത്തകയും കമ്യൂണിറ്റി അഭിഭാഷകയുമായ ചിത്ര കെ. മേനോൻ റണ്ണറപ്പായി ചരിത്രത്തിലിടം നേടിയത്.



മിസ് നോർത്തമേരിക്ക മത്സരത്തിൽ റണ്ണർ അപ്പായി തെരഞ്ഞെടുക്കപ്പെട്ട ചിത്ര കെ. മേനോൻ (വലത്ത്)

മിസിസ് കാനഡ ഇൻ കോർപ്പറേറ്റഡ് ആതിഥേയത്വം വഹിച്ച മത്സരത്തിൽ 37 ശ്രദ്ധേയരായ സ്ത്രീകൾ മത്സരിച്ചു. ജമൈക്കൻ-കനേഡിയൻ വംശജയായ ടീഷ ലീ മിസ് നോർത്ത് അമേരിക്ക 2025 കിരീടവും അഫ്ഗാൻ-കനേഡിയൻ വംശജയായ സുരയ്യ തബേഷ് രണ്ടാം റണ്ണർ അപ്പുമായി തെരഞ്ഞെടുക്കപ്പെട്ടു.

കോഴിക്കോട്ടു നിന്ന് എട്ടുവർഷം മുമ്പ് കാനഡയിലേക്ക് കുടിയേറിയ ചിത്ര, സ്പോൺസർമാരില്ലാതെയാണ് മത്സരത്തിലേക്കു വന്നത്.

മിസിസ് കാനഡ ഇൻ കോർപ്പറേറ്റഡിന്റെ മിസിസ് കാനഡ 2024 മത്സരത്തിൽ രണ്ടാം റണ്ണറപ്പ് സ്ഥാനവും ചിത്ര നേടിയിരുന്നു.

# ബിഹാർമോഡൽ വോട്ടർപട്ടിക പരിഷ്കരണം എല്ലാ സംസ്ഥാനങ്ങളിലും

ന്യൂഡൽഹി: ബിഹാറിനു പിന്നാലെ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണം(എസ്ഐആർ) രാജ്യവ്യാപകമായി നടപ്പാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറെടുക്കുന്നു. ഇതിനു മുന്നോടിയായ രാജ്യത്തെ എല്ലാ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധി സംഘങ്ങളുമായി കമ്മീഷൻ നടത്തുന്ന കൂടിക്കാഴ്ച തുടരുകയാണ്. വിവിധ സംസ്ഥാനങ്ങളിൽ ബൂത്ത് തല ഓഫീസർക്കുള്ള പരിശീലന പരിപാടികളും തുടങ്ങി. സുപ്രീംകോടതിയിൽ കേസിൽ വാദം തുടരുന്നതിനിടെ തീരുമാനവുമായി മുന്നോട്ടു പോകാനാണ് കമ്മീഷന്റെ നീക്കം.

എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും തെരഞ്ഞെടുപ്പ് ഓഫീസർമാർ അവരുടെ വെബ്സൈറ്റുകളിൽ അവസാനം എസ്ഐആർ നടത്തി തയ്യാറാക്കിയ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു, ഈ പട്ടികയിൽ ഉൾപ്പെട്ടവരെ പുതിയ പട്ടികയിൽ നിലനിർത്തും.

ഓരോ വീടുകളിലുമെത്തി എന്യൂമറേഷൻ ഫോമുകൾ പൂരിപ്പിക്കാനാണ് ബിഎൽഒമാർക്ക് നല്കുന്ന നിർദേശം. ബൂത്ത് ലവൽ ഏജന്റുമാരെ നിയോഗിച്ച് ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ എല്ലാ അംഗീകൃത രാഷ്ട്രീയ പാർട്ടികളോടും കമ്മീഷൻ നിർദേശിച്ചിട്ടുണ്ട്. വോട്ടവകാശത്തിന് അർഹതയുള്ള ഒരാൾ പോലും വോട്ടർ പട്ടികയിൽ നിന്ന് പുറത്താകുന്നില്ല എന്ന് ഉറപ്പുവരുത്തുകയാണ് എസഐആറിന്റെ ലക്ഷ്യമെന്ന് കമ്മീഷൻ വ്യക്തമാക്കുന്നു. ഇന്ത്യൻ പൗരനല്ലാത്തവർ ഒരാൾ പോലും പട്ടികയിൽ ഉണ്ടാകില്ലെന്ന് ഉറപ്പാക്കുമെന്നും കമ്മീഷൻ പറയുന്നു.






# ഹ്യൂസ്റ്റണിൽ അന്തരിച്ച കെസിസിഎൻഎ പ്രഥമ പ്രസിഡന്റ് അബ്രഹാം നിരവത്തിന്റെ സംസ്കാരചടങ്ങുകൾ ആഗസ്റ്റ് 11, 12 തീയതികളിൽ


Houston: With immeasurable love and gratitude, we celebrate the extraordinary life of Abraham Niravath, who died peacefully on August 1, 2025, at the age of 76. Born on June 1, 1949, in the humble village of Monippally, Kerala, Abraham was the beloved son of the late Mathan and Maryam Niravath. From the beginning, he stood out for his brilliance and determination. He routinely topped all of his classes through grade school, and at TKM College of Engineering in Kollam, where he earned his bachelor's degree in mechanical engineering.

He then bravely forged his own path as one of the first in his village to pursue advanced education abroad. Together with his lifelong friend and confidant, Francis Uralil, he earned his master's degree from Marquette University in Milwaukee, Wisconsin – a bold leap that would profoundly affect the rest of his life, as well as the lives of so many after him.

Soon after, he married his beloved wife, Molly (Chathampadathil); they were among the earliest Knanaya immigrants to Los Angeles, California. Abraham's natural leadership and magnetic spirit led him to become the co-founder and first president of the Knanaya Catholic Congress of North America (KCCNA). He remained a pillar of the community throughout his life – a visionary, mentor, and tireless advocate for others. His generosity of spirit, wisdom, and quiet strength touched countless lives, not only through his leadership but through the many individuals he personally guided, supported, and loved.

In his professional life, he built a long and successful career as a metallurgical engineer at Rocketdyne, where he worked for more than 25 years. He later moved to Houston and worked for NASA as a consultant. His colleagues all knew and respected him for his truly formidable expertise, but it was his warmth, humility, and heartfelt "belly laugh" that could light up a room and endear him to so many.

However, those fortunate few who were blessed to call him family will forever carry him in their hearts for his infinite love and generosity. He gave endlessly of himself, never once expecting anything in return. He cared for his siblings, children, nephews, and nieces with tireless concern and affection; his pioneering and visionary force in the family has left an indelible mark on the Niravath Family and led to the immense success and happiness of so many. He lifted generations through his boundless love and quiet sacrifices.



Although Abraham's physical presence will no longer grace our lives, his love will continue to inspire, uplift, and benefit all those whom he touched. May his memory be a blessing, and may we carry forth his legacy of love and compassion in all that we do.

Family: He survives by the true love of his life, Molly Niravath; his daughters, Marilyn and Polly Niravath; son-in-law Tarun Chandrasekar; his cherished grandchildren Sandhya and Priya Chandrasekhar. He is also forever loved by his siblings: late Lukose and Annamma Niravath, Late Mathai and Aleykutty Niravath, Late Fr. Stephen Niravath, Sr. Stephen Mary (Holy Family Convent), Late Sr. Lucy Mathews (Visitation Convent), Sicily and Cherian Kattiparambil (Bangalore).

Wake and Funeral: Wake will be held on August 11th 6:00 PM to 9:00 PM at the Houston Knanaya Catholic Society Community Centre and the Funeral service will be on August 12th, 9:00 AM to 11 AM at St. Mary's Knanaya Catholic Forane Church.

This is a great loss for the KCCNA and Knanaya community, stated by KCCNA President James Illikal. Former KCCNA Presidents Jose Kaniyaly, Baby Uralil, Cyriac Vettuparapurath, Johny Puthenparambil, Joy Vachachira, Jose Kottoor, George Nellamattathil, Dr. Shiens Akasala, Tomy Myalkarapurathu, Sonny Poozhikala, Baby Manakkunnel, Alex (Ani) Madathilthazhe, Cyriac Koovakkattil, and Shaji Edat convey their deepest condolences and prayers to the family.

# ഫോമാ സൺഷൈൻ റീജിയൻ ക്രിക്കറ്റ് മത്സരം ആവേശഭരിതമായി

രാജു മൈലപ്ര

ഫ്ളോറിഡ: ഫോമാ സൺഷൈൻ റീജിയന്റെ ആഭിമുഖ്യത്തിൽ ജൂലൈ 26-ന് ശനിയാഴ്ച വെസ്‌ലി ചാപ്പലിൽ വെച്ച് നടത്തപ്പെട്ട ക്രിക്കറ്റ് മത്സരം ടീമുകളുടെ പങ്കാളിത്തം കൊണ്ടും കാണികളുടെ ആവേശഭരിതമായ സാന്നിദ്ധ്യം കൊണ്ടും വൻ വിജയമായി.





ഫ്ളോറിഡായുടെ വിവിധ ഭാഗങ്ങളിൽ നിന്നും മത്സരത്തിനെത്തിയ ഏഴു ടീമുകൾ മാറ്റുരച്ച ഈ മത്സരത്തിൽ ടാമ്പാ ടസ്ക്കേഴ്സ് പ്രഥമസ്ഥാനം കരസ്ഥമാക്കിയപ്പോൾ മയാമി ടസ്ക്കേഴ്സ് റണ്ണർ അപ്പ് സ്ഥാനത്തെത്തി.

ചീഫ് ഗസ്റ്റായി എത്തിയ ഫാ. ജോർജ് വർക്കി വിജയികൾക്കുള്ള ട്രോഫിയും കാഷ് അവാർഡും സമ്മാനിച്ചു. റിച്ചാർഡ് ജോസഫ് ബെസ്റ്റ് ബാറ്റ്സ്മാനായും ടിജോ ആന്റണി ബെസ്റ്റ് ബൗളറായും തെരഞ്ഞെടുക്കപ്പെട്ടു. പങ്കെടുത്ത ടീമുകൾ: ജാക്സൺ വില്ല-ജാക്സ് ടസ്ക്കേഴ്സ്, ഒർലാൻഡോ ടസ്ക്കേഴ്സ്, മയാമി ടസ്ക്കേഴ്സ്, മയാമി കേരള സമാജം, ടാമ്പ ടസ്ക്കേഴ്സ്, ടാമ്പാ എസ്ഡബ്ല്യുഎടി, ടാമ്പ സെ. ജോസഫ്സ് വാര്യേഴ്സ്.

സൺഷൈൻ റീജിയണൽ വൈസ് പ്രസിഡണ്ട് ജോമോൻ ആന്റണി മത്സരം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി നെവിൻ ജോസ് ഒർലാൻഡോ ടസ്ക്കേഴ്സിനെയും മയാമി ടസ്ക്കേഴ്സിനെയും ഓപ്പണിംഗ് ടോസിനു ക്ഷണിച്ചുകൊണ്ട് മത്സരങ്ങൾക്ക് തുടക്കം കുറിച്ചു.

സൺഷൈൻ റീജിയണിലെ എല്ലാ അസോസിയേഷനുകളിലെയും ഭാരവാഹികളും പ്രതിനിധികളും മത്സരങ്ങൾക്ക് പിന്തുണ അറിയിച്ച് സ്റ്റേഡിയത്തിൽ എത്തിയിരുന്നു. ആർവിപി ജോമോൻ ആന്റണിയുടെ നേതൃത്വത്തിലുള്ള സ്പോർട്സ് കമ്മിറ്റി കുറ്റമറ്റ രീതിയിലാണ് ഈ ക്രിക്കറ്റ് മത്സരം ആസൂത്രണം ചെയ്തത്.

സ്പോർട്സ് കമ്മിറ്റി ചെയർമാൻ സിജോ പരടയിൽ, വൈസ് ചെയർ ഗിരീഷ് ഗോപാലകൃഷ്ണൻ, കമ്മിറ്റി മെംബേഴ്സ് ലക്ഷ്മി രാജേശ്വരി, എഡ്‌വേർഡ് വറുഗീസ്, ജോളി പീറ്റർ, ജീതിഷ് പള്ളിക്കര എന്നിവരുടെ ആത്മാർത്ഥമായ പ്രവർത്തനം കൊണ്ടാണ് ടൂർണമെന്റ് ഒരു വൻ വിജയമായതെന്ന് സൺഷൈൻ റീജിയൻ ഭാരവാഹികൾ പ്രസ്താവിച്ചു.

ഫോമാ നാഷണൽ കമ്മിറ്റി മെംബേഴ്സ് സുനിതാ മേനോൻ, ടിറ്റോ ജോൺ, സാജൻ മാത്യു എന്നിവരുടെ ആത്മാർത്ഥമായ പ്രവർത്തനം ഈ ക്രിക്കറ്റ് മത്സരത്തെ ഒരു ചരിത്രസംഭവമാക്കി.

ടൂർണമെന്റിനെ സാമ്പത്തികമായി സഹായിച്ച സ്പോൺസേഴ്സ്, പങ്കെടുത്ത ടീമുകൾ, ഫ്ളോറിഡായുടെ വിവിധ ഭാഗങ്ങളിൽ നിന്നുമെത്തിയ ക്രിക്കറ്റ് പ്രേമികൾ തുടങ്ങിയവർക്കെല്ലാം ജോമോൻ ആന്റണി നന്ദി അറിയിച്ചു.

സൺഷൈൻ റീജിയൻ വൈസ്പ്രസിഡണ്ട് ജോമോൻ ആന്റണിയുടെ പ്രവർത്തന മികവിനുള്ള മറ്റൊരു അംഗീകാരം കൂടിയായി ഈ ക്രിക്കറ്റ്മത്സരം.

# സാഹിത്യവേദി ഓഗസ്റ്റ് 8–ന്; ഷാജൻ ആനിത്തോട്ടം പങ്കെടുക്കും



ചിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ഓഗസ്റ്റ് 8-ന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 6.30-ന് സാഹിത്യവേദി അംഗം ലീലാ പുല്ലാപ്പള്ളിയുടെ ഭവനത്തിൽ വെച്ച് കൂടുന്നതാണ്. (വിലാസം: 43 Fox Trail, Lincolnshire, IL 60069, Phone: 847-372-0580).

നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വൈകിട്ട് 7.30 മുതൽ സൂം വെബ് കോൺഫറൻസ് വഴിയായി സമ്മേളനത്തിൽ പങ്കെടുക്കാം. (Zoom Meeting Link: https//us02web.zoom.us/j/81475259178. Pass code: 2990 Meeting ID: 814 7525 9178).

ഈ സമ്മേളനത്തിൽ സാഹിത്യവേദി അംഗം മുൻ ലാനാ പ്രസിഡണ്ട് ഷാജൻ ആനിത്തോട്ടം തന്റെ അഞ്ച് പുസ്തകങ്ങളെപ്പറ്റി സംസാരിക്കുന്നതാണ്. ഹിച്ച് ഹൈക്കർ, പൊലിക്കറ്റ, ഒറ്റപ്പയറ്റ്, പകർന്നാട്ടം, ഹിമ എന്നിവയാണ് അദ്ദേഹത്തിന്റെ ഇതുവരെ പ്രസിദ്ധീകരിച്ച കൃതികൾ.

പ്രഥമ കഥാസമാഹാരമായ ഹിച്ച് ഹൈക്കർ 2014 ജൂലൈ മാസത്തിൽ തിരൂർ തുഞ്ചൻപറമ്പിൽ വെച്ച് യശഃശരീരനായ പ്രശസ്ത എഴുത്തുകാരൻ എം.ടി. വാസുദേവൻ നായർ പ്രമുഖ സാഹിത്യകാരനായ സി. രാധാകൃഷ്ണന് നല്കി പ്രകാശനം ചെയ്തു. പത്ത് ചെറുകഥകളുടെ സമാഹാരമാണ് ഹിച്ച് ഹൈക്കർ. രണ്ടാമത്തെ പൊലിക്കറ്റ അൻപത്തൊന്നു കവിതകളുടെ സമാഹാരമാണ്. 2015 ജൂലൈ മാസത്തിൽ ബേപ്പൂരിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ ഭവനത്തിൽവെച്ച് അദ്ദേഹത്തിന്റെ മകന് നല്കി കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. അബ്ദുൽ സലാം ആണ് പൊലിക്കറ്റയുടെ പ്രകാശനം നിർവഹിച്ചത്. പ്രമുഖ അമേരിക്കൻ പ്രസിദ്ധീകരണങ്ങളിൽ


(ശേഷം 28-ാം പേജിൽ)

# ഉപകരണക്ഷാമം ചൂണ്ടിക്കാട്ടിയ ഡോ. ഹാരിസിനു സർക്കാർ നോട്ടീസ്

തിരുവനന്തപുരം: ശസ്ത്രക്രിയകൾക്ക് ഉപകരണക്ഷാമമുണ്ടെന്നു വെളിപ്പെടുത്തിയ തിരുവനന്തപുരം മെഡിക്കൽ കോളജ് യൂറോളജി വിഭാഗം മേധാവി ഡോ. ഹാരിസ് ചിറയ്ക്കലിന് കാരണം കാണിക്കൽ നോട്ടീസ്. സർക്കാർ സംവിധാനങ്ങൾക്കെതിരെ പരസ്യപ്രതികരണം നടത്തിയതു ചട്ടലംഘനമാണെന്നാരോപിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറാണ് നോട്ടീസ് നൽകിയത്. 10 ദിവസത്തിനകം മറുപടി നൽകണം. വിശദീകരണം തൃപ്തികരമല്ലെങ്കിൽ തുടർനടപടിയെടുക്കും.

വിശദീകരണം നൽകുമെന്നും നടപടിയുണ്ടായാൽ നേരിടുമെന്നും ഡോ. ഹാരിസ് പ്രതികരിച്ചു. എന്നാൽ, ഡോക്ടറുടെ വെളിപ്പെടുത്തലിനു പൊതുസമൂഹത്തിൽ വൻപിന്തുണ ലഭിച്ച സാഹചര്യത്തിൽ കടുത്തനടപടിക്കു സർക്കാർ മുതിർന്നേക്കില്ലെന്നാണു സൂചന. ഉപകരണങ്ങളില്ലാത്തതിനാൽ മെഡിക്കൽ കോളജ് ആശുപത്രിയിൽ ശസ്ത്രക്രിയകൾ മുടങ്ങിയതടക്കം ഹാരിസ് നടത്തിയ വെളിപ്പെടുത്തൽ വൻ വിവാദമായിരുന്നു. തുടർന്ന്, സിസ്റ്റത്തിൽ ചില പോരായ്മകളുണ്ടെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് സമ്മതിച്ചതും ചർച്ചകളിൽ നിറഞ്ഞു. എന്നാൽ, ഹാരിസിന്റെ വെളിപ്പെടുത്തലിനെ വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ രംഗത്തുവന്നതോടെ കളംമാറി.

ഡോ. ഹാരിസ് സർവീസ് ചട്ടങ്ങൾ ലംഘിച്ചെന്നായിരുന്നു സർക്കാർ നിയോഗിച്ച അന്വേഷണസമിതിയുടെ റിപ്പോർട്ട്. അതിന്റെ അടിസ്ഥാനത്തിലാണു കാരണം കാണിക്കൽ നോട്ടീസ്.



ഡോക്ടർ സാമൂഹികമാധ്യമത്തിൽ നടത്തിയ വെളിപ്പെടുത്തലും പരസ്യപ്രസ്താവനയും ചട്ടലംഘനമാണ്. ഡോക്ടർ ഉന്നയിച്ച എല്ലാ പരാതികളിലും വസ്തുതയില്ലെന്ന് സമിതി കണ്ടെത്തിയെന്നും നോട്ടീസിൽ പറയുന്നു. ഉപകരണമുണ്ടായിട്ടും ഡോ. ഹാരിസ് ശസ്ത്രക്രിയ മുടക്കിയെന്ന ഗുരുതര ആരോപണവുമുണ്ട്. എന്നാൽ, ഉപകരണങ്ങൾ എത്തിക്കാൻ കാലതാമസമുണ്ടായെന്ന ആരോപണം സമിതി ശരിവെക്കുന്നു.

വിഷയം സാമൂഹികമാധ്യമത്തിലൂടെ ഉന്നയിച്ചതു ചട്ടലംഘനമാണെന്ന് അംഗീകരിക്കുന്നുവെന്നും എന്നാൽ, മനഃപൂർവം ശസ്ത്രക്രിയ മുടക്കിയെന്ന ആരോപണം നുണയാണെന്നും ഡോ. ഹാരിസ് പ്രതികരിച്ചു. വിദഗ്ധസമിതി റിപ്പോർട്ട് താൻ കണ്ടിട്ടില്ല. വിവരാവകാശനിയമപ്രകാരം ചോദിച്ചവർക്കും റിപ്പോർട്ട് കൊടുത്തിട്ടില്ല.

രേഖകൾ സഹിതം കൃത്യമായ വിശദീകരണം അന്വേഷണ കമ്മീഷനു നൽകിയിരുന്നു. അതെല്ലാം കള്ളമാണെന്നാണ് നോട്ടീസിൽ പറഞ്ഞിരിക്കുന്നത്. ആശുപത്രിയിൽ ഉപകരണങ്ങളില്ലായിരുന്നെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ടാണ് പരാതി പരസ്യമാക്കിയപ്പോൾ ഓടിനടന്ന് അവ സംഘടിപ്പിച്ചു നൽകിയത്. എല്ലാ വഴിയും അടഞ്ഞപ്പോഴാണ് സാമൂഹികമാധ്യമത്തിലൂടെ പ്രതികരിച്ചത്. ഇപ്പോഴും ഉപകരണങ്ങൾ കുറവുണ്ടെന്ന കാര്യം അധികൃതർക്ക് അറിയാമെന്നും ഡോ. ഹാരിസ് പറഞ്ഞു.

# കുഞ്ഞുങ്ങളെ വളർത്താൻ രക്ഷിതാക്കൾക്ക് ചൈന സാമ്പത്തിക സഹായം നൽകുന്നു

ബെയ്ജിങ്: ജനനനിരക്ക് കുറയുന്ന ചൈനയിൽ കുട്ടികളെ വളർത്താൻ രക്ഷിതാക്കൾക്ക് സഹായധനം വാഗ്ദാനംചെയ്ത് ചൈന. കുട്ടിയൊന്നിന് 3600 യുവാൻ (43,500 രൂപ) വീതം നൽകും. കുട്ടിക്ക് മൂന്നുവയസ്സ് തികയുംവരെ ഈ സഹായമുണ്ടാകും. ഈ പ്രായത്തിലെ ഒന്നിലേറെ കുട്ടികളുണ്ടെങ്കിൽ എല്ലാവർക്കുമായി ഒരു വർഷം 10,800 യുവാൻ (1.34 ലക്ഷം രൂപ) വരെ രക്ഷിതാക്കൾക്കു നൽകും. ജൂലൈ 28-ന് തിങ്കളാഴ്ചയാണ് ചൈനീസ് സർക്കാർ ഈ പദ്ധതി പ്രഖ്യാപിച്ചത്.

പദ്ധതി രണ്ടുകോടിയോളം കുടുംബങ്ങളെ സഹായിക്കുമെന്ന് ചൈനീസ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇക്കൊല്ലം ആദ്യം മുതൽ മുൻകാല പ്രാബല്യത്തോടെയാണ് പദ്ധതി നടപ്പാക്കുക. 2022–2024 കാലത്ത് കുഞ്ഞുങ്ങൾ ജനിച്ച കുടുംബങ്ങൾക്കും ഭാഗികമായി സഹായധനം ലഭിക്കും.

പതിറ്റാണ്ടുകളായി തുടർന്നുവന്നിരുന്ന ഒറ്റക്കുട്ടിനയം, ജനനനിരക്ക് കുറയുന്ന പശ്ചാത്തലത്തിൽ ഒരു പതിറ്റാണ്ടുമുൻപ് ചൈന നിർത്തിയിരുന്നു. എന്നിട്ടും കുഞ്ഞുങ്ങൾ കൂടാത്തതിനാലാണ് പുതിയ നടപടികൾ. ഹൊഹോട്ട്, ഷെൻയാങ് തുടങ്ങി പല നഗരങ്ങളും സ്വന്തം നിലയ്ക്ക് സാമ്പത്തികസഹായപദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. കുഞ്ഞുങ്ങളെ വളർത്താൻ ഏറ്റവും ചെലവുള്ള രാജ്യങ്ങളിലൊന്നാണ് ചൈന. 17 വയസ്സുവരെ ഒരു കുട്ടിയെ വളർത്താൻ ശരാശരി ചെലവ് 75,700 ഡോളറാണെന്നാണ് (65.75 ലക്ഷം രൂപ) ചൈന ആസ്ഥാനമായുള്ള യുവ പോപ്പുലേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിൽ കണ്ടെത്തിയത്. 2024-ൽ 9.54 കോടി കുഞ്ഞുങ്ങളാണ് ചൈനയിൽ ജനിച്ചത്. ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുന്ന ചൈനയിൽ, പ്രായാധിക്യമുള്ളവരുടെ എണ്ണം കൂടുകയാണ്.

# അനിൽ അംബാനിക്ക് ഇഡി സമൻസ്

ന്യൂഡൽഹി: മൂവായിരം കോടി രൂപയുടെ ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട കേസിൽ റിലയൻസ് ഗ്രൂപ്പ് ചെയർമാൻ അനിൽ അംബാനിക്ക് ഇഡി സമൻസ്. ചോദ്യം ചെയ്യലിന് അടുത്ത ചൊവ്വാഴ്ച ഡൽഹിയിലെ ഇഡി ആസ്ഥാനത്ത് ഹാജരാകാനാണു നിർദ്ദേശം. വിദേശത്ത് കടക്കുന്നത് തടയുന്നതിനായി 66 കാരനായ അനിലിനെതിരെ ലുക്ക് ഔട്ട് സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

അനിൽ അംബാനിയുടെ കമ്പനിയിലെ ഏതാനും ഉന്നതരെയും ചോദ്യം ചെയ്യും. കഴിഞ്ഞ ആഴ്ച അനിൽ അംബാനിയുമായി ബന്ധപ്പെട്ട 35 കേന്ദ്രങ്ങളിലും 50 കമ്പനികളിലും ഇഡി റെയ്ഡ് നടത്തിയിരുന്നു. 25 ഉദ്യോഗസ്ഥരെ ചോദ്യം ചെയ്യുകയും ചെയ്തു. കഴിഞ്ഞ 24-ന് തുടങ്ങിയ പരിശോധനകൾ മൂന്നു ദിവസം നീണ്ടു.

റിലയൻസ് ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെ വിവിധ കമ്പനികളിലായുള്ള 17,000 കോടിയിലധികം രൂപയുടെ വായ്പകളിലാണ് ക്രമക്കേട്. സിഎൽഇ എന്ന കമ്പനി വഴി റിലയൻസ് ഗ്രൂപ്പ് കമ്പനികളിലേക്ക് റിലയൻസ് ഇൻഫ്രയുടെ തുക വകമാറ്റിയെന്ന സെബി റിപ്പോർട്ട് ഉൾപ്പെടെ കണക്കിലെടുത്താണ് ഇഡി നടപടി.

## വന്യജീവി ആക്രമണം

# നഷ്ടപരിഹാരത്തിന് പകരം ഇൻഷുറൻസ്

കോട്ടയം: നാട്ടിലിറങ്ങുന്ന വന്യജീവികളുടെ ആക്രമണത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരത്തിന് പകരം ഇൻഷുറൻസ് സുരക്ഷ.

നിലവിൽ വനാതിർത്തിയിൽ താമസിക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ടവർക്കുമാത്രമാണ് ഈ പരിരക്ഷയുള്ളത്. മരണത്തിനും പരുക്കിനും പുറമേ വീട്, കൃഷി, വാഹനം എന്നിവയുടെ നാശത്തിനും ആശ്വാസം ലഭിക്കത്തക്കവിധമാണ് പരിഷ്കാരം വരുന്നത്.

ഇൻഷുറൻസ് കമ്പനികളുമായി ഒരുവട്ടം ചർച്ച പൂർത്തിയാക്കി. പ്രീമിയം തുക വളരെ കൂടുതലായതിനാൽ ധനവകുപ്പ് പ്രയാസമറിയിച്ചു. എന്നാൽ, വന്യജീവി ആക്രമണം കൂടിയ സാഹചര്യത്തിൽ ഇൻഷുറൻസ് വേണമെന്നായിരുന്നു വനംവകുപ്പിന്റെ അഭിപ്രായം. വികസന അവലോകനയോഗങ്ങളിൽ മുഖ്യമന്ത്രിയും ഇൻഷുറൻസ് വേണമെന്ന് നിർദേശിച്ചതോടെ ആലോചന വേഗത്തിലായി. വനം-ധനവകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ഈ വിഷയം ചർച്ച ചെയ്തു.

ഇത് നിലവിൽവന്നാൽ നഷ്ടപരിഹാര പാക്കേജ് റദ്ദാക്കും. വന്യജീവികളുടെ ആക്രമണത്തിൽ മരിക്കുന്ന വ്യക്തിയുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയാണ് നഷ്ടപരിഹാരം. ഇതിൽ ആറു ലക്ഷം രൂപ വനംവകുപ്പ് ഫണ്ടും നാലുലക്ഷം രൂപ ദുരന്തനിവാരണനിധിയിൽനിന്നാണ് എടുക്കുന്നത്. ഫണ്ടില്ലാത്തതുമൂലം നഷ്ടപരിഹാരം വൈകുന്നതായി പരാതിയുണ്ട്. 2023-24-ൽ 76 പേർ മരിക്കുകയും 1603 പേർക്ക് പരുക്കേൽക്കുകയും ചെയ്തു. 24-25-ൽ 53 പേർ മരിക്കുകയും 1235 പേർക്ക് പരുക്കുപറ്റുകയും ചെയ്തു. അഞ്ചുവർഷത്തിനിടെ 30,628 കൃഷിനാശക്കേസിൽ 17.65 കോടി രൂപയാണ് നഷ്ടപരിഹാരം വിലയിരുത്തിയത്.

നിലവിലെ ഇൻഷുറൻസ് പ്രകാരം വനാതിർത്തിയിൽ താമസിക്കുന്ന പട്ടികവിഭാഗത്തിലുള്ള വ്യക്തി വന്യജീവിയാക്രമണത്തിൽ മരിച്ചാൽ ആശ്രിതർക്ക് ഒരുലക്ഷം രൂപവരെയാണ് ലഭിക്കുക.

വൈകല്യം സംഭവിച്ചാൽ 25,000 രൂപയും ആശുപത്രിവാസം, വീടുനാശം എന്നിവയ്ക്ക് 5,000 രൂപ വീതവുമാണ് ലഭിക്കുക. 1995-ൽ തുടങ്ങിയ ഈ പദ്ധതി 2021-ൽ നിലച്ചു. പ്രീമിയം തുക കൂട്ടിനൽകാനുള്ള ഇൻഷുറൻസ് കമ്പനികളുടെ ആവശ്യം ധനവകുപ്പ് തള്ളിയതോടെയാണിത്. 2023-ൽ ജനകീയസമ്മർദത്തെത്തുടർന്ന് പദ്ധതി പുനഃസ്ഥാപിച്ചു.

പുതിയ ഇൻഷുറൻസ് പദ്ധതിയുടെ അന്തിമരൂപമായിട്ടില്ലെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു. ന്യായമായ തുക നഷ്ടപരിഹാരം കിട്ടത്തക്കവിധമാകും പദ്ധതി. പ്രീമിയം അടച്ച് ഇൻഷുറൻസ് നിലവിൽവന്നാൽ മാത്രമേ നിലവിലെ പദ്ധതികൾ പിൻവലിക്കൂ - അദ്ദേഹം പറഞ്ഞു.






# 'അണയാം ദൈവജനമേ' ചിക്കാഗോ സെന്റ് മേരീസ് ക്നാനായ ഇടവകയുടെ ഗാനം ഓഗസ്റ്റ് ഒൻപതിന് പ്രകാശനം ചെയ്യുന്നു




**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന ക്രിസ്തീയ ഭക്തിഗാന ആൽബത്തിലെ പ്രഥമ ഗാനം 'അണയാം ദൈവജനമേ' ഓഗസ്റ്റ് ഒൻപതിന് ശനിയാഴ്ച പ്രകാശനം ചെയ്യുന്നു. വൈകിട്ട് 7.30-ന് നടത്തപ്പെടുന്ന കലാസന്ധ്യയിൽവെച്ച് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ പ്രകാശനം ചെയ്യുന്ന ഈ ഗാനത്തിന്റെ രചനയും സംഗീതവും നിർവഹിച്ചിരിക്കുന്നത് സെന്റ് മേരീസ് ഇടവകയിൽ പതിനഞ്ചു വർഷമായി ഗായകസംഘത്തിന് നേതൃത്വം വഹിച്ചുവന്നിരുന്ന അനിൽ മറ്റത്തിക്കുന്നേലാണ്. സുപ്രസിദ്ധ ഗായകൻ പിറവം വിത്സണും ചിക്കാഗോ സെന്റ് മേരീസിലെ തന്നെ ഗായിക അമ്മു തോട്ടിച്ചിറയും ചേർന്നാണ് ഗാനം ആലപിച്ചിരിക്കുന്നത്.

അജിത്ത് ബേബിയുടെ വോയിസ് ഓഫ് ആഡമിന്റെ ബാനറിൽ ജേക്കബ് മീഡിയ ഓഫ് ചിക്കാഗോ പുറത്തിറക്കുന്ന ഈ ഗാനത്തിന്റെ orchestration നിർവ്വഹിച്ചിരിക്കുന്നത് പ്രദീപ് ടോം ആണ്. ജെയ്ബു കുളങ്ങര, സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫെബിൻ കണിയാലിൽ എന്നിവർ നിർമിച്ചിരിക്കുന്ന ഈ ഗാനം വിശുദ്ധ കുർബ്ബാനയുടെ പ്രവേശനഗാനമായി ആലപിക്കുവാൻ സാധിക്കത്തക്കവിധത്തിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. ഇടവകയുടെ പ്രധാന തിരുനാൾ ദിവസമായ ഓഗസ്റ്റ് 10-ന് ഞായറാഴ്ചത്തെ റാസ കുർബ്ബാനയുടെ പ്രവേശനഗാനമായി ഈ ഗാനം ആലപിക്കപ്പെടും.

# ലൈഫ് മിഷൻ: ഭൂമിയുടെ രജിസ്ട്രേഷന് ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി

കൊല്ലം: ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കൾക്ക് വീട് നിർമിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഭൂമിയുടെ കൈമാറ്റം രജിസ്റ്റർ ചെയ്യുന്നതിനു നൽകേണ്ട ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും കേരള സർക്കാർ ഒഴിവാക്കി. കഴിഞ്ഞ ജൂലായ് 23 മുതൽ രണ്ടുവർഷത്തേക്കാണ് ഇളവ്. സമ്മാനമായി ലഭിച്ചതോ വിലകൊടുത്തു വാങ്ങിയതോ, സെറ്റിൽമെന്റ് ഡീഡ് വഴിയോ മറ്റേതെങ്കിലും രീതിയിൽ കൈമാറ്റംചെയ്തതോ ആയ ഭൂമിയുടെ രജിസ്ട്രേഷന് ഇളവു ലഭിക്കും.

ഇതിനായി വ്യക്തി ലൈഫ്മിഷൻ പദ്ധതിയുടെ ഗുണഭോക്താവാണെന്നും ഭൂമി ലൈഫ് വീട് നിർമാണത്തിനായി നീക്കിവെച്ചിട്ടുള്ളതാണെന്നും സ്ഥിരീകരിക്കുന്ന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ രേഖകൾക്കൊപ്പം നൽകണം. ഈ നിബന്ധന ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്ന് വിമർശനമുയർന്നിട്ടുണ്ട്.

കളക്ടറോ, റവന്യൂവകുപ്പിലെ തഹസിൽദാർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനോ സർട്ടിഫിക്കറ്റ് നൽകണമെന്നാണ് നിർദേശം. ലൈഫ് മിഷൻ ഗുണഭോക്താവാണെന്ന സ്ഥിരീകരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ കളക്ടർക്കോ തഹസിൽദാർക്കോ നൽകിയാൽ, വിവരശേഖരണത്തിന് തദ്ദേശവകുപ്പിനെ ആശ്രയിക്കേണ്ടിവരും.

ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും ഫണ്ട് വകയിരുത്തലടക്കമുള്ള നടപടികൾ പൂർത്തിയാക്കുന്നതും തദ്ദേശവകുപ്പാണ്. സർട്ടിഫിക്കറ്റ് നൽകാനുള്ള ചുമതല തദ്ദേശവകുപ്പിന് നൽകിയാൽ ഗുണഭോക്താക്കൾക്ക് റവന്യൂ ഓഫീസുകളിൽ കയറിയിറങ്ങേണ്ടിവരില്ലെന്നാണ് വാദം. ജോലിഭാരം കൂടുതലുള്ള തങ്ങൾക്ക് ഒരു ചുമതലകൂടി നൽകിയതിൽ തഹസിൽദാർമാർക്കും പ്രതിഷേധമുണ്ട്.

ഭൂമിസംബന്ധമായ കാര്യമായതിനാൽ റവന്യൂവകുപ്പുതന്നെയാണ് സർട്ടിഫിക്കറ്റ് നൽകേണ്ടതെന്നാണ് മറുവാദം. വലിയ താലൂക്കുകളിൽ അപേക്ഷകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാൻ കാലതാമസം നേരിടുമെന്ന ആശങ്ക ഉയർന്നിട്ടുണ്ട്.

# ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് സെപ്റ്റംബർ ഒമ്പതിന്

ന്യൂഡൽഹി: ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് സെപ്റ്റംബർ ഒമ്പതിന് നടക്കും. ഇതു സംബന്ധിച്ച അറിയിപ്പ് പുറത്തിറക്കിയ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ, വിജ്ഞാപനം ഈ മാസം ഏഴിന് പുറത്തിറക്കുമെന്നും അറിയിച്ചു.

കഴിഞ്ഞ ഇരുപത്തൊന്നിന് ജഗ്ദീപ് ധൻകർ രാജിവച്ചതോടെയാണു രാജ്യത്തിന്റെ 17-ാമത് ഉപരാഷ്ട്രപതിക്കായുള്ള തെരഞ്ഞെടുപ്പിന് കളമൊരുങ്ങിയത്. ഈ മാസം 21 വരെ സ്ഥാനാർത്ഥികൾക്കു നാമനിർദ്ദേശം നൽകാം. 22-ന് സൂക്ഷ്മ പരിശോധന നടക്കും. നാമനിർദ്ദേശം പിൻവലിക്കാനുള്ള അവസാന തീയതി 25 ആണ്.

# ചിക്കാഗോയിൽ അന്തരിച്ച അബ്രഹാം തച്ചേട്ടിന്റെ സംസ്കാരം ആഗസ്റ്റ് 4-ന് തിങ്കളാഴ്ച



ചിക്കാഗോ: ചിക്കാഗോയിൽ അന്തരിച്ച അബ്രഹാം തച്ചേട്ടിന്റെ (88) സംസ്കാര ചടങ്ങുകൾ ആഗസ്റ്റ് 4-ാം തീയതി തിങ്കളാഴ്ച മോർട്ടൻ ഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ നടത്തപ്പെടും. രാവിലെ 8 മണി മുതൽ 10 മണി വരെ പൊതുദർശനം. തുടർന്ന് ദിവ്യബലിയും പ്രാർത്ഥനാശുശ്രൂഷകളും നടത്തപ്പെടും. മേരിഹിൽ സെമിത്തേരിയിലാണ് സംസ്കാരം.

ഭാര്യ എലിസബത്ത് മ്രാല ഇല്ലിക്കൽ കുടുംബാംഗമാണ്. മക്കൾ: റൂബി പുത്തൻപറമ്പിൽ (ചിക്കാഗോ), മേട്ടി തച്ചേട്ട് (ചിക്കാഗോ), സ്കറിയ തച്ചേട്ട് (ഡാളസ്), ഫിലോ മണപ്പള്ളിൽ (ചിക്കാഗോ), സീന കൈപ്പള്ളിൽ (ഡാളസ്), പുന്നൂസ് തച്ചേട്ട് (ചിക്കാഗോ). മരുമക്കൾ: ജോയ്സ് പുത്തൻപറമ്പിൽ, അനില തയ്യിൽ, മാത്യു മണപ്പള്ളിൽ, ഷിബു കൈപ്പള്ളിൽ, പ്രതിഭ വെട്ടിക്കാട്ട്.

നീണ്ടൂർ തച്ചേട്ട് പരേതരായ ചെറിയാനും ഏലിക്കുട്ടി (കണ്ടാരപ്പള്ളിൽ)യുമാണ് മാതാപിതാക്കൾ. സഹോദരങ്ങൾ: പരേതനായ ഫാ. ജോസഫ് തച്ചേട്ട്, പരേതരായ ഡോ. തോമസ് & നീന തച്ചേട്ട്, പരേതരായ മരിയ & തോമസ് പഴുക്കായിൽ, ചിന്നമ്മ & ജെയിംസ് ഇടുക്കുതറയിൽ, സെലിൻ & തോമസ് പാറേട്ട്, പരേതരായ റോസമ്മ & ഫിലിപ്പ് കോഴികാട്ട്, ജോസ് & വിമല (തറയിൽ) തച്ചേട്ട്, പാച്ചിക്കുഞ്ഞ് & മോളി (തോട്ടുങ്കൽ) തച്ചേട്ട്, മാത്തുക്കുട്ടി & ലൂസി (മാനംമൂട്ടിൽ) തച്ചേട്ട്, നിമ്മി & തോമസ് മഠത്തിപറമ്പിൽ, ജെയിംസ് & മീനു (പാറയിൽ) തച്ചേട്ട്, ലൂക്ക് & സലീന (ചെമ്മലക്കുഴി) തച്ചേട്ട്.

# നഗരസഭാ വാർഡ് പുനർനിർണയത്തിന് ഇല്ലാത്ത റോഡ്: ഹൈക്കോടതി റദ്ദാക്കി

ചാലക്കുടി: ഇല്ലാത്ത റോഡ് അടിസ്ഥാനമാക്കി നഗരസഭയിലെ പതിനാലാം വാർഡിൽ നടത്തിയ പുനർനിർണയം ഹൈക്കോടതി റദ്ദാക്കി. വാർഡ് പുനർനിർണയത്തിലെ ക്രമക്കേടുകൾ ചൂണ്ടിക്കാട്ടി നൽകിയ ഹർജികളിൽ ആദ്യത്തെ വിധിയാണിത്. സമാനമായ നാൽപതു ഹർജികൾ ഹൈക്കോടതിയിൽ മാത്രം ഉണ്ട്.

വെട്ടുകടവ് പതിനാറാം വാർഡിനെ പുനർനിർണയത്തിൽ പത്തൊമ്പതാം വാർഡാക്കിയപ്പോൾ 680 വീടുകളിലെ 180 വോട്ടുകൾ ചേനത്തുനാട് പതിനേഴാം വാർഡിലേക്കു മാറ്റിയിരുന്നു. വീടുകളുള്ള സ്ഥലത്തുകൂടി സ്നേഹനഗർ ഗവ. ഹോസ്പിറ്റൽ പോക്കറ്റ് റോഡ് എന്ന റോഡ് ഉണ്ടെന്നു വ്യക്തമാക്കിയായിരുന്നു വിഭജനം.

ഇങ്ങനെ ഒരു റോഡ് നിലവിലില്ലെന്നും പുനർനിർണയം വാർഡ് വിഭജന ചട്ടങ്ങൾക്ക് എതിരാണെന്നും കാട്ടി മുൻ നഗരസഭാ കൗൺസിലർ ജിയോ കിഴക്കുംതലയാണ് ഹർജി നൽകിയത്. സ്വാഭാവിക അതിർത്തികൾ ഉണ്ടാകണമെന്ന ചട്ടം ലംഘിച്ചാണ് പുനർനിർണയം എന്ന വാദം കോടതി അംഗീകരിച്ചു.

പുനർനിർണയത്തെ തുടർന്ന് 930 വോട്ടർമാരുണ്ടായിരുന്ന വാർഡിൽ 1110 വോട്ടർമാരായി. നിലവിൽ യുഡിഎഫ് ആണ് വാർഡു ഭരിക്കുന്നത്. വരുന്ന നഗരസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫിനു വിജയസാധ്യതയുള്ള വാർഡുകളെ പുനർനിർണയത്തിൽ മാറ്റിമറിച്ചെന്നാണു കോൺഗ്രസിന്റെ പരാതി.



# ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരം ‘ഒരു ദിവസം ഒരു കുടക്കീഴിൽ’

മാത്യു തട്ടാമറ്റം

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിന് ഈ വർഷം നിരവധി പ്രത്യേകതകളുണ്ട്. ഈ വർഷത്തെ മത്സരം പുതിയ ഒരു ലൊക്കേഷനിലാണ്. മലയാളികൾ കൂടുതലായി അധിവസിക്കുന്ന നോർത്ത് സബർബിലെ മോർട്ടൻ ഗ്രോവ് പാർക്ക് ഡിസ്ട്രിക്ട് സ്റ്റേഡിയത്തിൽ വെച്ചാണ് വടംവലി മത്സരം അരങ്ങേറുന്നത്. ആഗസ്റ്റ് 31-ന് ഞായറാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ് വടംവലി മത്സരം നടക്കുക. 20-ലധികം ടീമുകൾ പങ്കെടുക്കുന്നതിനാൽ കൃത്യസമയത്ത് തന്നെ ആരംഭിച്ച് സമയബന്ധിതമായി മത്സരങ്ങൾ മുന്നോട്ടു പോകേണ്ടതായുണ്ട്. വിശാലമായ പാർക്കിംഗ് സൗകര്യം ഉള്ളതിനാൽ കാണികൾക്ക് ഈ വർഷം കൂടുതൽ സൗകര്യപ്രദമായിരിക്കും.

ഇതേ ലൊക്കേഷനിൽ തന്നെയാണ് വൈകിട്ട് 5 മണി മുതൽ രാത്രി 10 മണി വരെ ഇന്ത്യ ഫുഡ് ഫെസ്റ്റിവൽ നടത്തപ്പെടുന്നത്. ചിക്കാഗോയിലെ പ്രശസ്തരായ നിരവധി കാറ്ററിങ് കമ്പനികൾ ഈ ഫെസ്റ്റിവലിൽ പങ്കെടുക്കും. വൈവിധ്യവും രുചികരവുമായ



ജോസ് മണക്കാട്ട്

നിരവധി ഭക്ഷണവിഭവങ്ങൾ ആസ്വദിക്കാനുള്ള സുവർണ്ണാവസരമായിരിക്കും ഫുഡ്ഫെസ്റ്റിവൽ.

ഇതേ ലൊക്കേഷനിൽ തന്നെ രാത്രി 7 മണി മുതൽ 10 മണി വരെ അഫ്സലിന്റെ നേതൃത്വത്തിൽ കലാസന്ധ്യ അരങ്ങേറും. അഫ്സലിനോടൊപ്പം സിദ്ദിഖ്റോഷൻ, സുഹൈദ് കുക്കു, വേദമിശ്ര, നസീർ മിന്നാഷെ, അഖില ആനന്ദ്, സ്വാസിക, മോക്ഷ തുടങ്ങിയ പ്രശസ്തരായ കലാകാരന്മാരും കലാകാരികളും കലാസന്ധ്യയിൽ അണിനിരക്കും.

നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിൽ അറിയപ്പെടുന്ന വ്യക്തിയും നിരവധി പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നല്കി അനുഭവ പാരമ്പര്യവുമുള്ള മികച്ച സംഘാടകനായ ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിലുള്ള ടീമാണ് ഇന്ത്യ ഫുഡ് ഫെസ്റ്റിവലിനും കലാസന്ധ്യയ്ക്കും നേതൃത്വം നല്കുന്നത്. ജോസ് മണക്കാട്ട് (847) 830 4128.

ആഗസ്റ്റ് 31-ാം തീയതി ഒരേ സ്ഥലത്തു തന്നെ മൂന്നു പ്രോഗ്രാമുകൾ നടത്തപ്പെടുന്നത് ഈ വർഷത്തെ വലിയൊരു പ്രത്യേകതയാണ്. കായിക, കലാപ്രേമികൾക്ക് എക്കാലവും ഓർമ്മയിൽ സൂക്ഷിക്കുവാൻ കഴിയുന്ന ഒരു ദിനമായിരിക്കും ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി മത്സരം നടക്കുവാൻ പോകുന്ന ആഗസ്റ്റ് 31 ഞായറാഴ്ച.

പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയ് കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരടങ്ങിയതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. സിറിയക് കൂവക്കാട്ടിലാണ് ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ. കമ്മിറ്റിയിൽ വൈസ് ചെയർമാൻ മാനി കരികുളം, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് ചെയർ ബിനു കൈതക്കതൊട്ടിയിൽ, പിആർഒ മാത്യു തട്ടാമറ്റം എന്നിവരും മത്സരത്തിന്റെ വിജയത്തിനായി മുന്നിട്ടുപ്രവർത്തിക്കുന്നു.

ആയിരക്കണക്കിന് കാണികളെ പ്രതീക്ഷിക്കുന്ന ഈ വടംവലി മാമാങ്കത്തിലേക്ക് എല്ലാവരെയും സംഘാടകർ സ്വാഗതം ചെയ്യുന്നു.




പുതിയ അഡ്രസ് ശ്രദ്ധിക്കുക:

MORTON GROVE PARK DISTRICT STADIUM
6834 DEMPSTER ST,
MORTON GROVE,
ILLINOIS 60053.

വിശദവിവരങ്ങൾക്ക്:

റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡണ്ട്)-(630) 935-9655
സിറിയക് കൂവക്കാട്ടിൽ (ടൂർണമെന്റ് ചെയർമാൻ)-(630) 673-3382

## കലാഭവൻ നവാസ് അന്തരിച്ചു



കൊച്ചി: സിനിമ-മിമിക്രി താരം കലാഭവൻ നവാസ് (51) അന്തരിച്ചു. ചോറ്റാനിക്കരയിലെ ഹോട്ടൽ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. സിനിമ ചിത്രീകരണവുമായി ബന്ധപ്പെട്ടാണ് ചോറ്റാനിക്കരയിലെത്തിയത്. ഹോട്ടൽ ജീവനക്കാർ വാതിൽ തുറന്ന് അകത്ത് കയറിയപ്പോൾ നിലത്തുകിടക്കുന്ന നിലയിലായിരുന്നു നവാസ്. ഹൃദയാഘാതമാണെന്നാണു പ്രാഥമിക നിഗമനം.

അഭിനയിച്ചുകൊണ്ടിരുന്ന ‘പ്രകമ്പനം’ എന്ന ചിത്രത്തിന്റെ അവസാന ഷെഡ്യൂൾ പൂർത്തിയാക്കി ഹോട്ടൽ മുറി വെക്കേറ്റ് ചെയ്യാനാണു നവാസ് എത്തിയതെന്നാണു പ്രാഥമിക വിവരം. ഏറെ നേരമായിട്ടും ആളെ കാണാത്തതിനാൽ റൂംബോയ് അന്വേഷിച്ചുചെന്നപ്പോഴാണു നവാസിനെ മരിച്ച നിലയിൽ കണ്ടത്. ഇടവേളയ്ക്കുശേഷം സിനിമയിൽ സജീവമായി വരികയായിരുന്നു നവാസ്. ചലച്ചിത്രനടൻ അന്തരിച്ച അബൂബക്കറിന്റെ മകനാണു നവാസ്. നടി രഹനയാണു ഭാര്യ. മക്കൾ: നഹറിൻ, റിദ്വാൻ, റിഹാൻ. മിമിക്രി വേദിയിലൂടെയാണ് നവാസ് മലയാളികൾക്കു സുപരിചിതനാകുന്നത്. കലാഭവൻ മിമിക്രി ട്രൂപ്പിൽ അംഗമായിരുന്ന നവാസ്, സഹോദരൻ നിയാസ് ബക്കറിനൊപ്പം നിരവധി ഷോകളുടെ ഭാഗമായിട്ടുണ്ട്. അൻപതോളം സിനിമകളിൽ വേഷമിട്ടിട്ടുള്ള നവാസ് 1995-ൽ ‘ചൈതന്യം’ എന്ന ചിത്രത്തിലൂടെയാണ് സിനിമയിൽ അരങ്ങേറ്റം കുറിച്ചത്. ഡിറ്റക്ടീവ് ഉജ്ജ്വലൻ ആണ് ഏറ്റവുമൊടുവിൽ പുറത്തിറങ്ങിയ ചിത്രം.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ ഒന്നാം സമ്മാനം 11,111 ഡോളർ

**മാത്യു തട്ടാമറ്റം**

ചിക്കാഗോ: കഴിഞ്ഞ 12 വർഷക്കാലമായി ചിക്കാഗോ സോഷ്യൽ ക്ലബ് നടത്തുന്ന വടംവലി മത്സരം രാജ്യാന്തര ലെവലിൽ ശ്രദ്ധേയമാകുവാൻ പ്രധാന കാരണം ആകർഷകമായ സമ്മാനത്തുകയാണ്. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും ആഗസ്റ്റ് 31-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്ന വടംവലി മത്സരത്തിൽ ഭാഗ്യം പരീക്ഷിക്കുവാൻ 20-ലധികം ടീമുകൾ എത്തിച്ചേരും. ഈ കായിക മാമാങ്കത്തെ വിജയിപ്പിക്കുവാൻ ചിക്കാഗോയിലെ കായികപ്രേമികൾ രംഗത്തിറങ്ങിക്കഴിഞ്ഞു. സോഷ്യൽ ക്ലബിന്റെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള നിരവധി സബ് കമ്മിറ്റികൾ കർമ്മനിരതമാണ്.

ഒന്നാം സ്ഥാനം നേടുന്ന ടീമിന് 11,111 ഡോളറും മാണി നെടിയകാലായിൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയുമാണ് ലഭിക്കുക. നോർത്ത് അമേരിക്കയിൽ അറിയപ്പെടുന്ന വ്യവസായ പ്രമുഖനായ ജോയി നെടിയകാലായിലാണ് ഒന്നാം സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്. രണ്ടാം സ്ഥാനം നേടുന്ന ടീമിന് 5555 ഡോളറും ജോയി മുണ്ടപ്ലാക്കൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ലഭിക്കും. വ്യാവസായിക മേഖലയിൽ കഴിവു തെളിയിച്ചിട്ടുള്ള ഫിലിപ്പ് മുണ്ടപ്ലാക്കലാണ് സ്പോൺസർ.



ജോയി നെടിയകാലായിൽ ഫാമിലി



ഫിലിപ്പ് മുണ്ടപ്ലാക്കൽ ഫാമിലി

മൂന്നാം സ്ഥാനം നേടുന്ന ടീമിന് 3333 ഡോളറും കിഴക്കേക്കുറ്റ് ചാക്കോ & മറിയം മെമ്മോറിയൽ എവർ റോളിങ് ട്രോഫിയുമാണ് ലഭിക്കുക. അറിയപ്പെടുന്ന സ്ഥാപനമായ എലൈറ്റ് ഗെയിമിംഗിനു വേണ്ടി റ്റോണി & ഫ്രാൻസിസ് കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്തിരിക്കുന്നു. നാലാംസ്ഥാനം ലഭിക്കുന്ന ടീമിന് 1111 ഡോളറാണ് സമ്മാനത്തുക. ചിക്കാഗോ മംഗല്യ ജൂവല്യറിക്കു വേണ്ടി ഷൈബു കിഴക്കേക്കുറ്റ്, മനീവ് ചിറ്റലക്കാട്ട്, മിഥുൻ മാമ്മൂട്ടിൽ എന്നിവരാണ് സ്പോൺസർമാർ. നോർത്ത് അമേരിക്കൻ മലയാളികളുടെ കായികചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം എഴുതിച്ചേർക്കപ്പെടുവാൻ ആഗസ്റ്റ് 31-ാം തീയതി വരെ കാത്തിരിക്കാം.

പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയ് കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരടങ്ങിയതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. സിറിയക് കൂവക്കാട്ടിലാണ് ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ. കമ്മിറ്റിയിൽ വൈസ് ചെയർമാൻ മാനി കരികുളം, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് ചെയർ ബിനു കൈതക്കതൊട്ടിയിൽ, പിആർഒ മാത്യു തട്ടാമറ്റം എന്നിവരും മത്സരത്തിന്റെ വിജയത്തിനായി മുന്നിട്ടുപ്രവർത്തിക്കുന്നു.

ആയിരക്കണക്കിന് കാണികളെ പ്രതീക്ഷിക്കുന്ന ഈ വടംവലി മാമാങ്കത്തിലേക്ക് എല്ലാവരെയും സംഘാടകർ സ്വാഗതം ചെയ്യുന്നു.

**പുതിയ അഡ്രസ് ശ്രദ്ധിക്കുക:**

MORTON GROVE PARK DISTRICT STADIUM
6834 DEMPSTER ST,
MORTON GROVE,
ILLINOIS 60053.

**വിശദവിവരങ്ങൾക്ക്:**

**റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡണ്ട്)**
(630) 935 – 9655

**സിറിയക് കൂവക്കാട്ടിൽ (ടൂർണമെന്റ് ചെയർമാൻ)**
(630) 673 – 3382






# മലങ്കര ഓർത്തഡോക്സ് സഭ സൗത്ത് വെസ്റ്റ് ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് അറ്റ്ലാന്റ 2025-ന് കൊടിയിറങ്ങി

അറ്റ്ലാന്റ്: മലങ്കര ഓർത്തഡോക്സ് സഭ സൗത്ത് വെസ്റ്റ് ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് അറ്റ്ലാന്റ ഹയാത്ത് റീജൻസി ഹോട്ടലിൽ സമാപിച്ചു. ശൈനോ വ്ഹുൽമോനോ-എന്നു നാമകരണം ചെയ്തിരുന്ന കോൺഫറൻസിന് 16-ാം തീയതി ബുധനാഴ്ച കൊടി ഉയർന്നു.

ആന്റോ കവലയ്ക്കൽ




വാദ്യമേളഘോഷങ്ങളോടെ കേരളത്തനിമയിൽ നടന്ന വർണ്ണശബളമായ ഘോഷയാത്രയോടെ വിശിഷ്ട വ്യക്തികളെ വേദിയിലേക്ക് ആനയിച്ചു. അഭി. ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനം അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനി തിരി കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. ഫാ. ഡോ. തിമോത്തി തോമസ്, ഫാ. മാറ്റ് അലക്സാണ്ടർ, സീനാ മാത്യു, റവ. കെ. ജെയിംസൺ, ഭദ്രാസന സെക്രട്ടറി ഫാ. സജീവ് മാത്യൂസ് ജോർജ്, കോൺഫറൻസ് ഡയറക്ടർ ഫാ. ജോർജ് ഡാനിയേൽ, കോൺഫറൻസ് കൺവീനർ പ്രസാദ് ജോൺ, ഭദ്രാസന കൗൺസിൽ മെമ്പേഴ്സ്, മാനേജിംഗ് കമ്മിറ്റി അംഗം, ഭദ്രാസന ആദ്ധ്യാത്മിക സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ വേദി അലങ്കരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവയുടെയും, ജോർജിയ സ്റ്റേറ്റ് ഗവർണർ ബ്രയാൻ കെമ്പിന്റെയും ആശംസകൾ അറിയിച്ച് അയച്ച കത്തുകൾ സമ്മേളനത്തിൽ വായിച്ചു.




2 കൊരി. 5:18-19 വാക്യങ്ങൾ ആസ്പദമാക്കിയുള്ളതായിരുന്നു ഈ വർഷത്തെ മുഖ്യ ചിന്താവിഷയം (Reconciliation & Healing). മുഖ്യ ചിന്താവിഷയത്തെ ആസ്പദമാക്കിയുള്ള വിഷയ വിശദീകരണം അഭി. സക്കറിയാ മാർ സേവേറിയോസ് തിരുമേനിയും ഫാ. ഡോ. തിമോത്തി തോമസും സമ്മേളനത്തിൽ അവതരിപ്പിച്ചു. കോൺഫറൻസിന്റെ തീം സോങ്ങ് ആയ "എന്റെ കർത്താവും എന്റ ദൈവവുമേ" (My Lord and My God) സമ്മേളനത്തിൽ വെച്ച് അഭി. ഡോ. തോമസ് മാർ ഈവാനിയോസും അഭി. സഖറിയാ മാർ സേവേറിയോസും ചേർന്ന് പ്രകാശനം ചെയ്തു. ഫാ. തോമസ് മാത്യുവിന്റെ വരികൾക്ക് അലക്സ് ഏബ്രഹാം ഈണം നൽകിയ ഗാനം ആലപിച്ചത് ഫാ. ബഹനാൻ കോരുത്, ഫാ. സോണി വി. മാണി, ശ്രേയ അന്ന ജോസഫ്, ശ്രവ്യ അന്ന ജോസഫ് എന്നിവർ ചേർന്നാണ്. മനോരമ മ്യൂസിക്കിലൂടെ പുറത്തിറങ്ങിയ ഈ മനോഹര ഗാനം ഇതിനോടകം തന്നെ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുന്നു.

കോൺഫറൻസിൽ മുഖ്യ പ്രഭാഷകരായി എത്തിയ അഭി. ഡോ. തോമസ് മാർ ഈവാനിയോസ്, അഭി. സഖറിയാ മാർ സേവേറിയോസ്, ഫാ. ഡോ. തിമോത്തി തോമസ്, ഫാ. മാറ്റ് അലക്സാണ്ടർ, സീനാ മാത്യു എന്നിവരുടെ നേതൃത്വത്തിൽ നടന്ന ധ്യാനങ്ങളും ക്ലാസ്സുകളും സിമ്പോസിയങ്ങളും ഏറെ ചിന്തോദ്ദീപകവും അനുഗ്രഹപ്രദവുമായിരുന്നു. വൈദികരുടെയും, സീനിയർ സിറ്റിസൺസ്, സ്ത്രീ ജനങ്ങൾ, യുവജനങ്ങൾ, ഫോക്കസ്, കുട്ടികൾ എന്നിവർക്കായുള്ള പ്രത്യേക സമ്മേളനങ്ങളും കോൺഫറൻസിൽ ക്രമീകരിച്ചിരുന്നു.

ഈ വർഷത്തെ കോൺഫറൻസിന്റെ എടുത്തുപറയത്തക്കതും വേറിട്ടതുമായ ഒരു സെക്ഷനായിരുന്നു പ്രശസ്ത കാർട്ടൂണിസ്റ്റും ചിത്രകാരനുമായിരുന്ന ഋഷി ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന കാർട്ടൂൺ ആൻഡ് കാരിക്കേച്ചർ വർക്ക്ഷോപ്പ്. പങ്കെടുത്തവർക്കെല്ലാം അത് ചിത്രകലയെക്കുറിച്ചുള്ള അറിവിന്റെ ഒരു ചില്ലുജാലകം തുറന്നിട്ടു. ബുധൻ, വ്യാഴം ദിവസങ്ങളിലായി ഉല്ലാസവഞ്ചി എന്നപേരിൽ നടത്തിയ കലാസന്ധ്യയിൽ ഭദ്രാസനത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ കലാകാരന്മാരുടെ പ്രകടനങ്ങൾ കാണികൾക്ക് മറക്കാനാവാത്ത ദൃശ്യവിസ്മയമൊരുക്കി. മാർഗ്ഗംകളി, ഡാൻസ്, ഗ്രൂപ്പ്സോങ്, സോളോ സോംഗുകൾ എന്നിവകൊണ്ട് കലാസന്ധ്യ വിഭവസമൃദ്ധമായി. അമേരിക്കൻ അച്ചായൻ എന്ന കോമഡി സ്കിറ്റ് ഏവരിലും ചിരിയുടെ മാലപ്പടക്കത്തിനു തിരികൊളുത്തി. മർത്തമറിയം സമാജത്തിന്റെ നേതൃത്വത്തിൽ നടന്ന ഭാഗ്യക്കൂപ്പണുകളുടെ നറുക്കെടുപ്പും ഭാഗ്യശാലികൾക്കുള്ള സമ്മാനദാനവും ഇടവക മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ നടത്തി. സമാപന ദിവസമായ ശനിയാഴ്ച നടന്ന വി. കുർബാനയിൽ അഭി. സഖറിയാ മാർ സേവേറിയോസ് മുഖ്യ കാർമ്മികത്വം വഹിക്കുകയും ഇടവക മെത്രാപ്പോലീത്തയും മറ്റ് വൈദികരും സഹകാർമ്മികരാകുകയും ചെയ്തു. തുടർന്നു നടന്ന സമാപന സമ്മേളനത്തിൽവെച്ച് സൗത്ത് വെസ്റ്റ് ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മാർ ഈവാനിയോസ് തിരുമേനി സമാപന സന്ദേശം നൽകി. ഹൂസ്റ്റൺ ഭദ്രാസന ആസ്ഥാനത്തു നിർമ്മിക്കുന്ന ചാപ്പലിന്റെ നിർമ്മാണത്തിനുള്ള രൂപരേഖ ഭദ്രാസന സെക്രട്ടറി ഫാ. സജീവ് മാത്യൂസ് ജോർജ് യോഗത്തിൽ അവതരിപ്പിച്ച് വിശദീകരിച്ചു.

കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിന്റെ പ്രകാശന കർമ്മം അഭി. ഇടവക മെത്രാപ്പോലീത്ത നിർവ്വഹിക്കുകയും സുവനീർ കമ്മിറ്റി കൺവീനർ ഫാ. രാജു ദാനിയേൽ കോർ-എപ്പിസ്കോപ്പ സുവനീർ പ്രവർത്തനങ്ങളെപ്പറ്റി ആമുഖ പ്രസംഗം നടത്തുകയും ചെയ്തു.

കോൺഫറൻസിന്റെ എല്ലാ പൊതു സമ്മേളനങ്ങളിലും മുഖ്യ അവതാരകയായിരുന്ന ജെന്നി വർഗീസ് തന്റെ പാടവും അതിമനോഹരമായി നിർവഹിച്ചു.

(ശേഷം 28-ാം പേജിൽ)



# ചിക്കാഗോ സോഷ്യൽ ക്ലബ് വടംവലി മത്സരത്തിന്റെ അമരത്ത് സിറിയക് കൂവക്കാട്ടിൽ

ജോസ് കണിയാലി

ചിക്കാഗോ: വിശ്വസിച്ച് ഒരു കാര്യം ഏല്പിച്ചാൽ ഉത്തരവാദിത്തത്തോടെ ലക്ഷ്യം നേടിയെടുക്കുന്ന ഒരു വ്യക്തിയുണ്ട് ചിക്കാഗോയിൽ. അതാണ് സിറിയക് കൂവക്കാട്ടിൽ. ഈ വർഷം ആഗസ്റ്റ് 31-ാം തീയതി ഞായറാഴ്ച ചിക്കാഗോ സോഷ്യൽ ക്ലബ് നേതൃത്വം നല്കുന്ന അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ ചെയർമാനാണ് അദ്ദേഹം. കഴിഞ്ഞ ഏതാനും വർഷങ്ങളായി സോഷ്യൽ ക്ലബ് വിശ്വാസത്തോടെ ഈ ടൂർണമെന്റിന്റെ ചെയർമാൻ പദവി സിറിയക് കൂവക്കാട്ടിലിനെയാണ് ഏല്പിക്കുന്നത്. ആ വിശ്വാസത്തിന് ഒരു കോട്ടവും വരുത്താതെ ഓരോ തവണയും കൂടുതൽ മെച്ചപ്പെട്ട ഒരു മത്സരമായി ഇതു മാറിയെങ്കിൽ അതിന്റെ പിന്നിൽ സിറിയക് കൂവക്കാട്ടിലിന്റെ ദീർഘവീക്ഷണവും നേതൃശൈലിയും ഒരു പ്രധാന ഘടകമാണ്. ആയിരക്കണക്കിനു കായികപ്രേമികൾ പങ്കെടുക്കുന്ന ഈ വടംവലി മാമാങ്കം ചിക്കാഗോ മലയാളി സമൂഹം വലിയ ഒരു ഉത്സവമായിത്തന്നെ ഇന്ന് ഏറ്റെടുത്തുകഴിഞ്ഞു.

ചെറിയ ഒരു സംഭവമായി ആരംഭിച്ച്, ഇന്ന് അന്താരാഷ്ട്ര തലത്തിൽ വരെ ശ്രദ്ധിക്കപ്പെടുന്ന കായികമേളയായി ചിക്കാഗോ സോഷ്യൽ ക്ലബിന്റെ വടംവലി മത്സരം മാറിക്കഴിഞ്ഞു. ചിക്കാഗോ സോഷ്യൽ ക്ലബ് അംഗങ്ങൾക്ക് തീർച്ചയായും ഇതിൽ അഭിമാനിക്കാം. നാളിതുവരെ സോഷ്യൽ ക്ലബിനെ നയിച്ചിട്ടുള്ള മുൻകാല നേതൃത്വങ്ങൾക്ക് ഇത് അഭിമാന നിമിഷങ്ങളാണ്.

കായികപ്രേമി, സംഘാടകൻ, ബിസിനസ്മാൻ തുടങ്ങിയ വിവിധ രംഗങ്ങളിൽ സിറിയക് കൂവക്കാട്ടിൽ നിറസാന്നിദ്ധ്യമാണ്. ഇല്ലിനോയി മലയാളി അസോസിയേഷൻ പ്രസിഡണ്ട്, ഫൊക്കാന ആർവിപി, ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി പ്രസിഡണ്ട്, കെസിസിഎൻഎ ദേശീയ പ്രസിഡണ്ട് തുടങ്ങിയ നിരവധി പ്രസ്ഥാനങ്ങളിൽ അദ്ദേഹം കഴിവ് തെളിയിച്ചുകഴിഞ്ഞു. 2022-ൽ ഇൻഡ്യാന പോളിസിൽ വെച്ച് നടത്തപ്പെട്ട കെസിസിഎൻഎ കൺവൻഷൻ കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞത് സിറിയക് കൂവക്കാട്ടിലിന്റെ സംഘാടകമികവിന് ഒരു ചെറിയ ഉദാഹരണം മാത്രം. ചിക്കാഗോയിൽ വെച്ച് നടത്തപ്പെട്ട നിരവധി ദേശീയ വോളിബോൾ ടൂർണമെന്റുകൾക്കും നേതൃത്വം നല്കിയിട്ടുണ്ട്.

വിവിധ രംഗങ്ങളിൽ സഹായം ആവശ്യമുള്ളവർക്ക് ചെയ്യാൻ കഴിയുന്ന ഉപകാരങ്ങൾ ചെയ്തുകൊടുക്കുന്ന ഒരു ശീലത്തിന്റെ ഉടമയാണ് അദ്ദേഹം. അതിനാൽത്തന്നെ വിപുലമായ ഒരു സുഹൃത്വലയം സിറിയക് കൂവക്കാട്ടിലിന് സ്വന്തമായിട്ടുണ്ട്. ഈ വർഷത്തെ അന്താരാഷ്ട്ര വടംവലി മത്സരം ചിക്കാഗോ സോഷ്യൽ ക്ലബിന്റെയും സിറിയക് കൂവക്കാട്ടിലിന്റെയും ചരിത്രത്താളുകളിൽ ഒരു നൂതനാദ്ധ്യായം കൂടി രചിക്കപ്പെടുവാൻ ഇടയാകട്ടെ എന്നാശംസിക്കുന്നു.

പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയ് കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരടങ്ങിയതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. സിറിയക് കൂവക്കാട്ടിലാണ് ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ. കമ്മിറ്റിയിൽ വൈസ് ചെയർമാൻ മാനി കരികുളം, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് ചെയർ ബിനു കൈതക്കതൊട്ടിയിൽ, പിആർഒ മാത്യു തട്ടാമറ്റം എന്നിവരും മത്സരത്തിന്റെ വിജയത്തിനായി മുന്നിട്ടുപ്രവർത്തിക്കുന്നു.

ആയിരക്കണക്കിന് കാണികളെ പ്രതീക്ഷിക്കുന്ന ഈ വടംവലി മാമാങ്കത്തിലേക്ക് എല്ലാവരെയും സംഘാടകർ സ്വാഗതം ചെയ്യുന്നു.



**പുതിയ അഡ്രസ് ശ്രദ്ധിക്കുക:**

MORTON GROVE PARK DISTRICT STADIUM

6834 DEMPSTER ST, MORTON GROVE,

ILLINOIS 60053.

**വിശദവിവരങ്ങൾക്ക്:** റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡണ്ട്)-(630) 935-9655, സിറിയക് കൂവക്കാട്ടിൽ (ടൂർണമെന്റ് ചെയർമാൻ)-(630) 673-3382

## ഫൊക്കാന കേരളാ കൺവൻഷൻ മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു

(3-ാം പേജിൽനിന്നും)

ഒരു ശ്രദ്ധേയമായ മാറ്റത്തിന് തുടക്കംകുറിച്ചതിൽ സന്തോഷമുണ്ട്. കേരളത്തിന്റെ സമഗ്രവികസനത്തിൽ ഫൊക്കാന നടത്തുന്ന ഇടപെടലുകൾ ശ്രദ്ധേയമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി അദ്ധ്യക്ഷത വഹിച്ചു. ഫൊക്കാനയുടെ വളർച്ചയ്ക്കൊപ്പം നല്ലൊരു തുടർച്ച ഉണ്ടാക്കുവാൻ അന്തരിച്ച മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, മുൻ ഫൊക്കാനാ പ്രസിഡണ്ട് ഡോ. എം. അനിരുദ്ധൻ എന്നിവർക്ക് അനുശോചനം അറിയിച്ചുകൊണ്ടായിരുന്നു ഉദ്ഘാടന ചടങ്ങുകൾക്ക് തുടക്കമായത്.



ഫൊക്കാനയുടെ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് വിഖ്യാത ചലച്ചിത്ര സംവിധായകൻ അടൂർ തുടക്കമിട്ടു. 42 വർഷത്തെ ഫൊക്കാനയുടെ ചരിത്രം പരിശോധിക്കുമ്പോൾ അത് തീർത്തും അഭിമാനകരമാണ്. 1983-ൽ ചിക്കാഗോ ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവലിൽ പോയിരുന്നു. എലിപ്പത്തായം സിനിമ അന്നവിടെ പ്രദർശിപ്പിക്കുന്നുണ്ടായിരുന്നു. ഒരാൾ വന്ന് എന്നെ വൈകിട്ട് വീട്ടിലേക്ക് ക്ഷണിച്ചു. അത് ഡോക്ടർ അനിരുദ്ധനായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകളിൽ കൺവൻഷൻ നടക്കുന്നതിൽ അഭിമാനമുണ്ട്.

ഫൊക്കാന ലഹരിക്കെതിരെ കേരളത്തിന്റെ പ്രവർത്തനത്തിൽ പങ്കാളികളാകുന്നതിൽ അതിയായ സന്തോഷമുണ്ട്. ലഹരി സമൂഹത്തിന്റെ സർവ്വനാശമായിരിക്കും എന്ന ഓർമ്മപ്പെടുത്തലായി ഈ സംരംഭം മാറട്ടെ എന്നും അദ്ദേഹം പറഞ്ഞു. കെ.വി. മോഹൻകുമാർ ഐഎഎസ്, വേണു രാജാമണി ഐഎഫ്എസ്, മാധ്യമ പ്രവർത്തകരായ ജോസ് പനച്ചിപ്പുറം, അനിൽ അടൂർ തുടങ്ങിയവർ മുഖ്യാതിഥികളായിരുന്നു. കേരളാ കൺവൻഷൻ ചെയർമാൻ ജോയി ഇട്ടൻ ആമുഖ പ്രഭാഷണം നടത്തി. ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ സ്വാഗതം പറഞ്ഞു. ട്രസ്റ്റി ബോർഡ് ചെയർമാൻ ജോജി തോമസ്, ഡോ. മാത്യൂസ് കെ. ലൂക്കോസ് മന്നിയോട്ട് എന്നിവർ ആശംസകൾ അറിയിച്ചു. ഫൊക്കാന ട്രഷറർ ജോയി ചാക്കപ്പൻ നന്ദിയും അറിയിച്ചു. ഫൊക്കാനയുടെ ഭാരത ശ്രേഷ്ഠ പുരസ്കാരം അടൂർ ഗോപാലകൃഷ്ണനും അക്ഷരമുദ്ര പുരസ്കാരം കെ.വി. മോഹൻകുമാറിനും സാമൂഹ്യ സേവനത്തിനുള്ള അവാർഡ് ഷീബ അമീറിനും വാണിജ്യ ശ്രേഷ്ഠ പുരസ്കാരം ഡോ. ഗീവർഗീസ് യോഹന്നാനും സമ്മാനിച്ചു.

ഡോ. വിജിത് മാത്യുവിനും സാന്റി മാത്യുവിനും പ്രത്യേക പുരസ്കാരവും, മാത്യു മുണ്ടയാനിക്കലിന് വാണിജ്യ ശ്രേഷ്ഠ പുരസ്കാരവും ജോൺസൺ സാമുവലിന് പ്രത്യേക അവാർഡും നൽകി.



# ഫോമായുടെ ആദ്യ ഉന്നതതല വനിതാ സംഗമത്തിലേക്ക് എല്ലാ മലയാളി വനിതകളേയും ക്ഷണിക്കുന്നു

**ഷോളി കുമ്പിളുവേലി**

പെൻസിൽവാനിയ: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ) 'സഖി' എന്ന പേരിൽ ആദ്യമായി ദേശീയതലത്തിൽ വനിതാസംഗമം (വിമൻസ് സമ്മിറ്റ്) സംഘടിപ്പിച്ചുകൊണ്ട് പ്രവർത്തനരംഗത്ത് പുതിയൊരു ചരിത്രം കുറിക്കുന്നു. 2025 സെപ്റ്റംബർ 26 മുതൽ 28 വരെ പെൻസിൽവാനിയയിലെ വിൽക്സ് ബാരെയിലുള്ള വുഡ്ലാൻഡ്സ് ഇൻ ആൻഡ് റിസോർട്ടിൽ വെച്ചാണ് വനിതാസംഗമം നടക്കുക. 'ശാക്തീകരിക്കുക, ഉയർത്തുക, നയിക്കുക' എന്നതാണ് ഇക്കൊല്ലത്തെ വനിതാ സംഗമത്തിന്റെ പ്രമേയം. സ്ത്രീകളുടെ നേട്ടങ്ങളും സൗഹൃദങ്ങളും ആഘോഷിക്കാനും വെല്ലുവിളികളെ മറികടക്കുന്നതിനും വനിതകളെ പ്രാപ്തരാക്കുന്നതിനും വേണ്ടി സമൂഹത്തിലെ ഉന്നത സ്ഥാനങ്ങളിലിരിക്കുന്നവർ, സംരംഭകർ, പ്രഫഷണലുകൾ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള വനിതകളെ ഒരുമിച്ചു കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഫോമായുടെ ദേശീയ വനിതാഫോറം നേതൃത്വം നല്കുന്ന ഈ മഹാസംഗമം പ്രവാസികളും അല്ലാത്തവരുമായ മലയാളി സ്ത്രീകളുടെ ശബ്ദം മലയാളി സമൂഹത്തിന്റെ ഉന്നമനത്തിനായി ഉയർന്നു കേൾക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് നടപ്പാക്കുന്നത്.

വിമൻസ്ഫോറം ചെയർപേഴ്സൺ സ്മിത നോബിന്റെ നേതൃത്വത്തിൽ ഫോമാ ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, ഫോമാ നാഷണൽ വിമൻസ്ഫോറം ഭാരവാഹികളായ ആശ മാത്യു, ജൂലി ബിനോയ്, ഗ്രേസി ജെയിംസ്, വിഷിൻജോ, സ്വപ്ന സജി, മഞ്ജുപിള്ള എന്നിവർ ഈ സമ്മിറ്റിന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നലവ്കിവരുന്നു.

വനിതാസംഗമം സംഘടനയിൽ ഒരു സുപ്രധാന നാഴികക്കല്ലായിരിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. ഫോമായുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി വനിതാസംഗമത്തിലെ വരുമാനത്തിന്റെ ഒരു ഭാഗം ഇന്ത്യയിലെ സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹികക്ഷേമം എന്നിവയ്ക്കും മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

ഇന്ന് സമൂഹത്തിലെ ഏത് രംഗത്തും സ്ത്രീശാക്തീകരണത്തിന്റെ പ്രാധാന്യം വർദ്ധിച്ചു വരുന്നതുകൊണ്ട് ഈ സംഗമത്തിലേക്ക് ഏവരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നതായി സംഘാടകർ അഭിപ്രായപ്പെട്ടു.

സാമൂഹിക നേതൃത്വം, സ്ത്രീശാക്തീകരണം, സാമൂഹിക നന്മ തുടങ്ങി ഒരു പുതിയ അദ്ധ്യായത്തിന്റെ ഭാഗമാകാനും സഹജീവികളുടെ ജീവിതത്തിൽ അർത്ഥവത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ഒപ്പം നിൽക്കുന്നതിനു വേണ്ടിയും അവർ അഭ്യർത്ഥിച്ചു.

**പരിപാടിയുടെ സവിശേഷതകൾ:** 1. ബിസിനസ് രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പ്രഭാഷണങ്ങൾ. 2. നേതൃത്വം, സംരംഭകത്വം, ആരോഗ്യം, ക്ഷേമം, സാംസ്കാരികസ്വത്വം എന്നിവയെക്കുറിച്ചുള്ള പാനൽ ചർച്ചകൾ. 3. സ്ത്രീകളുടെ ഉന്നമനത്തിനും നേതൃപാടവത്തിനും നെറ്റ്‌വർക്കിംഗിനും സഹായിക്കുന്ന വർക്ക്ഷോപ്പുകൾ.

രജിസ്ട്രേഷൻ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. www.fomaa.org/womenssummit2025 എന്ന വെബ്സൈറ്റിലൂടെ സീറ്റ് ബുക്ക് ചെയ്യാം. 2025 ഓഗസ്റ്റ് 1 വരെ ബുക്ക് ചെയ്യുന്നവർക്ക് പ്രീ ബുക്കിംഗ് ഡിസ്കൗണ്ട് ലഭ്യമാണ്.

ഈ മഹാസംഗമം വെറുമൊരു ഒത്തുചേരലല്ല, സ്ത്രീശാക്തീകരണത്തിനുള്ള ഒരു സമ്മേളനമാണ് എന്ന് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ അഭിപ്രായപ്പെട്ടു.

ഇത്തരത്തിലുള്ള ഒരു വനിതാസംഗമം സംഘടിപ്പിക്കുന്നതിൽ അഭിമാനിക്കുന്നതായി ഫോമാ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ പി. ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു.

ഇത് സ്ത്രീകളുടെ പ്രചോദനത്തിനും സഹകരണത്തിനും വളർച്ചയ്ക്കുമുള്ള വേദിയാണ്. എല്ലാ പശ്ചാത്തലങ്ങളിലുമുള്ള വനിതകളും ഇതിൽ ഭാഗഭാക്കാകണമെന്നും അതുപോലെ പരിപാടിയുടെ വിജയത്തിനായി എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും വനിതാഫോറം ഭാരവാഹികൾ അഭ്യർത്ഥിച്ചു. ഒപ്പം സ്പോൺസർമാരോടുള്ള അഗാധമായ നന്ദിയും അവർ അറിയിച്ചു.




# നാടിന്റെ നന്മ ഉത്സവമാക്കിയ കൂടല്ലൂർ ഗ്രാമോത്സവം

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയ മൈതാനത്തു വെച്ച് ചിക്കാഗോ കൂടല്ലൂർ നിവാസികളുടെ സംഗമം-ഗ്രാമോത്സവം പ്രൗഢോജ്ജ്വലമായി നടത്തപ്പെട്ടു.

കഴിഞ്ഞ 27 വർഷവും മുടങ്ങാതെ നടത്തപ്പെടുന്ന സംഗമം ഈ വർഷം ജൂലൈ 27-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ വലിയ ജനപങ്കാളിത്തത്തോടെ ആഘോഷപൂർവം നടത്തപ്പെട്ടു.

വിവിധ കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ പരിപാടികളും ഗ്രാമീണത്തനിമ പുലർത്തുന്ന വിവിധ മത്സരങ്ങളും എല്ലാ പ്രായവിഭാഗങ്ങളെയും കോർത്തിണക്കി നടത്തപ്പെട്ടു.

കൂടല്ലൂർ എന്ന അനുഗൃഹീത ഗ്രാമത്തിന്റെ നന്മ അനുഭവിച്ച് അറിഞ്ഞ് ഏവർക്കും കൂടല്ലൂർ ഗ്രാമോത്സവം ഒരു നവ്യാനുഭവമായി മാറി.





# ടിസാക് അന്താരാഷ്ട്ര വടംവലി മത്സരം ആഗസ്റ്റ് 9-ന്; മേയർ റോബിൻ ഇലക്കാട്ട് അഡ്വൈസറി ചെയർമാൻ

ഹൂസ്റ്റൺ: ടെക്സസ് ഇന്റർനാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബിന്റെ (ടിസ ക്ലബ്) ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സീസൺ 4 അന്താരാഷ്ട്ര വടംവലി ചരിത്ര സംഭവമാക്കാൻ ഹൂസ്റ്റൺ നഗരം ഒരുങ്ങുമ്പോൾ മേയർ റോബിൻ ഇലക്കാട്ട് അഡ്വൈസറി ചെയർമാനായി ടിസാക് കമ്മിറ്റി പ്രവർത്തനമാരംഭിച്ചു.

ജീമോൻ റാന്നി

കലാ-കായികാസ്വാദകൻ കൂടിയായ മലയാളികളുടെ അഭിമാനം മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ടിനോടൊപ്പം ഹൂസ്റ്റണിലെ സാമൂഹിക സാംസ്കാരിക കായികരംഗത്തെ പ്രമുഖരടങ്ങിയ ടിസാക് ടീമാണ് വടംവലി മത്സരത്തിന്റെ അണിയറയിലുള്ളത്.

നിരവധി വടംവലി മത്സരങ്ങൾ നടത്തി പരിചയസമ്പന്നരായ ചാക്കോച്ചൻ മേടയിൽ, ലൂക്ക് കിഴക്കേപ്പുറത്ത് എന്നിവരാണ് ടൂർണമെന്റ് കോ-ഓർഡിനേറ്റർമാർ. ഡാനി വി. രാജു (പ്രസിഡണ്ട്), ജിജോ കരോട്ട് മുണ്ടക്കൽ (സെക്രട്ടറി), റിമൽ തോമസ് (ട്രഷറർ) ജിജു കുളങ്ങര (പിആർഒ), ജോയി തയ്യിൽ (വൈസ് പ്രസിഡണ്ട്), മാത്യൂസ് കറുകക്കളം (ജോ. സെക്രട്ടറി), ഫിലിപ്പ് ചോരത്ത് (ജോ. ട്രഷറർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

ആയിരക്കണക്കിന് ആളുകളെ ഉൾക്കൊള്ളുവാൻ ശേഷിയുള്ള ഫോർട്ട് ബെൻഡ് കൗണ്ടി എപ്പിസെന്ററിലാണ് (Fort bend County Epicenter-Indoor air-conditioning) ഓഗസ്റ്റ് 9-ന് ശനിയാഴ്ചയാണ് മത്സരം. രാവിലെ 9 മുതൽ വൈകുന്നേരം വരെ ഫോർഡ് ബെൻഡ് കൗണ്ടി എപ്പി സെന്ററിൽ നടക്കുന്ന വടംവലി അമേരിക്കയിലെ പ്രഥമ ഇൻഡോർ വടംവലിയായി ചരിത്രത്തിൽ സ്ഥാനംപിടിക്കുമെന്നു അഡ്വൈസറി ചെയർമാൻ റോബിൻ ഇലക്കാട്ട് പറഞ്ഞു.

യുഎസ്എ, കാനഡ, യൂറോപ്പ്, ഗൾഫ് രാജ്യങ്ങളിൽ നിന്നും നിരവധി ടീമുകളാണ് വടംവലിച്ചു ജയം പരീക്ഷിക്കുവാൻ എത്തുന്നത്. വിജയികൾക്കും പങ്കെടുക്കുന്നവർക്കും ക്യാഷ് അവാർഡുകളും നല്കുന്ന ഈ വൻ പരിപാടിക്ക് രണ്ട് ലക്ഷത്തി അമ്പതിനായിരം ഡോളറാണ് ബജറ്റ് ചെയ്തിരിക്കുന്നതെന്ന് പിആർഒ ജിജു കുളങ്ങര പറഞ്ഞു.




പ്രസിഡണ്ട് ഡാനി രാജുവിന്റെ നേതൃത്വത്തിൽ 35 ബോർഡ് ഓഫ് ഡയറക്ടേഴ്സ് അടങ്ങുന്ന ടിസാക് ഹൂസ്റ്റണിലെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കി വരുന്നു.

# സെ. തോമസ് എക്യുമെനിക്കൽ ഫെഡറേഷൻ ഓഫ് നോർത്തമേരിക്കയുടെ പ്രവർത്തനോദ്ഘാടനം

ന്യൂയോർക്ക്: ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന മലയാളി ക്രൈസ്തവ കൂട്ടായ്മയായ സെന്റ് തോമസ് എക്യുമെനിക്കൽ ഫെഡറേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ 2025-26 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും സെന്റ് തോമസ് ദിനാചരണവും ജൂലൈ 27-ന് ഞായറാഴ്ച വൈകിട്ട് 4-ന് എൽമോണ്ടിലുള്ള വിൻസെന്റ് ഡി പോൾ മലങ്കര കത്തോലിക്കാ കത്തീഡ്രലിൽ വെച്ച് വർണ്ണാഭമായി നടന്നു.



മാർത്തോമ്മാ സഭയുടെ നോർത്തമേരിക്കൻ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ചടങ്ങ് ഔപചാരികമായി ഉദ്ഘാടനം ചെയ്തു. സഭയുടെ മേൽഘടകങ്ങളിൽ മാത്രമല്ല, നമ്മുടെ ആരാധനാ സമൂഹങ്ങളിലും എക്യുമെനിക്കൽ കൂട്ടായ്മ ആധുനിക കാലഘട്ടത്തിന്റെ ആവശ്യമാണ്.

മലങ്കര സഭയുടെ അപ്പോസ്തലനായ വിശുദ്ധ തോമ്മാശ്ലീഹായുടെ 'എന്റെ കർത്താവും, എന്റെ ദൈവവുമേ' എന്ന വിശ്വാസപ്രഖ്യാപനം പോലെ, അതേ ആത്മാർത്ഥതയോടെ ക്രൈസ്തവ ഐക്യത്തിനുവേണ്ടി നാം നിലകൊള്ളണമെന്നു മാർ പൗലോസ് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ആഹ്വാനം ചെയ്തു.

മലങ്കര കത്തോലിക്കാ സഭയുടെ യുഎസ്-കാനഡ ഭദ്രാസനാധിപൻ മോസ്റ്റ് റവ.ഡോ. ഫിലിപ്പോസ് മാർ സ്തെഫാനോസ് മുഖ്യപ്രഭാഷണം നടത്തി. 'ക്രൈസ്തവ സഭകളുടെ ഐക്യം ഇന്നത്തെ സാമൂഹിക-ആദ്ധ്യാത്മിക സാഹചര്യത്തിൽ വളരെ ആവശ്യമായ ഒന്നാണ്. വിശ്വാസ സ്വാതന്ത്ര്യത്തിന് എതിരായ നടപടികളായി ഇന്ത്യയിലെ ഛത്തീസ്ഗഢിൽ കന്യാസ്ത്രികൾക്ക് നേരെ നടന്ന നടപടി അപലപനീയമാണ്:'എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

എപ്പിസ്കോപ്പൽ സഭയുടെ ബിഷപ്പായ ഡോ. ജോൺസി ഇട്ടി അനുഗ്രഹപ്രഭാഷണം നടത്തി. "ഒന്നിച്ചുകൂടുവാനും ഒന്നിച്ചു ഭക്ഷിപ്പാനും ഒന്നിച്ചു പാടാനും ഒന്നിച്ചു ചിരിക്കാനും ആവശ്യം വരുമ്പോൾ ഒരുമിച്ചു കരയാനും കഴിയേണ്ടതാണ് ഈ ക്രൈസ്തവ കൂട്ടായ്മയുടെ സാർത്ഥകത" എന്ന് അദ്ദേഹം പറഞ്ഞു.

ഫെഡറേഷൻ പ്രസിഡണ്ടായ റവ. സാം എൻ. ജോഷ്വാ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വൈദിക വൈസ് പ്രസിഡണ്ട് റവ.ഫാ. ജോൺ തോമസ് പ്രാരംഭ പ്രാർത്ഥനയും റവ. ഏബ്രഹാം വർഗീസ് സമാപനപ്രാർത്ഥനയും നടത്തി. അത്മായ വൈസ് പ്രസിഡണ്ട് അനിൽ തോമസ് സ്വാഗതവും ട്രഷറർ ജോർജ് തോമസ് നന്ദിപ്രസംഗവും അറിയിച്ചു.

ഫെഡറേഷൻ മുൻ സെക്രട്ടറി സിബു ജേക്കബിന്റെ ആകസ്മിക നിര്യാണത്തിൽ യോഗം ദുഃഖം രേഖപ്പെടുത്തി. സെക്രട്ടറി ജോബി ജോർജ് അനുശോചനപ്രസംഗം നടത്തി.

സിബു ജേക്കബിന്റെ സ്മരണയ്ക്ക് ഒരുനിമിഷം മൗനം പാലിച്ചതിനുശേഷം ദുഃഖാർത്ഥരായ കുടുംബാംഗങ്ങൾക്കുവേണ്ടി റവ.ബിജു പി. സൈമൺ പ്രത്യേക പ്രാർത്ഥന നടത്തി.

എക്യുമെനിക്കൽ ക്വയർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കി. വിവിധ സഭകളിൽ നിന്നുള്ള പ്രതിനിധികൾ ഒരുക്കിയ കലാപരിപാടികളും പ

ജീമോൻ റാന്നി

രിപാടിയെ വർണ്ണശബളമാക്കി. ചടങ്ങിൽ മറ്റ് വൈദികരായ റവ.ഡോ. പ്രമോദ് സഖറിയാ, ഫാ. നോബി അയ്യനത്ത്, റവ. ജോസി ജോസഫ്, ഫാ. ജെറി വർഗീസ് എന്നിവരും സന്നിഹിതരായിരുന്നു.

ഈ സമ്മേളനം സഭേതര ഐക്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഉത്തമ മാതൃകയായി മാറി. വിവിധ സഭകളുടെ സജീവ പങ്കാളിത്തം ഈ ചടങ്ങിനെ ക്രൈസ്തവ ഐക്യത്തിന്റെ ദീപ്തമായ പ്രതീകമാക്കി.






## വഴിത്താരകൾ

തയ്യാറാക്കിയത്: അനിൽ പെണ്ണുക്കര

# ജെയിംസ് ചെട്ടിയാത്ത്: കലയും സ്നേഹവും നിറഞ്ഞ ഒരു ജീവിതയാത്ര



**നാ**ടിന്റെ മണ്ണിൽ വേരുകളുള്ള, എന്നാൽ ലോകത്തിന്റെ വിശാലതയിൽ സ്വപ്നങ്ങൾ വിരിയിച്ച ഒരു മനുഷ്യന്റെ കഥയാണ് ജെയിംസ് ചെട്ടിയാത്തിന്റേത്. കോട്ടയം ജില്ലയിലെ കൂടല്ലൂർ ഗ്രാമത്തിൽ നിന്ന് അമേരിക്കയിലെ തിരക്കേറിയ നഗരങ്ങളിലേക്ക്, അവിടെ നിന്ന് കലയുടെയും മാന്ത്രികതയുടെയും ലോകത്തേക്ക് നീണ്ട ഈ യാത്ര, സ്നേഹവും സമർപ്പണവും കൊണ്ട് തീർത്ത ഒരു ജീവിത കാവ്യമാണ്.

### വേരുകൾ: കൂടല്ലൂരിന്റെ മണ്ണിൽ

കോട്ടയം ജില്ലയിലെ കിടങ്ങൂരിനും ഏറ്റുമാനൂരിനും ഇടയിൽ, പച്ചപ്പിന്റെ പരവതാനിയിൽ പൊതിഞ്ഞ കൂടല്ലൂർ ഗ്രാമത്തിലാണ് ജെയിംസ് ചെട്ടിയാത്തിന്റെ ജനനം. മാത്യു ചെട്ടിയാത്തിന്റെയും മേരിയുടെയും മകനായി ജനിച്ച ജെയിംസ്, കാർഷിക പാരമ്പര്യത്തിന്റെ ആഴമുള്ള ചെട്ടിയാത്ത് കുടുംബത്തിന്റെ ഭാഗമായി വളർന്നു.

വല്യപ്പൻ കുരുവിള ചെട്ടിയാത്ത്, ഒരു ഭൂപ്രഭുവായിരുന്നു, കുടുംബത്തിന്റെ പ്രൗഢിയും സമ്പത്തും പ്രതിഫലിപ്പിച്ചു. മാത്യുവിന് മൂന്ന് സഹോദരന്മാരും രണ്ട് സഹോദരിമാരും ഉണ്ടായിരുന്നു. ക്നാനായ സഭയിലെ പ്രശസ്ത വൈദികനായ അലക്സ് ചെട്ടിയാത്ത്, ജെയിംസിന്റെ പിതൃസഹോദരനായിരുന്നു, കുടുംബത്തിന്റെ ആത്മീയ പാരമ്പര്യത്തിന്റെ പ്രതീകം.

മാത്യു – മേരി ദമ്പതികൾക്ക് എട്ട് മക്കൾഅഞ്ച് ആൺമക്കളും (അലക്സ്, ജോസ്, കുര്യാക്കോസ്, ജെയിംസ്, ബാബു) മൂന്ന് പെൺമക്കളും (വൽസ, സോഫി, ലിസ). അലക്സ് മരണമടഞ്ഞു, ജോസ് ലാസ് വേഗാസിൽ കുടുംബത്തോടൊപ്പം താമസിക്കുന്നു. മറ്റൊരു സഹോദരൻ സെന്റ് ഗബ്രിയേൽ ബ്രദേഴ്സിന്റെ ഭാഗമായിരുന്നെങ്കിലും അദ്ദേഹവും ഈ ലോകം വിട്ടു. മൂന്ന് സഹോദരിമാരും ബാക്കി സഹോദരന്മാരും അമേരിക്കയിൽ സ്ഥിരതാമസമാക്കി, കുടുംബത്തിന്റെ ആഗോള വ്യാപ്തി പ്രകടമാക്കി.

### വിദ്യാഭ്യാസം: അറിവിന്റെ ആദ്യ ചുവടുകൾ

ജെയിംസിന്റെ വിദ്യാഭ്യാസ യാത്ര കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്ന് തുടങ്ങി, ഗ്രാമത്തിന്റെ ലാളിത്യത്തിനിടയിൽ അറിവിന്റെ വെളിച്ചം പകർന്നു. ഹൈസ്കൂൾ പഠനത്തിന് ശേഷം, അദ്ദേഹം മദ്രാസിലെ (ഇന്നത്തെ ചെന്നൈ) ലെഥർ ഇൻസ്റ്റിറ്റ്യൂട്ടിൽ ലെഥർ ടെക്നോളജി പഠിക്കാൻ ചേർന്നു. ഈ കോഴ്സിനോടൊപ്പം ഫുഡ്വെയർ, ഓർത്തോപിഡിക്സ് ടെക്നോളജി എന്നിവയിലും വൈദഗ്ധ്യം നേടി. 18 മാസത്തെ കഠിനാധ്വാനത്തിനൊടുവിൽ ഡിപ്ലോമ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി, ഒരു പുതിയ ലോകത്തേക്കുള്ള വാതിൽ തുറന്നു.

### തൊഴിൽ ജീവിതം: മദ്രാസിൽ നിന്ന് അമേരിക്കയിലേക്ക്

1970–കളുടെ തുടക്കത്തിൽ, അമേരിക്കയും ഒരു ഇന്ത്യൻ കമ്പനിയും ലെഥർ സംബന്ധമായ കരാർ ഒപ്പിട്ടത് ജെയിംസിന്റെ ജീവിതത്തിൽ വഴിത്തിരിവായി. ഹൂസ്റ്റണിലെ ആത്മെ ഫുഡ്വെയർ കമ്പനി മദ്രാസിൽ ഒരു യൂണിറ്റ് തുടങ്ങിയപ്പോൾ, ജെയിംസിന് അവിടെ ജോലി ലഭിച്ചു. മാനേജർ, സൂപ്പർവൈസർ തസ്തികകളിൽ 4 വർഷം ജോലി ചെയ്ത അദ്ദേഹം, തന്റെ കഴിവും പ്രതിബദ്ധതയും തെളിയിച്ചു.

1974–ൽ, മണലേൽ ജോസഫിന്റെയും നൈത്തിയുടെയും മകളായ, അമേരിക്കയിൽ നഴ്സായി ജോലി ചെയ്തിരുന്ന അന്നമ്മയുമായി (അന്നക്കുട്ടി) ജെയിംസിന്റെ വിവാഹം നടന്നു. വിവാഹത്തിന് ശേഷം, 1974 മാർച്ചിൽ, അദ്ദേഹം അമേരിക്കയിലേക്ക് യാത്ര തിരിച്ചു. ലെഥർ ടെക്നോളജിക്ക് അമേരിക്കയിൽ അവസരങ്ങൾ കുറവാണെന്ന് പലരും മുന്നറിയിപ്പ് നൽകിയെങ്കിലും, ജെയിംസിന്റെ വിശ്വാസവും ഈശ്വരാനുഗ്രഹവും അതിനെ തെറ്റാക്കി. ന്യൂയോർക്കിൽ ഓർത്തോപിഡിക് വിഭാഗത്തിൽ ജോലി ലഭിച്ചു, 4 വർഷം അവിടെ ജോലി ചെയ്തശേഷം, ലോസ് ഏഞ്ചൽസിലേക്ക് മാറി. അവിടെ ഒരു ആശുപത്രിയിൽ ഓർത്തോട്ടിസ്റ്റായി ജോലി ലഭിച്ചു, ഭാര്യയും അതേ ആശുപത്രിയിൽ ജോലി ചെയ്തിരുന്നു.

### സ്വന്തം വഴി: ജെയിംസ് ഓർത്തോപിഡിക് ക്ലിനിക്

കാലിഫോർണിയയിലേക്ക് മാറിയ ശേഷം, ജെയിംസ് രണ്ട് വർഷം മാത്രമാണ് ആശുപത്രിയിൽ ജോലി തുടർന്നത്. സ്വന്തമായി എന്തെങ്കിലും ചെയ്യണമെന്ന ഉൾപ്രേരണ, 'ജെയിംസ് ഓർത്തോപിഡിക് ഷൂ ക്ലിനിക്' എന്ന സ്വപ്നത്തിന് രൂപം നൽകി. ഡയബറ്റിസ് രോഗികൾക്ക് പ്രത്യേകം































രൂപകല്പന ചെയ്ത ഷൂകൾ നിർമ്മിക്കുന്ന ഈ ക്ലിനിക്, 35 വർഷത്തോളം അദ്ദേഹത്തിന്റെ സമർപ്പണത്തിന്റെ പ്രതീകമായി നിന്നു.

'ജെയിംസ് ഓർത്തോപിഡിക്' എന്ന പേര്, കാലിഫോർണിയയിൽ അറിയപ്പെട്ട ഒരു ബ്രാൻഡായി മാറി. 10 വർഷം മുമ്പ്, അദ്ദേഹം ഈ സംരംഭത്തിൽ നിന്ന് വിരമിച്ചു. എന്നാൽ, 6 മാസം മുമ്പ് ഭാര്യയുടെ വിയോഗം, അദ്ദേഹത്തിന്റെ ജീവിതത്തിൽ തീരാനഷ്ടമായി. ജെയിംസിന് മൂന്ന് മക്കളാണ്: ടോബിൻ (ഫാർമസിസ്റ്റ്), ടിനി (ഫുഡ് സയന്റിസ്റ്റ്), ടിം (ഹെൽത്ത് ഡിപ്പാർട്ട്മെന്റ്). മക്കളുടെ വിജയവും അവരോടുള്ള സ്നേഹവും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അഭിമാനമാണ്.

### കലയുടെ ലോകം: പാട്ടുകളിലെ സ്നേഹവും വേദനയും

ജെയിംസിന്റെ ജീവിതത്തിൽ അമ്മയോടുള്ള സ്നേഹം അതിരുകളില്ലാത്തതാണ്. 14 വർഷം മുമ്പ് അമ്മയുടെ വിയോഗം, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു വിടവ് സൃഷ്ടിച്ചു. ആ വിടവ് നികത്താൻ, അമ്മയെക്കുറിച്ച് ചെറിയ പാട്ടുകൾ എഴുതാൻ തുടങ്ങി. ചെറുപ്പത്തിൽ മൂളിപ്പാട്ടുകൾ പാടിയിരുന്ന ജെയിംസിന്, 'കേരള എക്സ്പ്രസിൽ' പ്രസിദ്ധീകരിച്ച ഈ പാട്ടുകൾ, കൂടുതൽ സൃഷ്ടികൾക്ക് പ്രചോദനമായി. ടൂറുകളിലും ക്യാമ്പുകളിലും ഈ പാട്ടുകൾ പാടിയപ്പോൾ, ആളുകളുടെ സ്നേഹവും അംഗീകാരവും ലഭിച്ചു.

നൂറിലധികം പാട്ടുകൾ എഴുതിയ ജെയിംസ്, 5 ആൽബങ്ങൾ പുറത്തിറക്കി. ഭാര്യയുടെ ഓർമ്മകൾക്കായി രണ്ട് ആൽബങ്ങളും, അമ്മയോടുള്ള ആദരവിന്റെ സൂചകമായ 'അമ്മ സ്നേഹം' എന്ന ആൽബവും ഹൃദയസ്പർശിയാണ്. മലയാളത്തിലെ പുതിയ തലമുറയിലെ ഗായകർ മുതൽ പ്രഗത്ഭരായവർ വരെ ഈ ആൽബങ്ങളിൽ പങ്കാളികളായി. ജെയിംസിന്റെ പാട്ടുകളിൽ വേദനയാണ് പ്രധാന വിഷയം. ഭാര്യക്ക് അസുഖമായിരുന്ന (അൻസി മൈഴ്സ്) സമയത്തെ പ്രയാസങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പല പാട്ടുകളും രചിച്ചത്. "എന്റെ പാട്ടുകൾ അവസാനം സങ്കടത്തിൽ എത്തുന്നു," ജെയിംസ് പറയുന്നു. സഹോദരന്മാരും അളിയന്മാരും സന്തോഷം നിറഞ്ഞ പാട്ടുകൾ എഴുതാൻ ആവശ്യപ്പെട്ടെങ്കിലും, അദ്ദേഹത്തിന്റെ ഹൃദയം വേദനയിലാണ് സ്പന്ദിക്കുന്നത്. ഇപ്പോൾ, എഴുതിയ പാട്ടുകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കാനുള്ള ഒരുക്കത്തിലാണ്.

### മാജിക്കിന്റെ മായാലോകം

മകൾ ടിനിക്ക് കുഞ്ഞുണ്ടായപ്പോൾ, കുഞ്ഞിനെ രസിപ്പിക്കാൻ ജെയിംസ് ചെറിയ മാജിക് കാണിച്ചു തുടങ്ങി. ഇന്റർനെറ്റിൽ നിന്ന് പഠിച്ച മാജിക്കുകൾ, ഒരു ഗുരുവിന്റെ മാർഗനിർദേശം ആവശ്യമാണെന്ന തോന്നലിലേക്ക് നയിച്ചു. ലോസ് ഏഞ്ചൽസിലെ ക്നാനായ, കേരള, കാത്തലിക്, മലയാളി അസോസിയേഷനുകളിലെ സജീവ പ്രവർത്തനങ്ങളിലൂടെ, പ്രശസ്ത മാന്ത്രികനായ ഗോപിനാഥ് മുതുകാടിനെ പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ ശിഷ്യനായി മാജിക് പഠിച്ച ജെയിംസ്, 'മാജിക് അപ്പച്ചൻ' എന്ന പേര് സ്വന്തമാക്കി.

ടിക്ടോക്കിൽ മൂവായിരത്തിലധികം ഫോളോവേഴ്സുള്ള ജെയിംസിന്റെ മാജിക്, പ്രത്യേകിച്ച് കുട്ടികൾക്കിടയിൽ ഏറെ പ്രിയപ്പെട്ടതാണ്. "മാജിക്കിന്റെ കൗതുകം എല്ലാവരെയും ആകർഷിക്കുന്നു," അദ്ദേഹം പറയുന്നു. യാത്രകളിലും നാട്ടിലെത്തുമ്പോഴും, ജെയിംസ് മാജിക് അവതരിപ്പിക്കുന്നു. ഈജിപ്തിലെ ഒരു കപ്പലിൽ മാജിക് കാണിച്ചത്, അദ്ദേഹത്തിന്റെ ജീവിതത്തിലെ അവിസ്മരണീയ നിമിഷമായി. "മാജിക് കാണിക്കുമ്പോൾ എല്ലാം മറക്കുന്നു; കുട്ടികളുടെ സന്തോഷം കാണുമ്പോൾ നിർവൃതിയാണ്," ജെയിംസ് പങ്കുവെക്കുന്നു.

### സമുദായ സേവനം: ഒരു ജീവിത ദൗത്യം

ന്യൂയോർക്കിലും കാലിഫോർണിയയിലും, ജെയിംസ് ക്നാനായ സമുദായ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. അഭിവന്ദ്യ കുന്നശേരി പിതാവുമായുള്ള കുടുംബ ബന്ധം, സമുദായവുമായുള്ള ആത്മബന്ധം ശക്തിപ്പെടുത്തി. പിതാവിന്റെ സഹോദരൻ സഭയിൽ വൈദികനായിരുന്നതിനാൽ, ഈ ബന്ധം കൂടുതൽ ആഴമേറിയതായി. ലോസ് ഏഞ്ചൽസിൽ കേരള കാത്തലിക് അസോസിയേഷൻ തുടങ്ങിയപ്പോൾ, ജെയിംസ് അതിന്റെ പ്രസിഡന്റായിരുന്നു. ക്നാനായ, കേരള അസോസിയേഷനുകളിൽ ഇപ്പോഴും സജീവമായ അദ്ദേഹം, "എപ്പോഴും സജീവമായിരിക്കുക" എന്ന ജീവിതനയം പിന്തുടരുന്നു.

### കവിതയുടെ കൈ പിടിച്ചു നടക്കുമ്പോൾ ഒരാകാശം പിറകെ വരും പോലെ: എഴുത്തും പുസ്തകവും


ഓർമ്മക്കുറവ് ഒരു രോഗമാണോ അതോ മരണത്തിലേക്കുള്ള പാതയാണോ? മറവി എന്ന കവിതയിലെ ജെയിംസ് ചെട്ടിയാത്തിന്റെ ഈ ചോദ്യത്തിന് ഉത്തരങ്ങളെ ഇല്ല. കാരണം ഒരു തരത്തിൽ മറവി ഓർമ്മകൾ കൊണ്ട് നിർമ്മിക്കപ്പെട്ട മനുഷ്യരുടെ മരണം തന്നെയാണ്. മുഖം പുറത്തിറക്കുന്ന കവിതാ സമാഹാരം എഴുത്തിൽ മാന്ത്രികത സൂക്ഷിക്കുന്ന ഒരു മനുഷ്യനെ കൂടി സാഹിത്യ ലോകത്തിന് പരിചയപ്പെടുത്തും എന്നതിൽ സംശയം വേണ്ട.


സ്നേഹം, ദുഃഖം, സമൂഹം, ജീവിതം, പ്രതിസന്ധി തുടങ്ങി എല്ലാം വന്നുപോകുന്ന ജെയിംസ് ചെട്ടിയാത്തിന്റെ കവിതകൾ ഭാഷയുടെ ലാളിത്യം കൊണ്ടും, അതിന്റെ അച്ചടക്കം കൊണ്ടും ശ്രദ്ധിക്കപ്പെടാൻ പോകുന്നവയാണ്. അപ്പനും അമ്മയും മരിച്ചു കഴിഞ്ഞാൽ എന്ന ഒരു കവിതയിൽ, പ്രിയപ്പെട്ടവരുടെ മരണത്തിന് പൊതുസമൂഹം ഇപ്പോൾ നൽകുന്ന പ്രധാന്യവും, സ്ഥിരമായി കണ്ട് വരുന്ന രീതികളും ചർച്ച ചെയ്യുമ്പോൾ അത് സമൂഹത്തിന് നേരെയുള്ള ഒരു ചൂണ്ടുവിരൽ കൂടിയായി മാറുകയാണ്. അതു കൊണ്ട് തന്നെ വായിക്കപ്പെടാൻ ഒരുപാട് സാധ്യതകൾ ഉള്ള ഒരു പുസ്തകമാണ് ഇനി വരാനിരിക്കുന്നത്.


### ജീവിതത്തിന്റെ താളം: സന്തോഷവും സമർപ്പണവും

മാജിക്കും എഴുത്തുമാണ് ഇന്ന് ജെയിംസ് ചെട്ടിയാത്തിന്റെ ജീവിതത്തിന്റെ താളം. മാജിക് കാണിക്കുമ്പോൾ, ദുഃഖങ്ങൾ മറക്കുന്നു; കുട്ടികളുടെയും ചുറ്റുമുള്ളവരുടെയും പുഞ്ചിരി അദ്ദേഹത്തിന് ഊർജമാകുന്നു. "എനിക്കും എന്നെ കാണുന്നവർക്കും കേൾക്കുന്നവർക്കും സന്തോഷം നൽകാൻ കഴിയുന്നു," ജെയിംസ് പറയുന്നു. അദ്ദേഹത്തിന്റെ പാട്ടുകളും മാജിക്കും, ഒരു ഗ്രാമത്തിൽ നിന്ന് ലോകത്തിന്റെ വിവിധ കോണുകളിലേക്ക് സ്നേഹത്തിന്റെയും കലയുടെയും സന്ദേശം എത്തിക്കുന്നു.

ജെയിംസ് ചെട്ടിയാത്തിന്റെ ജീവിതം, കഠിനാധ്വാനം, കുടുംബത്തോടുള്ള സ്നേഹം, കലയോടുള്ള അഭിനിവേശം, സമുദായത്തോടുള്ള പ്രതിബദ്ധത എന്നിവയുടെ സമന്വയമാണ്. ഒരു ഗ്രാമീണ ബാല്യത്തിൽ നിന്ന് അമേരിക്കയിലെ വിജയകരമായ ഒരു സംരംഭകനായും, 'മാജിക് അപ്പച്ചനാ'യും, ഹൃദയസ്പർശിയായ പാട്ടുകളുടെ രചയിതാവായും മാറിയ ജെയിംസ്, ജീവിതം ഒരു കലയാണെന്ന് തെളിയിക്കുന്നു.




വാരാന്ത്യം

# ആയിരം പൂർണ്ണചന്ദ്രന്മാരെക്കണ്ട അടൂർ ഗോപാലകൃഷ്ണൻ

ലേഖനം



ശ്രീകുമാർ ഉണ്ണിത്താൻ



സിനിമയും ജീവിതവും തമ്മിൽ ഏറ്റവും ചേർച്ചയുള്ള രണ്ടു അക്ഷരങ്ങൾക്കിടയിലെ വിടവ് മാത്രമേ സൂക്ഷിക്കുന്നുള്ളൂ എന്ന് ലോകത്തോട് വിളിച്ചു പറഞ്ഞ ഒരേയൊരാൾ അടൂർ ഗോപാലകൃഷ്ണനാണ്. അതുകൊണ്ട് തന്നെ മലയാള സിനിമയുടെ തലതൊട്ടപ്പൻ എന്ന് ഞാൻ അദ്ദേഹത്തെ അടയാളപ്പെടുത്തുന്നു. ചലച്ചിത്രമാധ്യമത്തെ വിനോദത്തിന്റെയും, വ്യാപാരത്തിന്റെയും ചട്ടക്കൂടുകളിൽ നിന്ന് പുറത്തുകൊണ്ട് യാഥാർത്ഥ്യത്തെയും മനുഷ്യനിലെ സങ്കീർണ്ണതകളെയും അന്വേഷിക്കുന്ന ഒരു കലാരൂപമായി അദ്ദേഹം മാറ്റിമറിച്ചു. അതോടെ സിനിമാലോകത്ത് വിപ്ലവം സൃഷ്ടിച്ച മനുഷ്യരിൽ അടൂരിന്റെ പേരും ആലേഖനം ചെയ്യപ്പെട്ടു.

അദ്ദേഹത്തിന്റെ സിനിമകൾ ആസ്വദിക്കാൻ പതിവ് പ്രേക്ഷകരെ അപേക്ഷിച്ച് ഒരളവ് കൂടുതൽ സമർപ്പണവും ശ്രദ്ധയും ആവശ്യമാണ്, കാരണം അതിന്റെ ഉള്ളടക്കം ദീർഘ നേരത്തിലൂടെയുള്ള ഒരു പുസ്തക വായനയ്ക്ക് വേണ്ട സമയമെടുത്തു മാത്രമേ മുഴുവനായി അനുഭവിക്കാൻ കഴിയൂ. അതുകൊണ്ട് തന്നെ എല്ലാവരുടെയും കപ്പിലെ ചായയല്ല അടൂരിന്റെ സിനിമകൾ, പക്ഷേ, അതിൽ ജീവിതമുണ്ട്, സംസ്കാരവും സന്ദേശവുമുണ്ട്. വിദേശത്ത് മലയാള സിനിമ അറിയപ്പെട്ടിരുന്നത് തന്നെ അടൂരിന്റെ ചിത്രങ്ങളുടെ പേരിലായിരുന്നു. അത്രത്തോളം കലാമൂല്യമുള്ള സിനിമകൾ സൃഷ്ടിച്ച മറ്റൊരാൾ ഇല്ല എന്ന് തന്നെ പറയേണ്ടി വരും.

വെനീസ്, കാൻസ്, ബെർലിൻ തുടങ്ങിയ പ്രശസ്ത ചലച്ചിത്ര മേളകളിൽ അദ്ദേഹത്തിന്റെ സിനിമകൾ പ്രദർശിപ്പിക്കപ്പെട്ടു. അവിടെ നിന്നും നിരവധി അംഗീകാരം അദ്ദേഹം നേടിയിട്ടുണ്ട്.

പദ്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ, ദാദാസാഹേബ് ഫാൽക്കേ അവാർഡ് തുടങ്ങി ഭാരതത്തിന്റെ പരമോന്നത സിനിമാപുരസ്കാരങ്ങൾ അദ്ദേഹത്തെ തേടി വന്നിട്ടുണ്ട്. ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, ഫ്രഞ്ച് ഗവൺമെന്റ് എന്നിവയും അദ്ദേഹത്തെ ആദരിച്ചു. അദ്ദേഹത്തിന്റെ സിനിമകൾ ഫാന്റസിയോ, ഇല്ലായ്മകളോ നിറഞ്ഞതല്ല മറിച്ച് ജീവിതത്തിന്റെ ഇടതൂർന്ന വഴികളിലൂടെയുള്ള യാത്രകളാണ് അവ സമ്മാനിക്കുന്നത്.

അടൂർ ഗോപാലകൃഷ്ണന്റെ സിനിമകളിൽ നിശബ്ദതയ്ക്ക് വാക്കുകളെക്കാൾ വലിയ സ്ഥാനം ഉണ്ട് എന്നത് മറ്റൊരു പ്രത്യേകതയാണ്. ഒരു നീണ്ട കാഴ്ചയിലൂടെയോ തളർന്ന ഒരു പെരുമഴയിലൂടെയോ പോലും അദ്ദേഹം കഥാപാത്രത്തിന്റെ മാനസികാവസ്ഥയെ മനോഹരമായി അവതരിപ്പിക്കുന്നു. വളരെ ചുരുങ്ങിയ സംഭാഷണങ്ങളാണ് പല ചിത്രങ്ങളിലും കാണപ്പെടുന്നത്, പക്ഷേ, അതിനേക്കാൾ ശക്തമായ ചിന്തകൾ ദൃശ്യമാധ്യമത്തിൽ അദ്ദേഹം പ്രത്യക്ഷപ്പെടുന്നുണ്ട്. അടൂർ ഒരുപക്ഷേ, കാലാതീതനായ സിനിമാക്കാരൻ ആണെന്ന് തന്നെ ഞാൻ എഴുതും, കാരണം ഇപ്പോഴും പാഠ്യപദ്ധതിയിൽ പോലും അടൂരിന്റെ സിനിമകൾ ഉണ്ട്. അതായത് അദ്ദേഹം എല്ലാക്കാലവും ചർച്ച ചെയ്യപ്പെടും എന്ന് സാരം. അടൂരിന്റെ ഓരോ സിനിമയും നിർമ്മിക്കപ്പെട്ടത് ശ്രദ്ധയുടെ മുഴുവൻ തീവ്രതയും അർപ്പിച്ചാണ് എന്ന് പലരും എഴുതിക്കണ്ടിരുന്നു. അതുകൊണ്ട് തന്നെ അദ്ദേഹം ചെയ്ത ഓരോ ചലച്ചിത്രസംരംഭവും നമ്മുടെ സമൂഹത്തെക്കുറിച്ചും നമ്മുടെ ആത്മാവിനെക്കുറിച്ചും ആഴത്തിൽ ചിന്തിപ്പിക്കുന്നു. അവ കാണുമ്പോൾ അത് നമ്മുടെ ജീവിതവുമായി ബന്ധപ്പെടുന്നു, ഒരിക്കൽ പോലും അതിശയോക്തിയില്ലാതെ. ആയിരം പൂർണ്ണചന്ദ്രന്മാരെക്കണ്ട അടൂർ ഗോപാലകൃഷ്ണൻ മലയാളത്തിന്റെ രത്നമായി ഇന്നും നിലനിൽക്കുകയാണ് പ്രഭയോടെ.





# ചിരിപ്പിച്ച മനുഷ്യർ കരയിപ്പിക്കുന്നു

ലേഖനം



ഷിബു ഗോപാലകൃഷ്ണൻ

ചിലർക്ക് ആകാശദൂതിലെ ആനിയായിരിക്കും, മറ്റുചിലർക്ക് കല്ലൂർ രാമനാഥൻ ആയിരിക്കും, വേറെ ചിലർക്ക് സേതുമാധവനും അച്യുതൻനായരും ആയിരിക്കും, ഇനിയും ചിലർക്ക് രാഘവൻ മാഷ് ആയിരിക്കും, അല്ലെങ്കിൽ ദശരഥത്തിലെ ജീവൻ മേനോൻ, അതുമല്ലെങ്കിൽ കൗരവരിലെ ആന്റണി. എന്നാൽ എനിക്കത്, വാത്സല്യത്തിലെ കുഞ്ഞൻനായരാണ്, അബൂബക്കറാണ്.

'എനിക്ക് ഇവിടെ നിന്റെ ആട്ടും തുപ്പും സഹിച്ചു കഴിഞ്ഞാൽ മതി, എന്നെ പറഞ്ഞു വിടരുത് മോനെ' എന്ന് ബീഡിപ്പുക വീണു ചുമ മൂടിക്കെട്ടി നിൽക്കുന്ന തൊണ്ടകൊണ്ട് അയാൾ മേലേടത്ത് രാഘവൻനായരോട് പറയുമ്പോൾ ഉള്ളിൽ നിന്നൊരു കരച്ചിൽ അലച്ചുകയറി വരും. അതിനും വേണ്ടി എന്താണ് അബൂബക്കർ ആ കഥാപാത്രത്തോട് ചെയ്തു വച്ചിരിക്കുന്നത് എന്നറിയില്ല, ഇപ്പോൾ കണ്ടാലും കുഞ്ഞമ്മാമ്മ ഒരു കാര്യവുമില്ലാതെ കരയിപ്പിക്കും. എല്ലാ അടരുകൾക്കും അപ്പുറത്ത് ആഴത്തിൽ നമ്മളിലെ മനുഷ്യനെ തൊടും, തൊട്ടു നനയ്ക്കും. 'നീ എന്റെ പൊന്നു മോനാടാ' എന്നു പറയുമ്പോൾ അയാൾ മാത്രമല്ല കരഞ്ഞത് വരാനിരിക്കുന്ന മനുഷ്യരെ കൂടി അയാൾ കരച്ചിലിനു തീറെഴുതി.

ആ അബൂബക്കർ ചെയ്ത പ്രായശ്ചിത്തമായിരുന്നു കലാഭവൻ നവാസും നിയാസ് ബക്കറും. അവർ കരയിപ്പിച്ചില്ല, കുടുകുടെ ചിരിപ്പിച്ചു. വാപ്പ ചെയ്ത കടുംകൈക്ക് അവർ ചിരിയുടെ മാലപ്പടക്കങ്ങൾ കൊണ്ട് പരിഹാരക്രിയ ചെയ്തു.


അല്ലെങ്കിലും ഏറ്റവും കൂടുതൽ ചിരിപ്പിച്ച മനുഷ്യർക്കാണ് നമ്മളെ ഏറ്റവും കൂടുതൽ കരയിപ്പിക്കാനും കഴിയുന്നത്.

വാരാന്ത്യം

പണിക്കത്തി



രാജീവ് പണിക്കർ



# ഇതിന് ചികിത്സയില്ല

## ‘ഠോ!’

ഇലക്ട്രോണിക്സ് ലാബിലെ നല്ല വെളുത്തു സുന്ദരിയായ ഇൻസ്ട്രക്ടർ ശക്തിയായി ഞെട്ടി, ചുവന്നു തുടുത്ത് ശബ്ദം കേട്ടിടത്തേക്ക് നോക്കി.

പിന്നെ ഒരു വശം കരിഞ്ഞ ബ്രെഡ്ബോർഡും കൈയിലെടുത്ത് കൊരട്ടി പോളിടെക്നിക്കിൽ മാത്രം കണ്ടു വരുന്ന ഒരു ചിരി(ഇളി)യുമായി നിൽക്കുന്ന എന്നെയും നോക്കി...

ഇലക്ട്രോണിക്സ് പഠിച്ചു തുടങ്ങിയപ്പോൾ ആദ്യം കണ്ട ഐറ്റംസിൽ ഒന്നായിരുന്നു റെസിസ്റ്റർ. സർക്യൂട്ടിന്റെ എലിബ്രം പുലിബ്രം ഭാഗത്ത് റെസിസ്റ്റർ വന്നാൽ കറന്റ് ഉപഭോഗം കുറയും എന്നൊരു ചാപ്റ്റർ തന്നെ ഉണ്ടായിരുന്നു പഠിക്കാൻ... പക്ഷേ, സൂക്ഷിച്ചു പയോഗിച്ചില്ലെങ്കിൽ ചിലപ്പോൾ ലൈറ്റ് കത്തുന്നതിനു പകരം മൊത്തം കത്തും!

ഓരോ സർക്യൂട്ടിലും ഓരോ തരം റെസിസ്റ്ററുകൾ ഉപയോഗിക്കണമായിരുന്നു.. ഓം എന്ന അളവിൽ (Ohm) ആയിരുന്നു റെസിസ്റ്ററുകളുടെ വാല്യൂ. കൂടിയ കറന്റ് ഉപയോഗിക്കുമ്പോൾ കൂടിയ ഓം വാല്യൂ. അതാകട്ടെ റെസിസ്റ്ററിന്റെ പുറത്ത് രേഖപ്പെടുത്തിയ കളർ സീക്വൻസ് കൊണ്ടായിരുന്നു തിരിച്ചറിഞ്ഞിരുന്നത്. പ്രസ്തുത സംഭവം വലിയ ഓം വാല്യൂ വേണ്ട ഏതോ സർക്യൂട്ടിൽ ഞാൻ കൈയിൽ കിട്ടിയ ഒരെണ്ണം വെച്ചു വിട്ടതായിരുന്നു..

രണ്ടുമൂന്നു പ്രാവശ്യം ഇത് ആവർത്തിച്ചപ്പോൾ ഞാൻ നോക്കീം കണ്ടും മൾട്ടിമീറ്റർ ഉപയോഗിച്ചും ഒക്കെ റെസിസ്റ്റർ സെലക്ട് ചെയ്ത് പ്രശ്നം പരിഹരിച്ചു.

അല്ലെങ്കിലും യന്ത്രങ്ങളുടെ പ്രവർത്തനരീതി പഠിക്കലാണല്ലോ പോളിടെക്നിക്ക്! പരീക്ഷയ്ക്ക് റെസിസ്റ്ററിനെപ്പറ്റി ഒന്നും ചോയ്ക്കാഞ്ഞ കാരണം ഞാൻ അത് വല്യ കാര്യമായിട്ട് എടുത്തുമില്ല...

പിന്നെയൊരിക്കൽ വീട്ടിലെ മോഡം കേടായി! സർവീസിനായി വിളിച്ചപ്പോൾ അവന്റെ ഒരു ചോദ്യം. ഇപ്പൊ മോഡത്തിൽ എന്തൊക്കെ ലൈറ്റുകൾ ഉണ്ട് എന്ന്.. ഞാൻ നോക്കി. മൊത്തം നാല് ലൈറ്റുകൾ.. ഒരെണ്ണം ബ്ലിങ്ക് ചെയ്യുന്നുണ്ട്. പറഞ്ഞപ്പോ അവനത് പോരാ പോലും. കളർ പറയണം പോലും.. അന്നേരമാണ് ഞാൻ അത് പല കളറാണെന്ന് തന്നെ മനസ്സിലാക്കുന്നത്...

ഇതിനിടെ ഞാൻ കലാപരമായി ഒക്കെ ചിന്തിച്ചു തുടങ്ങിയതു കൊണ്ട് അൽപം ഫോട്ടോഷോപ്പ് ഒക്കെ പഠിച്ചേക്കാം എന്നു തീരുമാനിച്ചു. പഠിച്ചു കഴിഞ്ഞപ്പോ ബ്ലാക് ആൻഡ് വൈറ്റ് പടങ്ങളെ കളറീകരിക്കുക തുടങ്ങിയ അന്നത്തെ കലാപരിപാടികളിൽ ഏർപ്പെടുകയും ചെയ്തു.

അങ്ങനെ ഒരു ദിവസം, മരിച്ചുപോയ അമ്മയുടെ ഒരു ബ്ളാക് ആൻഡ് വൈറ്റ് പടം റിപ്പയർ ചെയ്ത് കളറാക്കാനായി ഒരു ചങ്ങാതി വന്നു. ഞാൻ പടം സെറ്റാക്കി ഫ്രെയിം ചെയ്ത് കൊടുക്കുകയും ചെയ്തു.

അന്നു വൈകുന്നേരം കൂട്ടുകാരുടെ കൂടെ ഒരു ചായയൊക്കെ കുടിച്ച് ഞാൻ വരുമ്പോഴുണ്ട് നമ്മുടെ ചങ്ങാതി എതിരെ നിൽക്കുന്നു. കട്ടക്കലിപ്പിലാണ്..

‘എന്താടാ ഇത്?’

‘ഏത്?’

അമ്മയുടെ പടം പുള്ളി പുറത്തെടുത്തു... ഞാൻ നോക്കി. നല്ല കലക്കൻ പടം.

‘ഇതിനെന്നാ കൊഴപ്പം?’

പിന്നീടുള്ള നോൺ ഡിക്ഷ്ണറിക്കൽ വാക്കുകളിൽ നിന്നും എനിക്കു കാര്യം മനസ്സിലായി...

സ്കിൻ ടോണിന് പകരം അമ്മയെ ഞാൻ നല്ല പച്ച നിറത്തിലാണ് കളർ ചെയ്തിരിക്കുന്നത്. മുജ്ജൻമസുകൃതം! അയാൾക്ക് തല്ലാൻ തോന്നിയില്ല!

ഇത്രയൊക്കെയായപ്പോഴേയ്ക്ക് ഞാൻ ഒരു ഡോക്ടറെക്കാണാൻ തീരുമാനിച്ചു.

നല്ല ഒരു ഹോസ്പിറ്റലിൽ നല്ല ഒരു ഡോക്ടറെത്തന്നെ കണ്ടു. അൽപ നേരം കഴിഞ്ഞപ്പോൾ, നോക്കി രസിക്കാൻ ഡോക്ടർ ഒരു പുസ്തകം തന്നു. മൊത്തം പല കളറുകളിലുള്ള വട്ടങ്ങൾ കൊണ്ട് രൂപപ്പെടുത്തിയ വലിയ ഒരു വട്ടം. അങ്ങനെ നൂറു വട്ടങ്ങളുള്ള ഒരു പുസ്തകം. ചില വട്ടങ്ങൾക്കുള്ളിൽ വേറെ ചില കളർ വട്ടങ്ങൾ കൊണ്ടുള്ള അക്ഷരങ്ങളോ അക്കങ്ങളോ ഉണ്ട്.

അൽപ സമയം കഴിഞ്ഞ് ഡോക്ടർ വന്നു. ചോദിച്ചു.

‘എത്ര നമ്പർ കിട്ടി?’

‘നമ്പറോ?’

‘അതെ. നമ്പർ... ആ വട്ടങ്ങൾക്കുള്ളിൽ നമ്പർ എഴുതിയിട്ടുണ്ടല്ലോ... എല്ലാ വട്ടങ്ങൾക്കുള്ളിലും നമ്പറുകളുണ്ട്. പല കളർ ബബിൾസിൽ വേറെ കളറുകൾ കൊണ്ട് ഒരു നമ്പർ ഉണ്ടാകും’

‘ഒരു പത്തു മുപ്പതെണ്ണം കണ്ടു.’

‘അപ്പോ ബാക്കി എഴുപതെണ്ണം കാണാൻ പറ്റിയില്ല.’

‘ഇല്ല.’

‘ഇത് ഇതിനു മുൻപ് ആരെയെങ്കിലും കാണിച്ചോ?’

‘എന്ത്?’

‘ഈ കളർ തിരിയാത്തത്’

‘ഇല്ല. കാണിച്ചിരുന്നെങ്കിൽ എല്ലാ അക്കവും കണ്ടേനെയോ?’

‘ഇല്ല. ഇതാണ് കളർ ബ്ളൈൻഡ്നെസ്.’

അപ്പോ... ദങ്ങനെയാണ് കാര്യങ്ങൾ! റെസിസ്റ്റർ അല്ല, മോഡമല്ല അതിന്റെ അപ്പൂപ്പൻ വിചാരിച്ചാലും എനിക്ക് കളർ തിരിഞ്ഞെന്ന് വരൂല്ല!

വീണ്ടും ഡോക്ടർ..

‘ആട്ടെ.. ട്രാഫിക് സിഗ്നലിലെ ലൈറ്റുകൾ തിരിച്ചറിയാമോ?’

‘അറിയാം..’

‘പറഞ്ഞേ...’

‘മുകളിൽ ചുവപ്പ്, നടുക്ക് മഞ്ഞ, താഴെ പച്ച. പച്ച മാത്രം ആരോ മാർക്കായിരിക്കും....പച്ച വന്നാ വണ്ടി പോകാം.’

ഡോക്ടർ പയ്യെ എണീറ്റു...

‘അതു മതി. പോട്ടെ...വണ്ടി പോട്ടെ.... ഇതിനേയ്... ചികിത്സയില്ല... ഇങ്ങനെ തന്നെ പോട്ടെ.. മുന്നോട്ടു പോട്ടെ.... 70 അക്കങ്ങളില്ലെങ്കിലും കുഴപ്പമില്ല... വണ്ടി മുന്നോട്ടു തന്നെ പോട്ടെ......

പാ.. പാ... ടിംഗ് ടിംഗ്....’

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

# ജോലിയില്ലാത്തച്ഛൻ



കവിത



രതീഷ് അഞ്ചാലുംമൂട്

ജോലിയില്ലാത്തച്ഛൻ
ഉറക്കെ ചുമയ്ക്കുന്നുണ്ട്...
കുരയ്ക്കരുതെന്നു ഭാര്യ...

ചിരിച്ചു ചിരിച്ചു
മീശയിൽ പിടിച്ചു വലിക്കുന്നുണ്ട്
കുട്ടികൾ...

ഇങ്ങേർക്കെന്തിന്
മീശയെന്നു
അടുക്കളയിൽ
നിന്ന് ചാടിവീണൊരു
കുത്തുവാക്ക്...

കഞ്ഞിപാത്രം
ചുട്ടപപ്പടം ചമ്മന്തി
കൂടെ തൊട്ടുനക്കാൻ
നാടൻതെറി ചെറുതൊന്ന്...

നാക്കുയരാതെ
ജോലിയില്ലാത്തൊരച്ഛൻ
കൂനിയ മുതുകിൽ
ചെരുപ്പിന്റെ ഫോട്ടോസ്റ്റാറ്റ്...

ഒളിച്ചു വയ്ക്കപ്പെട്ട
സോപ്പുപൊടി തിരഞ്ഞു
കുഴഞ്ഞൊടുവിൽ
പച്ചവെള്ളത്തിലലക്കി

അഴുക്കുപോകാതെ
ഉണങ്ങുന്നുണ്ട്
ആരും കാണാത്ത
കണ്ണീരുപറ്റിയൊരു കുപ്പായം...

ചത്തെങ്കിലെന്നൊരു
വാക്ശരം കൊണ്ടു
മനസ്സു മുറിഞ്ഞുചതഞ്ഞു...

ജോലിയില്ലാത്തച്ഛൻ
തൂങ്ങിയാടുന്നുണ്ട്...
നിലവിളിക്കുന്നുണ്ട്
തെറിവിളിച്ചവർ...

തൊഴിലിടങ്ങളിൽ
ക്ഷതമേറ്റ നട്ടെല്ലിൽ
അച്ഛനിപ്പോൾ
വേദനയില്ലത്രേ...

ജോലിയില്ലാത്തച്ഛൻ
മരണത്തെ തൊട്ടപ്പോൾ
ഒരു കിളിക്കുഞ്ഞും കാണാതെ
നാക്കുയർത്തിയത്രേ.

ജോലിയില്ലാത്തച്ഛൻമാർ
നിരോധിച്ചനോട്ടുപോലെയത്രേ
വിലയില്ലാത്തവെറും
കടലാസ് കഷണം.

# കൊപ്പേലിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനു ഭക്തിനിർഭരമായ സമാപനം

**മാർട്ടിൻ വിലങ്ങോലിൽ**

ടെക്സാസ്: കേരളസഭയുടെ പുണ്യവും ഭാരതത്തിന്റെ പ്രഥമ വിശുദ്ധയുമായ വി. അൽഫോൻസാമ്മയുടെ പത്തുദിവസം നീണ്ട തിരുനാളിനു കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ ദേവാലയത്തിൽ ഭക്തിനിർഭരമായ സമാപനം. അമേരിക്കയിലെ ഭരണങ്ങാനം എന്നറിയപ്പെടുന്ന കൊപ്പേൽ സെന്റ് അൽഫോൻസാ ദേവാലയത്തിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നടന്ന തിരുനാളുകളിൽ നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്ത് അൽഫോൻസാമ്മയുടെ അനുഗ്രഹം തേടി.

പ്രധാന തിരുനാൾ ദിവസമായ ജൂലൈ 27-ന് ഞായറാഴ്ച വൈകുന്നേരം 6-ന് നടന്ന ആഘോഷമായ തിരുനാൾ കുർബാനയിലും ശുശ്രൂഷകളിലും ചിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് മുഖ്യകാർമ്മികനായി. ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസി. വികാരി ഫാ. ജിമ്മി എടക്കുളത്തൂർ, ഫാ. ജോസഫ് അലക്സ് എന്നിവർ സഹകാർമ്മികരായിരുന്നു.

ടെക്സാസിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അനേകർ തിരുനാളുകളിൽ പങ്കെടുക്കുവാനും അൽഫോൻസാമ്മയോടുള്ള നിയോഗങ്ങൾക്കും നന്ദിസൂചകമായി ദാസൻ ദാസി സമർപ്പണത്തിൽ പങ്കുചേരുവാനും കൊപ്പേലിൽ ഒഴുകിയെത്തി.

തിരുനാളിനോടനുബന്ധിച്ചുള്ള ഇടവകയുടെ പ്രത്യേക നിയോഗമായി ഷംഷാബാദ് രൂപതയ്ക്കുവേണ്ടി ഒരു പുതുദേവാലയം നിർമ്മിച്ചു നൽകുവാനുള്ള സാമ്പത്തിക സമാഹരണത്തിനും ഇടവക വിശ്വാസികൾ പങ്കുചേർന്നു. ഇടവകാംഗങ്ങളായിരുന്നു ഈ വർഷത്തെ തിരുനാളിനു പ്രസുദേന്തിയായത്.





രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് തിരുനാൾ സന്ദേശം നൽകി. ആഘോഷങ്ങൾക്കുപരി അൽഫോൻസാമ്മയെ മാതൃകയാക്കുവാനും ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തി അതിൽ അടിയുറച്ചു ജീവിക്കുവാനും കഴിയണമെന്ന് മാർ ജോയ് ആലപ്പാട്ട് വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. മൂന്നു ജൂബിലികളിലൂടെയാണ് ഈ തിരുനാൾ കടന്നു പോകുന്നതെന്നും മാർ ജോയ് ആലപ്പാട്ട് ഓർമ്മിപ്പിച്ചു.

ഒന്ന് ഫ്രാൻസിസ് മാർപാപ്പ ഉദ്ഘാടനം ചെയ്ത യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ 2000-ാമത് വാർഷികത്തിനു ശേഷമുള്ള 2025-ാം വർഷ മഹാജൂബിലിയുടെ അനുസ്മരണത്തിലും അതുപോലെ ചിക്കാഗോ രൂപത അമേരിക്കയിൽ 2001-ൽ ആരംഭിച്ചു. ഇരുപത്തിയഞ്ചാമത് വർഷത്തിലേക്കു കടന്നതിന്റെ ആഘോഷവേളയിലും കൂടാതെ ഇന്ത്യയ്ക്കു പുറത്തുള്ള ആദ്യ രൂപതയായ ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ പ്രഥമ മെത്രാനായി മാർ ജേക്കബ് അങ്ങാടിയത്ത് അഭിഷിക്തനായതിന്റെ ജൂബിലിയും ആഘോഷിക്കുന്നു.

ഒരു നല്ല സഭാസമൂഹത്തെ വാർത്തെടുക്കുവാൻ സീറോ മലബാർ രൂപതയുടെ കീഴിൽ വിശ്വാസികൾക്ക് ഈ വേളയിൽ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചു യുവജനങ്ങളുടെ വിശ്വാസ വളർച്ചയിലും സീറോമലബാർ പൈതൃകം രൂപീകരിക്കുന്നതിലും അമേരിക്കയിലെ സീറോമലബാർ രൂപത സുപ്രധാന പങ്കു വഹിച്ചു. ഈ അവസരത്തിൽ ഏവരും ദൈവത്തോടു നന്ദിയുള്ളവരായിരിക്കണമെന്നും മാർ ആലപ്പാട്ട് വിശ്വാസികളെ ഓർമ്മിപ്പിച്ചു.

വി. കുർബാനയ്ക്കു ശേഷം പള്ളി ചുറ്റിയുള്ള ആഘോഷമായ തിരുനാൾ പ്രദക്ഷിണവും ചെണ്ടമേളവും തുടർന്ന് പരിശുദ്ധ കുർബാനയുടെ ആശീർവാദവും നൊവേനയും ലദീഞ്ഞും നേർച്ച വിതരണവും നടന്നു. നൂറുകണക്കിന് ഭക്തർ തിരികളേന്തിയുള്ള പ്രദക്ഷിണത്തിൽ പങ്കുചേർന്നു. സ്നേഹവിരുന്നോടെയാണ് തിരുനാളിനു സമാപനമായത്.

തിങ്കളാഴ്ച വൈകുന്നേരം പരേതരുടെ ആത്മശാന്തിക്കുവേണ്ടിയുള്ള ബലിയർപ്പണത്തോടെ തിരുനാളിന്റെ കൊടിയിറങ്ങി.

ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, ഫാ. ജിമ്മി എടക്കുളത്തൂർ, ഇടവക ട്രസ്റ്റിമാരായ ജോഷി കുര്യാക്കോസ്, റോബിൻ കുര്യൻ, റോബിൻ ജേക്കബ് ചിറയത്ത്, രഞ്ജിത്ത് മാത്യു തലക്കോട്ടൂർ, സെബാസ്റ്റ്യൻ പോൾ (സെക്രട്ടറി) എന്നിവരടങ്ങുന്ന പാരീഷ് കൗൺസിലും ഇടവകയിലെ കുടുംബ യൂണിറ്റുകളും തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

# ഐപിസി ഹെബ്രോൻ യുവജന ശുശ്രൂഷകനായി പാസ്റ്റർ ജീവൻ ഫിലിപ്പ് നിയമിതനായി

**നിബു വെള്ളവന്താനം**

ഫിലാഡൽഫിയ: ഐപിസി ഹെബ്രോൻ ഫിലാഡൽഫിയ സഭയുടെ യുവജന (യങ് അഡൽറ്റ്) ശുശ്രൂഷകനായി പാസ്റ്റർ ജീവൻ ഫിലിപ്പ് നിയമിതനായി. മിഷിഗണിലെ ക്രിസ്ത്യൻ ലീഡേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വേദശാസ്ത്രത്തിൽ ബിരുദവും ഗ്രാൻഡ് കാന്യൺ യൂണിവേഴ്സിറ്റിയിൽ നിന്ന് സയൻസ്



നേഴ്സിങ്ങിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്.

ഫിലാഡൽഫിയ പെന്തെക്കോസ്ത് സഭയുടെ യൂത്ത് ഡയറക്ടറായും ന്യൂയോർക്ക് പെന്തെക്കോസ്ത് സഭയുടെ യൂത്ത് പാസ്റ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

റിവൈവൽ പ്രസംഗകൻ എന്ന നിലയിൽ അറിയപ്പെടുന്ന പാസ്റ്റർ ജീവൻ ഫിലിപ്പ് യങ് അഡൽറ്റ് ശുശ്രൂഷകളിൽ പ്രതിഭാധനനുമാണ്. ഭാര്യ: ബ്ലെസി. മക്കൾ: ജോസെക്, ജോസെയ, ജിയാന.

ഐപിസി ഹെബ്രോൺ ഫിലാഡൽഫിയ സഭയുടെ സീനിയർ പാസ്റ്ററായി റവ.ഡോ. മോനിസ് ജോർജ് സേവനമനുഷ്ഠിക്കുന്നു. പെൻസിൽവേനിയയിലേക്ക് വരുന്നവർ ആത്മീയ കൂട്ടായ്മയ്ക്കായി ബന്ധപ്പെടേണ്ട വിലാസം: IPC HEBRON, 105 East Street Road, Warminster, PA-18974. Ph: +19729040994. e-mail: mnsgeorge@gmail.com. YouTube:ipchebronpa.

# ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ ഹൂസ്റ്റണിൽ

**ഫിന്നി രാജു**

ഹൂസ്റ്റൺ: ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ കൺവൻഷൻ 2025 ഓഗസ്റ്റ് 29 മുതൽ 31 വരെ ഹൂസ്റ്റൺ ഐപിസി ഹെബ്രോൺ സഭയിൽ നടക്കും. പാസ്റ്റർ സേവിയർ ജെയിംസ് (ചിക്കാഗോ), പാസ്റ്റർ ഷിജു വർഗീസ് (കേരള) എന്നിവർ മലയാളം വിഭാഗത്തിലും പാസ്റ്റർ ബ്ലിസ് വർഗീസ് (ന്യൂയോർക്ക്) ഇംഗ്ലീഷ് വിഭാഗത്തിലും സിസ്റ്റർ കൊച്ചുമോൾ ജെയിംസ് സഹോദരിമാരുടെ സമ്മേളനത്തിലും പ്രസംഗിക്കും.


പാസ്റ്റർ സേവിയർ ജെയിംസ്


പാസ്റ്റർ ഷിജു വർഗീസ്


പാസ്റ്റർ ബ്ലിസ് വർഗീസ്


സിസ്റ്റർ കൊച്ചുമോൾ ജെയിംസ്

വെള്ളിയാഴ്ച വൈകിട്ട് 6.30 മുതൽ ആരംഭിക്കുന്ന കൺവൻഷനിൽ ശനിയാഴ്ച രാവിലെ 10 മുതൽ സഹോദരിമാരുടെ സമ്മേളനവും രണ്ട് മണി മുതൽ ഉണർവ്വ് യോഗവും നടക്കും. വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 6.30-നാണ് പൊതുയോഗം. ഞായറാഴ്ച രാവിലെ 9-ന് നടക്കുന്ന ആരാധനയോടെ കൺവൻഷൻ സമാപിക്കും. റീജിയനിലെ മറ്റു ദൈവദാസന്മാരും വിവിധ മീറ്റിങ്ങുകളിൽ പ്രസംഗിക്കുന്നു. റീജിയൻ ക്വയർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കും.

ഐപിസിയുടെ വടക്കെ അമേരിക്കയിലുള്ള ഏറ്റവും വലിയ റീജിയനുകളിൽ ഒന്നാണ് മിഡ്‌വെസ്റ്റ് റീജിയൻ. ഏതാണ്ട് 25 സഭകളുള്ള ഈ റീജിയന് ഡാളസ്, ഒക്കലഹോമ, ഹൂസ്റ്റൺ, സാൻ അന്റോണിയോ, ഓസ്റ്റിൻ എന്നീ പട്ടണങ്ങളിലുള്ള ഐപിസി സഭകളുടെ ഐക്യകൂട്ടായ്മയാണ്. കൺവൻഷനുകൾ, സെമിനാറുകൾ, ജീവകാരുണ്യ പ്രേക്ഷിതപ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിന് റവ. ഷിബു തോമസ് (പ്രസിഡണ്ട്), റവ. ജെയിംസ് ഏബ്രഹാം (വൈസ് പ്രസിഡണ്ട്), റവ. കെ.വി. തോമസ് (സെക്രട്ടറി) ഫിന്നി സാം (ജോ. സെക്രട്ടറി), ജോഷിൻ ഡാനിയേൽ (ട്രഷറർ), ബാബു കൊടുന്തറ (ജനറൽ കൗൺസിൽ മെംബർ), ഫിന്നി രാജു ഹൂസ്റ്റൺ (മീഡിയ കോ-ഓർഡിനേറ്റർ), സാക്ക് ചെറിയാൻ (മിഷൻ കോ-ഓർഡിനേറ്റർ), കെ.വി. ഏബ്രഹാം (ചാരിറ്റി കോ-ഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: (972) 900 8578 (പ്രസിഡണ്ട്), (214) 771 5683 (സെക്രട്ടറി) എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# വ്യാജരെ തിരിച്ചറിയുക



ജോജോ തോമസ് പാലത്ര

ന്യൂയോർക്ക്: ഫൊക്കാന കേരള കൺവൻഷന്റെ തിരശ്ശീല ഉയരുവാൻ നിമിഷങ്ങൾ മാത്രം ബാക്കിനിൽക്കെ അതിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുന്ന ബഹുഭൂരിപക്ഷം അംഗസംഘടന അംഗങ്ങളുള്ള സംഘടനയുടെ എല്ലാവരെയും അഭിനന്ദിക്കുന്നത് ഉചിതമാണ്.

എന്നാൽ, അവസാനനിമിഷം 'തൂണുംചാരി നിന്നവൻ പെണ്ണിനേം കൊണ്ടുപോയി' എന്നു തെളിയിക്കും മാത്രം സാമൂഹിക മാധ്യമങ്ങളിൽ പല വ്യാജരും ഈ കേരളാ ഫൊക്കാന കൺവൻഷന്റെ വിജയം ഉറപ്പുവരുത്തുന്നത് താനാണെന്ന് എഴുതിപിടിപ്പിക്കുന്നത് ശ്ലാഘനീയമല്ല.

വാടകയ്ക്ക് എഴുത്തുകാരെ സുലഭമായി കിട്ടുന്ന ഇക്കാലത്ത് സത്യസന്ധമായി വസ്തുതകളെ ജനസമൂഹത്തിലെത്തിക്കാൻ അവർ ബാദ്ധ്യസ്ഥരാണ്.

ഓൺലൈൻ സാമൂഹ്യ മാധ്യമങ്ങളിൽ 'ഇഷ്ടപ്രിയം' നേടി പ്രശസ്തരാകാൻ ഇവർ കാണിക്കുന്ന വ്യഗ്രത കാണുമ്പോൾ അരിയാഹാരം കഴിക്കുന്ന മലയാളികൾക്ക് 'നെല്ലും പതിരും' തിരിച്ചറിയാനാവും എന്ന ബോധവും ഇവർക്ക് ഇല്ലാതെ പോകുന്നു. തനിക്ക് വിഘാതമായി ആരും മുന്നോട്ടു വരില്ല, വന്നാൽ തന്നെ അവരെ നേരിടാനുള്ള തൊലിക്കട്ടി തങ്ങൾക്ക് ഉണ്ടെന്ന തോന്നലും ഇത്തരക്കാരെ ബാധിച്ചിരിക്കുന്നു എന്നും വ്യക്തമാകുന്നു.

എട്ടുകാലി മമ്മൂഞ്ഞിന്റെ (പിതൃത്വ-സ്ഥാപക-അവകാശി) മാതിരി അവകാശവാദം നിരത്തി പേരും പെരുമയ്ക്കും വേണ്ടി സ്വാർത്ഥ താൽപര്യം ഉള്ളിൽ നിറച്ച് ഒരു ദേശീയ പ്രവാസി സംഘടനയുടെ പവിത്രതയെ സ്വായത്തമാക്കുവാൻ ശ്രമിക്കുന്നവരെ തിരിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

അമേരിക്ക എന്ന ഈ പ്രവാസലോകത്ത് താമസിക്കുന്നതുകൊണ്ട് പ്രപഞ്ചം എന്റെ കാൽക്കീഴിലാണെന്ന അപക്വതാ ബോധം ഉള്ളിൽ പേറിക്കൊണ്ട് പേരിനും പ്രശസ്തിക്കും വേണ്ടി സൗഹാർദ്ദ മനസ്കനാണെന്ന് ഭാവിച്ച് സാമൂഹിക, സാംസ്കാരിക രംഗത്ത് ഞെളിഞ്ഞു നടക്കുന്ന അധഃകൃതമനസ്സാക്ഷിയുടെ ഉടമകളെ തിരിച്ചറിയേണ്ടിയിരിക്കുന്നു.

ക്ഷണികനേരത്തേക്ക് ആകാശസീമകൾക്കപ്പുറത്തേക്ക് പറന്നുയരാൻ വെമ്പുന്ന ഈയാംപാറ്റകളാണ് അവരെന്ന ബോധം അവർക്ക് ഇല്ലാതെപോകുന്നു എന്നതാണ് ഇവയൊക്കെ സൂചിപ്പിക്കുന്നത്.

# രാഷ്ട്രീയം കരുണയാണ്




പ്രൊഫ. ബാബു തോമസ്, പൂഴിക്കുന്നേൽ

രാഷ്ട്രത്തെ സംബന്ധിക്കുന്നതാണ് രാഷ്ട്രീയം. ജനാധിപത്യ സംവിധാനങ്ങൾ ലോകത്ത് നിലവിൽ വന്നത് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൂന്ന് ആദർശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ്. പൗരന്റെ മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നുള്ളതാണ് ജനാധിപത്യത്തിന്റെ അടിസ്ഥാന സങ്കല്പം. അത് സംരക്ഷിക്കാൻ ഭരണഘടനയും നിയമവ്യവസ്ഥയും ഓരോ രാജ്യത്തിനും ഉണ്ട്. സ്വാതന്ത്ര്യ സമരങ്ങളിലൂടെയും വിപ്ലവങ്ങളിലൂടെയുമാണ് ലോക രാജ്യങ്ങൾ ദുഷ്പ്രഭുത്വത്തിന്റെ അടിമത്തത്തിൽ നിന്നും ഏകാധിപത്യത്തിന്റെ ചൂഷണങ്ങളിൽ നിന്നും വിമോചനം നേടിയത്. രാഷ്ട്ര പിതാക്കന്മാരെല്ലാം സ്വപ്നം കണ്ടത് സമത്വ സുന്ദരവും മനുഷ്യ സ്വാതന്ത്ര്യം സംഗീതംപോലെ ഒഴുകുന്നതുമായ സാമൂഹ്യ ക്രമങ്ങൾ പാലിക്കപ്പെടുന്ന രാജ്യങ്ങളെയാണ്. പൗരന്മാരുടെ സ്വാതന്ത്ര്യത്തിനും വിമോചനത്തിനും വേണ്ടി സ്വാതന്ത്ര്യ സമര പോരാളികൾ കൊടിയ മർദ്ദനങ്ങൾക്കും ജയിൽ ജീവിതത്തിനും ഇരയായിട്ടുണ്ട്. മനുഷ്യ സ്വാതന്ത്ര്യത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവർക്കൊക്കെ കുരിശും വെടിയുണ്ടയും ജയിൽ വാസവും വധശിക്ഷയുമൊക്കെയാണ് ലഭിച്ചിട്ടുള്ളത്. യേശുക്രിസ്തു മുതൽ മഹാത്മാഗാന്ധിയിലൂടെ നെൽസൺ മണ്ടേലയിലെത്തുമ്പോഴും ലോകത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരുടെ കഥകൾ ആവർത്തിക്കപ്പെടുന്നു. അവരൊക്കെ മനുഷ്യരോട് കരുണയും അനുകമ്പയും ഉള്ളവരും ജീവിതം സ്വയം ശൂന്യവൽക്കരിച്ചവരുമായിരുന്നു. അവർക്കു കരുണയായിരുന്നു രാഷ്ട്രീയം.



വി.എസ്. അച്യുതാനന്ദൻ



ഉമ്മൻ ചാണ്ടി

കരുണയാണ് രാഷ്ട്രീയമെന്ന് തെളിയിച്ച് കടന്നുപോയവരാണ് ഉമ്മൻ ചാണ്ടിയും, വി.എസ്. അച്യുതാനന്ദനും. ദിവസങ്ങൾ നീണ്ട അവരുടെ അന്ത്യയാത്രകളിൽ പങ്കെടുക്കാൻ വഴിയോരങ്ങളിൽ കാത്തുനിന്നത് സാധാരണക്കാരായ മനുഷ്യരായിരുന്നു. കൈക്കുഞ്ഞുങ്ങളേന്തിയ അമ്മമാർ, അവശന്മാരും ആർത്തന്മാരുമായ വൃദ്ധജനങ്ങൾ. "കണ്ണേ കരളേ" എന്ന് ഉറക്കെ മുദ്രാവാക്യം വിളിക്കുന്ന ചെറുപ്പക്കാർ രാവെളുക്കുവോളം അവർ വഴിയോരങ്ങളിൽ കാത്തുനിന്നു. മത്സ്യതൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, കയറു പിരിക്കുന്നവർ, കർഷകർ ഇങ്ങനെ എല്ലാ വിഭാഗത്തിലുംപെട്ട ആളുകൾ. ഈ രണ്ടു നേതാക്കന്മാരും തങ്ങളോട് കാണിച്ച കരുണയെക്കുറിച്ചാണ് അവർക്കൊക്കെ പറയാനുണ്ടായിരുന്നത്. പെണ്ണുങ്ങളോട് അതിക്രമം കാണിക്കുന്നവരെ കൈയാമം വച്ച് വഴിയിലൂടെ നടത്തി ഞാൻ തുറങ്കിലടക്കും എന്നു പ്രഖ്യാപിച്ച അച്യുതാനന്ദനിൽ കേരളത്തിലെ സ്ത്രീ സമൂഹം ഒരു രക്ഷകനെ കണ്ടു. വെട്ടിനുറുക്കി കൊല്ലപ്പെട്ട ടി.പി. ചന്ദ്രശേഖരന്റെ വിധവയായ ഭാര്യ കെ.കെ. രമയെ വീട്ടിലെത്തി ആശ്വസിപ്പിക്കുന്ന അച്യുതാനന്ദന്റെ ചിത്രം കേരളത്തിന്റെ മനസാക്ഷിയിൽ പതിഞ്ഞുകിടപ്പുണ്ട്. സൂര്യനെല്ലി പെൺകുട്ടിയെ വീട്ടിൽ പോയികണ്ട് ആശ്വസിപ്പിച്ച് ഒരു മുത്തശ്ശന്റെ കരുതലോടെ ഒരു ലക്ഷം രൂപയുടെ പണക്കിഴി നൽകിയ സഖാവിനെ ആർക്കാണ് മറക്കാൻ കഴിയുന്നത്. സ്ത്രീ പീഡന സംഭവങ്ങളിൽ എന്നും സഖാവ് ഇരകളോടൊപ്പം നിന്നു കരുണയുടെ സുവിശേഷം കൊണ്ട് അവരെ ആശ്വസിപ്പിച്ചു. ഉമ്മൻ ചാണ്ടി ജനങ്ങളോടൊപ്പം ജീവിച്ചു. അദ്ദേഹത്തിന്റെ കല്ലറയിൽ ഇപ്പോഴും അദ്ദേഹം സഹായിച്ചവരും കരുണ കാട്ടിയവരും വന്ന് പൂക്കളർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ചികിത്സയ്ക്കും, വീട് നിർമ്മിക്കുന്നതിനും, മക്കളെ വിവാഹം കഴിച്ച് അയപ്പിക്കുന്നതിനും.... എന്നിങ്ങനെ തുടരുന്നു അവരുടെ കരുണയുടെ പ്രവർത്തനങ്ങൾ. രാഷ്ട്രീയം ചതിയും നുണയും കുതികാൽവെട്ടുമാണെന്നുള്ള പൊതു ധാരണയെ തിരുത്തി എഴുതിയവരാണ് ഇവർ രണ്ടുപേരും. രാഷ്ട്രീയം ജീവിതം തന്നെയാണ്, രാഷ്ട്രീയം കരുണയാണ്, രാഷ്ട്രീയം നീതിയും ധർമ്മവും നിറഞ്ഞതാണ്. ഇതാണ് ഈ രണ്ട് മഹാന്മാരുടെയും ജീവിത സന്ദേശം. നിസംഗരും നിർവികാരരുമായിരിക്കുന്ന നമ്മേ കർമ്മോൽസുകരാക്കുവാൻ ഇവരുടെ കരുണയുടെ സുവിശേഷം പ്രേരിപ്പിക്കുന്നു.

# IOCUSA VICE-CHAIR DENOUNCES THE ARREST AND DETENTION OF CATHOLIC NUNS

New York: "The arrest and detention of Sisters Preethi Mary and Vandana Francis of the Assisi Sisters of Mary Immaculate in the state of Chhattisgarh is a blatant violation of their fundamental rights under the constitutional laws. The relentless harassment and intimidation of Christians in BJP-ruled states is deplorable and a stark sign of diminishing religious tolerance in the country, posing a grave threat to the very secular fabric of India," said George Abraham, Vice-Chair of the Indian Overseas Congress, USA.

The plight of these nuns is part of a larger pattern of attacks on Christian tribals, Pastors, and female religious workers that have been occurring for some time. When a government fosters and defends religious fanaticism, communalism, and mob rule, the freedom and liberty of all citizens are in jeopardy.

On July 25, 2025, Sisters Preethi Mary and Vandana Francis of the Assisi Sisters of Mary Immaculate were taken into custody at Durg railway station. They were accused under the Chhattisgarh Religious Freedom Act and India's trafficking law for allegedly converting and trafficking three young tribal women



George Abraham

from Narayanpur — all adults with documented parental consent for convent work in Agra.

The Central government's consistent silence in the face of atrocities against minorities, particularly Christians, is alarming. They are entrusted with safeguarding the constitutional rights and equal justice for all citizens. However, the erosion of freedom and democracy under the current BJP rule is a distressing reality.

This incident serves as a stark warning for all Christians in Kerala who may be considering voting for the BJP in the upcoming election.

The BJP's actions in Kerala are nothing but a facade, and it is crucial to remain vigilant. They may offer sweet words and distribute cakes during Christmas, but remember, what you see in Kerala BJP is nothing but a wolf in sheep's clothing. Beware and be prepared to defend your rights and freedom!

The Indian Diaspora, which shouts for religious freedom all across the globe, should demand the immediate release of these nuns without charges that have further tarnished the status of Indian democracy with this morally reprehensible action.

Kerala nuns arrested in Chhattisgarh denied bail, NIA Court to hear matter next

# അജയകുമാറിന്റെ ദേഹവിയോഗത്തിൽ ലാന അനുശോചിച്ചു



ഡാളസ്: ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന)യുടെ ആജീവനാന്ത അംഗവും ഡാളസിലെ സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ സജീവ സാന്നിദ്ധ്യവുമായിരുന്ന അജയകുമാറിന്റെ നിര്യാണത്തിൽ ലാന ഭരണസമിതി അഗാധ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി. കേരള ലിറ്ററി സൊസൈറ്റി (കെഎൽഎസ്, ഡാളസ്, ടെക്സസ്) പ്രവർത്തകനായിരുന്ന അജയ്കുമാർ മറ്റിതര സംഘടനകളുടെ നേതൃത്വപദവി അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. ലാനയുടെ പ്രവർത്തനങ്ങളിലും പരിപാടികളിലും സജീവമായി പങ്കെടുക്കുകയും പ്രത്യേകിച്ച് 2019-ൽ ഡാളസിൽ നടന്ന ലാന കൺവൻഷൻ ക്രമീകരണങ്ങളിൽ സഹായസഹകരണങ്ങൾ നല്കിയതും ഈ സമയം നന്ദിയോടെ സ്മരിക്കുന്നു.

ചെറുപ്പത്തിൽ തന്നെ കലാ-സാംസ്കാരിക രാഷ്ട്രീയരംഗത്ത് നിറഞ്ഞു ശോഭിച്ച വ്യക്തിയായിരുന്നു. കേരളത്തിൽ തലവടി പഞ്ചായത്ത് ജനപ്രതിനിധിയായി സേവനം അനുഷ്ഠിക്കവേ ഗൾഫിൽ ഉദ്യോഗാർത്ഥം പോകേണ്ടിവന്നു. തുടർന്ന് 2002-ൽ അമേരിക്കയിലേക്ക് കുടിയേറുകയും ചെയ്തു.

# നന്മ പങ്കുവെക്കുന്ന കന്യാസ്ത്രീകൾ



ഡോ. മാത്യു വറുഗീസ്, ഒക്കലെഹോമ

കുന്നുകളും താഴ്‌വരകളും നിറഞ്ഞ കൊച്ചു ഗ്രാമമാണ് തിരുവല്ലയ്ക്കടുത്തുള്ള മനോഹരമായ എന്റെ കുന്നന്താനം. എന്നോളം പ്രായം ഈ ഗ്രാമത്തിലെ 'ദൈവപരിപാലന ഭവൻ' എന്ന കത്തോലിക്കാ കന്യാസ്ത്രീകൾ നടത്തുന്ന ആതുരാലയത്തിനുണ്ട്.

ഞങ്ങളുടെ ഗ്രാമങ്ങളിലെ ഭവനങ്ങളിൽ നിന്നും ലഭിക്കുന്ന ചക്കയും മാങ്ങയും ഓമയ്ക്കയും ഒക്കെ ശേഖരിക്കുന്ന കന്യാസ്ത്രീ അമ്മമാർ നാട്ടുകാർക്കു നന്മമാത്രം പങ്കുവെച്ചവരാണ്.

ഡോ. മേരി ലിറ്റി ഒരു ചെറിയ വാടകക്കെട്ടിടത്തിൽ സൗജന്യമായി നടത്തിയ ക്ലിനിക്ക് ഞങ്ങളുടെ ഗ്രാമത്തിലെ രോഗികൾക്ക് ആശ്വാസം ആയിരുന്നു. നന്മയുടെ ഉറവ വറ്റാത്ത ആ സമർപ്പിത സന്യാസസമൂഹം അംഗവൈകല്യം വന്നതും വിരൂപ ശരീരമുള്ളവരുമായ ആയിരക്കണക്കിന് ആളുകളെ ജാതി-മത വ്യത്യാസമില്ലാതെ പരിപാലിച്ചുകൊണ്ടിരിക്കുന്നു.

ദീർഘവർഷങ്ങളായി എന്റെ ഗ്രാമത്തിലെ ഈ കന്യാസ്ത്രീമാർ എന്റെ അറിവിൽ ഒരു വ്യക്തിയെ പോലും മതപരിവർത്തനം ചെയ്തിട്ടില്ല. ഇവർ ചെയ്യുന്നത് നമ്മുടെ സമൂഹത്തിന് അപരാധമോ അതോ അനുഗ്രഹമോ?

ഇന്ത്യൻ ഗ്രാമങ്ങളിൽ ആതുരസേവനവും അറിവിന്റെ വെളിച്ചവും പകരുന്ന അനേകരുണ്ട്. ആരൊക്കെ സാമ്പത്തിക സഹായം ചെയ്താലും വിദേശങ്ങളിൽനിന്നു സഹായം ലഭിച്ചാലും സമർപ്പിത മനസ്സുണ്ടാകാൻ സാദ്ധ്യത വളരെ കുറവാണ്. അത് ത്യാഗപരമായ സ്നേഹത്തിനു മാത്രമേ കഴിയുകയുള്ളൂ, അതെ, ക്രിസ്തുസ്നേഹത്തിനു മാത്രമേ അതിനു കഴിയൂ. ക്രിസ്തു ഉള്ളിൽ ജ്വലിച്ചപ്പോൾ കൽക്കട്ടയിലെ ചേരിയിൽ ഓടിയെത്തിയ മഹൽവനിതയല്ലേ മദർ തെരേസ. തെരുവ് വൃത്തിയാക്കുന്ന സ്ത്രീകളുടെ സാരി ഔദ്യോഗിക വേഷമായി അണിഞ്ഞ് തെരുവിൽ ഉറുമ്പ് അരിച്ചവരെ, പുഴുത്തു നാറിയവരെ, കുഷ്ഠരോഗികളെ ഒക്കെ വാരിയെടുത്ത് ശുശ്രൂഷിച്ച് അവർക്ക് ഒരമ്മയായി മാറി.

ദൈവസ്നേഹത്തിന്റെ അഗ്നി നിറഞ്ഞപ്പോൾ കുഷ്ഠരോഗികളെ പുറന്തള്ളുന്ന മൊറോക്കോ ദ്വീപിലേക്ക് അവരുടെ വടുക്കൾ സുഖപ്പെടുത്തി അവരെപ്പോലെയായ മനുഷ്യനാണ് ഫാ. ഡാമിയൻ.

ഇപ്രകാരമുള്ള മനുഷ്യസ്നേഹികൾക്ക് രൂപം നല്കിയിട്ടുള്ള മറ്റ് എത്ര പ്രസ്ഥാനമുണ്ട്?

ഇപ്രകാരമുള്ള സേവനത്തിന് അനുയായികളെ വളർത്തിയിട്ടുള്ള ഏത് മതമുണ്ട്?

മറ്റൊരു മദർ തെരേസയ്ക്കോ മറ്റൊരു ഫാ. ഡാമിയനോ ജന്മം നല്കാൻ കഴിഞ്ഞിട്ടുള്ള വേറൊരു സംഘടനയുണ്ടോ?

ക്രിസ്തു ആരെന്ന് അനുഭവിച്ചറിഞ്ഞിട്ടുള്ളവരെ ആ സ്നേഹം നിർബന്ധിക്കുന്നതിന്റെ കാഴ്ചയാണിത്. മാനവരാശിയുടെ ചരിത്രത്തിലെ സുന്ദരമായ കാഴ്ചകൾ!

ആ സ്നേഹത്തെ ആരെങ്കിലും ഹൃദയപൂർവ്വം മാറോടു ചേർക്കുന്നെങ്കിൽ അതിനെ മതപരിവർത്തനം എന്ന് എന്തിനു വിളിക്കണം?

നിങ്ങൾക്കും ആവാം ഇതുപോലെയുള്ള നന്മയുടെ മരങ്ങൾ!!!

# സിഎംഎയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ബാസ്കറ്റ്ബോൾ ടൂർണമെന്റ് ഓഗസ്റ്റ് 16–ന്

ബിജു മുണ്ടക്കൽ

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ബാസ്കറ്റ്ബോൾ ടൂർണമെന്റ് ഈ വരുന്ന ഓഗസ്റ്റ് 16-ന് മൗണ്ട് പ്രോസ്പെക്റ്റിലുള്ള റെക് പ്ലെക്സ് ഇൻഡോർ കോർട്ടിൽ നടക്കും. ടൂർണമെന്റിൽ പങ്കെടുക്കുന്ന ടീമുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചതായി കോ-ഓർഡിനേറ്റർ മനോജ് അച്ചേട്ട്, കോകോ-ഓർഡിനേറ്റർമാരായ ജോർജ് പ്ലാമൂട്ടിൽ, മാത്യു അച്ചേട്ട്, ആന്റണി പ്ലാമൂട്ടിൽ എന്നിവർ അറിയിച്ചു.



ജെസ്സി റിൻസി



ആൽവിൻ ഷിക്കോർ



മനോജ് അച്ചേട്ട്



വിവീഷ് ജേക്കബ്



ഫിലിപ്പ് പുത്തൻപുരയിൽ



ഡോ. സിബിൾ ഫിലിപ്പ്

വിജയികൾക്കുള്ള ട്രോഫികൾ ഷിബു മുളയാനിക്കുന്നേൽ, വിനു മാമ്മൂട്ടിൽ, ടോം സണ്ണി, ജോൺസൻ കണ്ണൂക്കാടൻ എന്നിവരാണ് സ്പോൺസർ ചെയ്തിരിക്കുന്നത്.

ടൂർണമെന്റിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു. ഇത്തവണ എല്ലാ കളിക്കാർക്കും മലയാളി അസോസിയേഷന്റെ ലോഗോ മുദ്രണം ചെയ്തിട്ടുള്ള ടീ ഷർട്ടുകൾ സമ്മാനിക്കും.

ടൂർണമെന്റിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ടീമുകൾ ഓഗസ്റ്റ് രണ്ടാം തീയതിക്കകം രജിസ്റ്റർ ചെയ്യണമെന്ന് ഭാരവാഹികൾ അറിയിച്ചു. വിശദവിവരങ്ങൾക്ക്: ജെസ്സി റിൻസി 773 322 2554, ആൽവിൻ ഷിക്കോർ 630 274 5423, മനോജ് അച്ചേട്ട് 224 522 2470.

# വനിതാ ചെസ് ലോകകപ്പ് കിരീടം ദിവ്യ ദേശ്മുഖിന്

ബാതുമി(ജോർജിയ): ചെസ് താരാകാശത്തെ പുതിയ നക്ഷത്രം ഉദിച്ചു. ആ ദിവ്യ പ്രഭ കണ്ട് ഇന്ത്യയിലെ ആരാധകർ കോരിത്തരിച്ചു. ഒന്നും തെളിയിക്കാനില്ലാത്ത കൊനേരു ഹംപിയും എല്ലാം തെളിയിക്കാനുറച്ച് വന്ന ദിവ്യ ദേശ്മുഖും വനിതാ ചെസ് ലോകകപ്പ് ഫൈനലിൽ ഏറ്റുമുട്ടിയപ്പോൾ ദിവ്യക്കു കിരീടം. ആദ്യമായാണ് വനിതാ ലോകകപ്പ് കിരീടം ഇന്ത്യയിലെത്തുന്നത്.



ഈ വിജയത്തോടെ മഹാരാഷ്ട്രയിലെ നാഗ്പൂർ സ്വദേശിയായ ദിവ്യ ഇന്ത്യയുടെ 88-ാം ഗ്രാൻഡ് മാസ്റ്ററായി. വനിതകളിൽ ഈ നേട്ടം കൈവരിക്കുന്ന നാലാമത്തെയാളും.

ഹംപി, ഡി. ഹരിക, വൈശാലി രമേശ് ബാബു എന്നിവരാണ് മറ്റു മൂന്നുപേർ. നിലവിലെ ലോക വനിതാ ചെസ് ചാംപ്യൻ ജു വെൻജുന് എതിരാളിയെ കണ്ടെത്താനുള്ള കാൻഡിഡേറ്റ്സ് മത്സരങ്ങൾക്കും പത്തൊമ്പതുകാരി ദിവ്യയും മുപ്പത്തിയെട്ടുകാരി ഹംപിയും യോഗ്യത നേടി.

ഫൈനലിൽ രണ്ട് ദിവസങ്ങളിൽ നടന്ന രണ്ട് കളികളിലും സമനിലയിലായതിനെത്തുടർന്ന് നടത്തിയ ടൈബ്രേക്കറിലാണ് ദിവ്യയുടെ വിജയം. ആദ്യ റാപിഡ് ടൈബ്രേക്കർ സമനിലയായെങ്കിലും രണ്ടാം ടൈബ്രേക്കറിൽ ദിവ്യ 75 നീക്കങ്ങളിൽ ജേതാവായി. ദിവ്യയ്ക്ക് 50,000 ഡോളർ (43.33 ലക്ഷം രൂപ) സമ്മാനമായി ലഭിക്കും.

ചെസ് ഇതിഹാസം വിശ്വനാഥൻ ആനന്ദ് മാത്രമാണ് ഇന്ത്യയ്ക്കായി രണ്ടു വട്ടം ലോകകപ്പ് വിജയിച്ചിട്ടുള്ളത്.

Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540



Pramod Zacharias, E.A.

Free Electronic Filing

HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

Whatsapp +1 630 903 7680

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

Cell/Whatsapp +1 630 903 7680

# പെന്തെക്കോസ്ത് ചർച്ച് ഓഫ് ഫിലാഡൽഫിയയ്ക്ക് പാസ്റ്റർ മാത്യു ഡി. ജോർജിന്റെ നേതൃത്വം

**ബോസി ചാണ്ടപ്പിള്ള**

ഫിലാഡൽഫിയ: പെന്തെക്കോസ്ത് ചർച്ച് ഓഫ് ഫിലാഡൽഫിയയ്ക്ക് (പിസിപി) പുതിയ നേതൃത്വം നിലവിൽവന്നു. ആത്മീയ ശുശ്രൂഷയിൽ പാസ്റ്ററായി സേവനം ചെയ്തുകൊണ്ടിരുന്ന പാസ്റ്റർ ജെയിം ജോണിനു പകരം പാസ്റ്റർ മാത്യു ഡി. ജോർജിനെ സഭയുടെ സീനിയർ പാസ്റ്ററും സഭാ ഭരണസമിതിയുടെ പ്രസിഡണ്ടുമായി നിയമിച്ചു.



പാസ്റ്റർ മാത്യു ഡി. ജോർജ് (പിഎച്ച്.ഡി കാൻഡിഡേറ്റ്, ഈസ്റ്റേൺ യൂണിവേഴ്സിറ്റി) ഭാര്യ ജെസ്ലി, മക്കളായ നഥാൻ, ഈഡൻ, എലിസബത്ത്, ബെഥാനി എന്നിവരോടൊപ്പം ഹണ്ടിംഗ്ഡൺ വാലി താമസിക്കുന്നു.

പാസ്റ്റർ ജോർജ് വളരെ ചെറുപ്പത്തിൽ തന്നെ ശുശ്രൂഷയിലേക്കുള്ള ദൈവവിളി ഉൾക്കൊള്ളുകയും ദൈവ ശുശ്രൂഷയ്ക്കായി ജീവിതം സ്വയം സമർപ്പിക്കുകയും ചെയ്തു. പെൻസിൽവാനിയയിലെ ഫീനിക്സ് വില്ലിലെ വാലി ഫോർജ് സർവകലാശാലയിൽ നിന്ന് 2000-ൽ ബാച്ചലർ ഓഫ് റിലിജിയസ് എഡ്യൂക്കേഷൻ (ബിആർഇ) ബിരുദം നേടുകയും ചെയ്തു. അതിനു ശേഷം ഉപരിപഠനം തുടരുകയും 2004-ൽ പാമർ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് മാസ്റ്റർ ഓഫ് ഡിവിനിറ്റി ബിരുദം നേടുകയും ചെയ്തു. ചെസ്റ്റ്നട്ട് ഹിൽ കോളജിൽ നിന്ന് നിലവിൽ പിഎയിലെ ഹാറ്റ്ബോറോ-ഹോർഷാം സ്കൂൾ ഡിസ്ട്രിക്ടിന്റെ ഇഎൽഡി അധ്യാപകനും കോ-ഓർഡിനേറ്ററായും സേവനമനുഷ്ഠിക്കുന്നു.

പെന്തെക്കോസ്ത് ചർച്ച് ഓഫ് ഫിലാഡൽഫിയയുടെ പാസ്റ്ററായി നിയമിക്കപ്പെടുന്നതിനു മുമ്പ് 24 വ്യത്യസ്ത രാജ്യക്കാർ ഉൾപ്പെടുന്ന ഒരു സഭയായ ലെവിറ്റൗൺ ചർച്ച് ഓഫ് ഗോഡിന്റെ പാസ്റ്ററായും ഫിലാഡൽഫിയയിലെ ചർച്ച് ഓഫ് ഗോഡ് സഭകളുടെ ഡിസ്ട്രിക്റ്റ് ഓവർസിയറായും പാസ്റ്റർ ജോർജ് സേവനമനുഷ്ഠിച്ചു. ഇടവക ശുശ്രൂഷയ്ക്കൊപ്പം മാത്യു ഇപ്പോൾ പെൻസിൽവാനിയ ചർച്ച് ഓഫ് ഗോഡിന്റെ 'ഇവാഞ്ചലിസം ആൻഡ് ചർച്ച് പ്ലാന്റിംഗ്' ബോർഡിലും ജോൺസ് ടൗണിലെ പെനിയൽ ട്രീറ്റ്മെന്റ് സെന്ററിന്റെ ഡയറക്ടർ ബോർഡിലും പാമർ തിയോളജിക്കൽ സെമിനാരിയിലെ അലുംമ്നി കെയർ ആൻഡ് സെമിനാരി എൻഗേജ്മെന്റ് ഡയറക്ടറായും സേവനമനുഷ്ഠിക്കുന്നു.

യഥാർത്ഥ ക്രിസ്തീയ ബന്ധങ്ങൾക്കും ആത്മീയതയിലെ ആധികാരികതയ്ക്കും കൃപാവരങ്ങൾക്കും പ്രാധാന്യം നല്കുന്ന പാസ്റ്റർ ജോർജിന്റെ ആത്മീയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. നിലവിൽ ഈസ്റ്റേൺ യൂണിവേഴ്സിറ്റിയിൽ മാരിയേജ് ആൻഡ് ഫാമിലി തെറാപ്പിയിൽ പിഎച്ച്.ഡി ബിരുദത്തിന്റെ പ്രബന്ധ ഘട്ടത്തിലാണ് മാത്യു. 'ലോകത്തിന് സുവാർത്ത ആവശ്യമാണ്, യേശുക്രിസ്തുവിന്റെ സുവിശേഷത്തേക്കാൾ മികച്ചതായി ഒന്നുമില്ല' എന്നദ്ദേഹം വ്യക്തമാക്കുന്നു.





ജൂലൈ 13-ന് ഞായറാഴ്ചയായിരുന്നു പാസ്റ്റർ ജോർജിന്റെ പാസ്റ്ററൽ സ്ഥാനാരോഹണം. ചർച്ച് ഓഫ് ഗോഡ് പെൻസിൽവാനിയ സ്റ്റേറ്റ് ഓവർസിയർ ബിഷപ് ഷിയാ ഹ്യൂസ് സ്ഥാനാരോഹണച്ചടങ്ങിന് നേതൃത്വം നല്കി. ബിഷപ് ഷിയാ ഹ്യൂസ് പ്രാർത്ഥിക്കുകയും ആത്മീയസന്ദേശങ്ങളും ഉപദേശങ്ങളും ആശംസകളും നല്കുകയും ചെയ്തു. പിസിപിയുടെ സ്ഥാപകനും സീനിയർ പാസ്റ്ററുമായ ചെറിയാൻ പി. ചെറിയാൻ ചടങ്ങിൽ സംബന്ധിച്ചു. ചർച്ച് സെക്രട്ടറി ബ്രദർ ബോസി ചാണ്ടപ്പിള്ള ചടങ്ങിൽ ആശംസകൾ നേർന്നു.

# ഛത്തീസ്ഗഢിൽ സിസ്റ്റേഴ്സിനെ അറസ്റ്റ് ചെയ്തതിൽ എസ്എംസിസി പ്രതിഷേധിച്ചു

**മേഴ്സി കുര്യാക്കോസ്**

ചിക്കാഗോ: അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് കോൺഗ്രിഗേഷനിലെ അംഗങ്ങളായ സിസ്റ്റർ വന്ദന ഫ്രാൻസിസ്, സിസ്റ്റർ പ്രീതിമേരി എന്നിവരെ ഛത്തീസ്ഗഢിലെ പോലീസ് അകാരണമായി അറസ്റ്റ് ചെയ്തതിൽ അമേരിക്കയിലെ സീറോമലബാർ കാത്തലിക് കോൺഗ്രസ് (എസ്എംസിസി) ശക്തമായ പ്രതിഷേധം അറിയിച്ചു. അസാധാരണമായ അറസ്റ്റ് സംബന്ധിച്ച് തീവ്രമായ വ്യഥയും രേഖപ്പെടുത്തുന്നതിനോടൊപ്പം അഭിമാനത്തോടും ആത്മാർത്ഥതയോടും കൂടി സേവനമനുഷ്ഠിച്ച സിസ്റ്റേഴ്സിന് തങ്ങളുടെ ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും അവരുടെ മോചനത്തിനും നീതിക്കുമായി ആഗോളതലത്തിൽ ഉയരുന്ന ആവശ്യങ്ങളോട് ഞങ്ങളും ഒത്തുചേരുന്നു.

സാമൂഹികമായി പിൻപറ്റപ്പെട്ടവരോടും ദരിദ്രരുമായ സമൂഹങ്ങളോടും കരുണയോടെയും സഹനത്തോടെയും സേവനം ചെയ്യുന്ന മതനിഷ്ഠരായ സന്യാസിനികളോടുള്ള ഈ ക്രൂരതയും പീഡനവും മതാധിഷ്ഠിതമായ അസഹിഷ്ണുതയുടെ ഉയരുന്ന പ്രവണതയായി അടയാളപ്പെടുത്തുന്നു. അറസ്റ്റിലായ സിസ്റ്റേഴ്സിനോടും അവരുടെ കുടുംബങ്ങളോടും ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തോടും എസ്എംസിസി ശക്തമായ ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. സിസ്റ്റേഴ്സിന്റെ മോചനം അതിവേഗം നടപ്പിലാക്കുകയും ഈ ഞെട്ടിപ്പിക്കുന്ന സംഭവത്തെ ചുറ്റിപ്പറ്റി സമഗ്രവും പരസ്യവുമായ അന്വേഷണം ഉറപ്പാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.



ഇന്ത്യയിലെ ഏറ്റവും പിൻപറ്റപ്പെട്ട വിഭാഗങ്ങൾക്കായി വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സാമൂഹിക സേവനങ്ങൾ എന്നിവ ഒരുക്കിയതിൽ സീറോമലബാർ കത്തോലിക്കാസഭ ബഹുമാനത്തോടെ ഓർക്കുന്നു. മതം, ജാതി ഭേദമില്ലാതെ എല്ലാവരോടും കരുണയോടെയുള്ള സേവനമാണ് സഭയുടെ എന്നുമുള്ള ദൗത്യം. മത അസഹിഷ്ണുത ഉയരുന്ന ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ ഭരണകൂടത്തോടും ബന്ധപ്പെട്ട എല്ലാ അധികാരികളോടും മതസ്വാതന്ത്ര്യം സംരക്ഷിക്കുകയും രാജ്യത്ത് സമാധാനം നിലനിർത്തുകയും ചെയ്യാൻ എസ്എംസിസി ആഹ്വാനം ചെയ്യുന്നു. മതപരമായ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും പ്രത്യേകിച്ച് മറ്റുള്ളവർക്കു വേണ്ടി ത്യാഗപൂർണമായ സേവനം ചെയ്യുന്നവരുടെ സുരക്ഷയും മാനവും ഉറപ്പാക്കുകയും ചെയ്യുക എന്ന ഭരണഘടനാപരമായ കടമ നിർവഹിക്കണമെന്ന് ഇന്ത്യൻ സർക്കാരിനോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.


## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**



## വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS

Weekly Newspaper National Edition from Chicago

**കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി**

നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?

വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

**ഇനി ലോകം നിങ്ങളെ അറിയട്ടെ**

**ഇതാ ഒരു സുവർണ്ണാവസരം..!**

കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# VFS GLOBAL EXPANDS INDIAN CONSULAR APPLICATION CENTRES IN USA TO 16; UNVEILS 8 NEW CENTRES

• 8 new locations include Boston, Columbus, Dallas, Detroit, Edison, Orlando, Raleigh,and San Jose

• These 16 Indian Consular Application Centres (ICACs) across the US will facilitate the Indian diaspora and other applicants across the United States of America with India Visa, Overseas Citizenship of India (OCI), passport application, renunciation of Indian citizenship, Police clearance certificate, Global Entry Programme (GEP), and Miscellaneous/Attestation services.

• VFS Global is the exclusive service provider for visa, OCI, passport, renunciation of Indian citizenship, PCC, GEP, & Miscellaneous/attestation verification services for the Government of India in the United States of America

The Indian Mission in the United States of America and VFS Global, the global leader in trusted technology services today jointly announced the launch of eight new Indian Consular Application Centres (ICACs) in Boston, Columbus, Dallas, Detroit, Edison, Orlando, Raleigh, and San Jose taking the total number of ICACs in the USA to 16, further enhancing accessibility and convenience to the 5.3 million Indian diaspora and those using the services. Furthermore, a new ICAC is scheduled to open in Los Angeles in August, increasing the network to 17 centers nationwide.

These ICACs will serve as crucial hubs for a comprehensive range of essential services, including India Visa, Overseas Citizenship of India (OCI), passport application, renunciation of Indian citizenship, Police clearance certificate, Global Entry Programme (GEP), and Miscellaneous/Attestation services. VFS Global remains the exclusive service provider for these critical functions on behalf of the Government of India in the United States.

The expanded network introduces several key improvements designed to streamline the application process:

• ICACs will now be open on Saturdays, offering greater flexibility for applicants.

• Return courier services are now incorporated into the standard service fees.

• Services such as photographs, photocopies, and form filling will be available at no additional cost within the ICACs.

• A broader range of consular services will also be readily available.




from left to right: Dr Sudhir Parikh, Sam Joshi, Mayor, Edison, Hon. Binaya Srikanta Pradhan, CG, India, New York, Amit Kumar Sharma, Head-Americas & Carribean, VFS Global

**Mr. Vinay Mohan Kwatra, Ambassador of India to the United States of America,** said, "We are very happy to announce the opening of 8 new Indian Consular Application Centres. With the opening of these new Indian Consular Application Centres, our presence to provide extensive consular services and related delivery capabilities would increase and expand significantly. Besides, it will also make the delivery of these consular services faster and more accessible to a vibrant Indian diaspora. We firmly believe that people to people ties are the heart of India US partnership."

The centres will be equipped with world-class facilities aimed at providing an easily accessible and customer-centric application experience and will make the application process more convenient for travellers. These centres are expected to benefit the Indian community in the consular jurisdiction of the Indian Consulate in Atlanta, Chicago, Houston, New York, San Francisco, Seattle and Washington D.C.

**Amit Kumar Sharma,** Head - North America & Caribbean, VFS Global, said, "We are honoured by the continued trust the Government of India has placed in VFS Global to support its diplomatic mission in the United States. These ICACs will play a crucial role in effectively catering to the growing demand for visa and consular services to India led by business partnerships, tourism and trade."

VFS Global is the first outsourced visa services partner of the Ministry of External Affairs (India) and has been serving the Government of India since 2008. In the United States of America, VFS Global has provided passport, visa and consular services on behalf of the Embassy and Consulates of India located across the country since 2020. At present, VFS Global manages Passport, Visa and Consular Services Application Centres for the Government of India in 7 countries: Australia, Iraq, Kingdom of Saudi Arabia, South Africa, Switzerland, the United States of America, and the United Kingdom.

**About VFS Global**

As the global leader in trusted technology services, empowering secure mobility for governments and citizens, VFS Global embraces technological innovation including Generative AI to support governments and diplomatic missions worldwide. The company manages non-judgmental and administrative tasks related to applications for visa, passport, and consular services for its client governments, increasing productivity and enabling them to focus entirely on the critical task of assessment.

With a responsible approach to technology development, adoption and integration, the company prioritizes ethical practices and sustainability while serving as the trusted partner to 69 client governments. Operating over 3,900 Application Centres in 165 countries, VFS Global has efficiently processed more than 499 million applications since 2001.

Headquartered in Zurich and Dubai and majority owned through investment funds managed by Blackstone Inc, along with minority stakeholders including Swiss-based Kuoni and Hugentobler Foundation.

**Media contact: Glocal Konsult**
**Mayank Bhagwat:**
**mayank.bhagwat@glocalkonsult.com**

# 'മാറ്റ്' ഓണാഘോഷം ഓഗസ്റ്റ് ഒൻപതിന്




താമ്പാ: മലയാളി അസോസിയേഷൻ ഓഫ് താമ്പായുടെ ഈ വർഷത്തെ ഓണാഘോഷം വർണ്ണശബളമായ പരിപാടികളോടെ ഓഗസ്റ്റ് ഒൻപതിനു നടത്തപ്പെടും.

പതിനൊന്നു മണിയോടുകൂടി ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ ആഘോഷങ്ങൾക്ക് തിരിതെളിയും. വാദ്യമേളത്തിന്റേയും താലപ്പൊലിയുടേയും അകമ്പടിയോടുകൂടി മാവേലിമന്നനെ വരവേൽക്കുന്ന ഘോഷയാത്ര, സാംസ്കാരിക സാമുദായിക നേതാക്കൻമാർ പങ്കെടുക്കുന്ന പൊതുസമ്മേളനം, കണ്ണിനും കരളിനും കുളിർമ്മയേകുന്ന വൈവിധ്യമാർന്ന മികച്ച കലാപരിപാടികൾ എന്നിവയ്ക്കുള്ള തയ്യാറെടുപ്പുകൾ അണിയറയിൽ പൂർത്തിയായി വരുന്നു.

**രാജു മൈലപ്ര**

വിഭവസമൃദ്ധമായ ഓണസദ്യയോടുകൂടിയാണ് ഈ വർഷത്തെ അമേരിക്കയിലെ ആദ്യത്തെ ഓണാഘോഷ പരിപാടികൾക്ക് 'മലയാളി അസോസിയേഷൻ ഓഫ് താമ്പാ' തുടക്കം കുറിക്കുന്നത്.

ഈ ഓണാഘോഷ പരിപാടികളിലേക്കു എല്ലാവരേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നതായി പ്രസിഡണ്ട് ജോൺ കല്ലോലിക്കലിന്റെ നേതൃത്വത്തിലുള്ള ഭാരവാഹികൾ അറിയിച്ചു.

# പോലീസ് വാട്സ്ആപ്പ് വഴി സമൻസ് അയയ്ക്കേണ്ട: സുപ്രീംകോടതി

ന്യൂഡൽഹി: പോലീസിനും മറ്റ് അന്വേഷണ ഏജൻസികൾക്കും മുന്നിൽ ഹാജരാകാൻ കുറ്റാരോപിതർക്കു വാട്സ്ആപ്പ് വഴിയോ മറ്റ് ഇലക്ട്രോണിക് മാർഗങ്ങൾ വഴിയോ നോട്ടീസ് അയയ്ക്കരുതെന്നു സുപ്രീംകോടതി. ഇലക്ട്രോണിക് മാർഗങ്ങൾവഴി നോട്ടീസ് അയയ്ക്കാൻ പോലീസിനെ അനുവദിക്കണമെന്നാവശ്യപ്പെട്ടു ഹരിയാന സർക്കാർ നൽകിയ ഹർജി തള്ളിക്കൊണ്ടാണു വിധി. പുതിയ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത സമൻസും വാറന്റും ഇലക്ട്രോണിക് മാർഗത്തിൽ അയയ്ക്കാൻ കോടതികൾക്ക് അനുവാദം നൽകുന്നുണ്ടെന്നു ചൂണ്ടിക്കാട്ടിയായിരുന്നു ഹരിയാനയുടെ വാദം. എന്നാൽ, ജുഡീഷ്യൽ നടപടികൾ നിർദേശിച്ചിരിക്കുന്ന കാര്യം എക്സിക്യൂട്ടീവ് നടപടികൾക്കു ബാധകമാക്കേണ്ടതില്ലെന്നു ജസ്റ്റിസ് എം.എം. സുന്ദരേഷ്, എൻ.കെ. സിങ് എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു.

വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും ബാധിക്കുന്ന വിഷയമാണിത്. സമൻസ് അനുസരിച്ച് ഹാജരായില്ലെങ്കിൽ അറസ്റ്റ് ചെയ്യപ്പെടാനും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ സമൻസ് കുറ്റാരോപിതർക്കു നേരിട്ടു നൽകുകയാണ് ഉചിതം – കോടതി വ്യക്തമാക്കി. പതിവ് സേവന രീതി അനുസരിച്ചു വ്യക്തിക്കു നേരിട്ട് സമൻസ് അയയ്ക്കണമെന്നായിരുന്നു കോടതിയെ സഹായിക്കാൻ അമിക്കസ് ക്യൂറിയായി നിയമിച്ച മുതിർന്ന അഭിഭാഷകൻ സിദ്ധാർത്ഥ് ലുത്രയുടെയും നിലപാട്.

# ഇല്ലാത്ത രാജ്യങ്ങളുടെ പേരിൽ എംബസി; 'നയതന്ത്രജ്ഞൻ' കുടുങ്ങി

യുപി: ഇല്ലാത്ത രാജ്യത്തിന്റെ പേരിൽ എംബസി തുറന്ന് തട്ടിപ്പും വഞ്ചനയും നടത്തിയ ആൾ പിടിയിൽ. സാങ്കല്പിക രാജ്യങ്ങളുടെ പേരിലുള്ള എംബസിയിൽ നയതന്ത്രജ്ഞനാണെന്ന് സ്വയം വിശേഷിപ്പിച്ച് സസുഖം വാഴുകയായിരുന്ന വിരുതനെ യുപി പ്രത്യേക ദൗത്യസംഘമാണ് വലയിലാക്കിയത്.

വെസ്റ്റ് ആർട്ടിക്ക എന്ന രാജ്യത്തിന്റെ പ്രതിനിധി ചമഞ്ഞു ഗാസിയാബാദിലെ ആഡംബര ഭവനത്തിൽ കഴിഞ്ഞിരുന്ന ഹർഷവർധൻ ജെയിൻ എന്നയാളാണ് പിടിയിലായത്.ഗാസിയാബാദിലെ കാവിനഗർ സ്വദേശിയായ ജെയിൻ തൊട്ടടുത്തു തന്നെയുള്ള ആഡംബരവീട് വാടകയ്ക്കെടുത്താണ് ഉന്നതതല തട്ടിപ്പ് നടത്തിയത്.

വെസ്റ്റ് ആർട്ടിക്കയ്ക്കു പുറമെ സബോർഗ, പോൾവിയ, ലോഡോനിയ തുടങ്ങിയ രാജ്യങ്ങളുമായുള്ള നയതന്ത്രബന്ധവും ഇതുവഴി നിർവഹിക്കുമെന്നായിരുന്നു അവകാശവാദം. വിദേശ ഇടപാടുകൾക്കുള്ള ബ്രോക്കർ ഫീസ് മുതൽ ഷെൽ കമ്പനികൾ ഉപയോഗിച്ച് വിദേശത്തുനിന്നും ഹവാല പണം കൊണ്ടുവരുന്നതു വരെയുള്ള തട്ടിപ്പുകളാണ് 'എംബസി'യിലൂടെ നടന്നിരുന്നത്.

മൈക്രോനേഷനുകൾ എന്നു വിളിക്കപ്പെടുന്ന ഇവയുടെ അംബാസഡറായി സ്വയം പരിചയപ്പെടുത്തി വ്യാജ നയതന്ത്ര നമ്പർ പ്ലേറ്റുകൾ ഘടിപ്പിച്ച കാറുകൾ ഹർഷവർധൻ ഉപയോഗിക്കുകയായിരുന്നുവെന്ന് യുപി പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ പറഞ്ഞു. അഭിനവ എംബസി വളപ്പിലുണ്ടായിരുന്ന നാല് വാഹനങ്ങൾ അധികൃതർ പിടിച്ചെടുത്തു. 44,70,000 രൂപയും ഒന്നിലധികം രാജ്യങ്ങളുടെ വിദേശ കറൻസിയും ഇതോടൊപ്പം കണ്ടെടുത്തിട്ടുണ്ട്.

സാങ്കല്പിക രാജ്യങ്ങളുടെ പേരിൽ നല്കിയതായി കരുതപ്പെടുന്ന വ്യാജ നയതന്ത്ര പാസ്പോർട്ടുകളും പിടിച്ചെടുത്തവയിൽപ്പെടുന്നു. വിദേശകാര്യ മന്ത്രാലയത്തിന്റെ വ്യാജ സീലുകൾ പതിച്ച വ്യാജരേഖകൾ, രണ്ട് വ്യാജ പാൻകാർഡുകൾ, വിവിധ രാജ്യങ്ങളിൽ നിന്നും കമ്പനികളിൽ നിന്നുമുള്ള വ്യാജമുദ്രകൾ, രണ്ട് വ്യാജ പ്രസ് കാർഡുകൾ, ഇരകളെ തെറ്റിദ്ധരിപ്പിക്കാൻ ഉപയോഗിച്ച കമ്പനി രേഖകൾ എന്നിവയും റെയ്ഡിൽ കണ്ടെടുത്തു.

വ്യാജ നയതന്ത്ര നമ്പർ പ്ലേറ്റുകൾ ഉപയോഗിച്ച് ആഡംബര വാഹനങ്ങളിലാണ് ഹർഷവർധൻ യാത്ര ചെയ്തിരുന്നത്.

പ്രധാനമന്ത്രി, രാഷ്ട്രപതി തുടങ്ങിയവർക്കൊപ്പം നിൽക്കുന്ന മോർഫ് ചെയ്ത ഫോട്ടോകൾ ഉപയോഗിച്ച് വിശ്വാസ്യത നേടിയാണ് ആളുകളെ വലയിലാക്കിയിരുന്നത്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 87.72 |
| യൂറോ | 101.38 |
| സ്റ്റെർലിംഗ്പൗണ്ട് | 116.44 |
| സ്വിസ് ഫ്രാങ്ക് | 108.37 |
| സിംഗപ്പൂർ ഡോളർ | 68.08 |
| കനേഡിയൻ ഡോളർ | 63.63 |
| ഒമാൻ റിയാൽ | 228.13 |
| ബഹ്റൈൻ ദിനാർ | 232.71 |
| സൗദി റിയാൽ | 23.38 |
| യു.എ.ഇ. ദിർഹം | 23.88 |
| കുവൈത്ത് ദിനാർ | 286.98 |

# ഇരിങ്ങാലക്കുട ഐടിയു ബാങ്കിന്റെ പ്രവർത്തനങ്ങൾ റിസർവ് ബാങ്ക് നിർത്തിവെപ്പിച്ചു

ഇരിങ്ങാലക്കുട: കോടികളുടെ നഷ്ടം വരുത്തിയ ഇരിങ്ങാലക്കുട ടൗൺ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ പ്രവർത്തനങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർത്തിവെപ്പിച്ചു.

കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വൻ വീഴ്ചയാണ് ബാങ്ക് വരുത്തിയത്. തുടർന്ന് ആർബിഐ ആറുമാസത്തേക്ക് സാമ്പത്തിക ഇടപാടുകൾ മരവിപ്പിച്ച് ജൂലൈ 30-ന് ഉത്തരവിറക്കി. കോൺഗ്രസ് നേതാവും കെപിസിസി മുൻ ജനറൽ സെക്രട്ടറിയുമായ എം.പി. ജാക്സൻ ആണ് 39 കൊല്ലമായി ബാങ്കിന്റെ ചെയർമാൻ.

നിയന്ത്രണ കാലയളവിൽ ആർബിഐയുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ വായ്പ അനുവദിക്കുകയോ പുതുക്കുകയോ നിക്ഷേപം നടത്തുകയോ ഫണ്ട് കടം വാങ്ങുകയോ പുതിയ നിക്ഷേപങ്ങൾ സ്വീകരിക്കുകയോ ചെയ്യാനാകില്ല. നിക്ഷേപകന് 10,000 രൂപ മാത്രം പിൻവലിക്കാം. യോഗ്യരായവർക്ക്, അവരുടെ നിക്ഷേപങ്ങളുടെ അഞ്ച് ലക്ഷം രൂപ വരെയുള്ള നിക്ഷേപ ഇൻഷുറൻസ് ക്ലെയിം തുകയും സ്വീകരിക്കാം. ഉത്തരവ് നിലവിൽ വന്നതിനു പിന്നാലെ ബാങ്കിന്റെ എടിഎമ്മുകൾ നിശ്ചലമായി. ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട ഗൂഗിൾ പേ സേവനവും തടസ്സപ്പെട്ടു.

# 'നൈസാർ' വിക്ഷേപണം വിജയം

ശ്രീഹരിക്കോട്ട: ഭൗമനിരീക്ഷണത്തിനായുള്ള ഐഎസ്ആർഒ-നാസ സംയുക്ത ഉപഗ്രഹ ദൗത്യമായ 'നൈസാർ' വിക്ഷേപണം വിജയകരം. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലെ രണ്ടാം വിക്ഷേപണത്തറയിൽനിന്ന് ജൂലൈ 30-ന് ബുധനാഴ്ച വൈകിട്ട് 5.40-നാണ് ഉപഗ്രഹവുമായി ജിഎസ്എൽവി-എഫ് 16 റോക്കറ്റ് കുതിച്ചുയർന്നത്. ഭൗമ നിരീക്ഷണരംഗത്ത് പുതിയ അധ്യായത്തിന് ഇതോടെ തുടക്കമായെന്ന് ഐഎസ്ആർഒ വ്യക്തമാക്കി.

27 മണിക്കൂർ കൗണ്ട് ഡൗൺ 29-ന് ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.10-ന് ആരംഭിച്ചിരുന്നു. പ്രകൃതിദുരന്തങ്ങൾ കൃത്യമായി പ്രവചിക്കുന്നതിൽ നിർണായകമാണ് പുതിയ ദൗത്യം. 'നാസ-ഐഎസ്ആർഒ സിന്തറ്റിക്ക് അപേർച്ചർ റഡാർ സാറ്റ്ലൈറ്റ്' എന്നതാണ് നൈസാറിന്റെ പൂർണരൂപം. രണ്ടു സാർ റഡാറുകളുള്ള ലോകത്തിലെ ആദ്യ ഭൗമ നിരീക്ഷണ ഉപഗ്രഹമായ നൈസാറിന് 13,000 കോടിയിലേറെ രൂപയാണ് ചെലവ്. 2,400 കിലോഗ്രാം ഭാരമുള്ള ഈ ഉപഗ്രഹം ഭൂമിയിൽനിന്ന് 747 കിലോമീറ്റർ അകലെ ഭ്രമണം ചെയ്യും.

പ്രകൃതി ദുരന്ത മുന്നറിയിപ്പുകൾ നൽകാനും ദുരന്ത നിവാരണത്തിനും കാലാവസ്ഥാ നിരീക്ഷണത്തിനും കാർഷിക മേഖലയിലും നൈസാർ കൃത്രിമ ഉപഗ്രഹത്തിലെ വിവരങ്ങൾ സഹായകമാകുമെന്നാണു പ്രതീക്ഷ. ഉരുൾപൊട്ടലും മണ്ണിടിച്ചിലും അഗ്നിപർവ്വത സ്ഫോടനങ്ങളും ഭൂകമ്പങ്ങളുമെല്ലാം നൈസാറിന്റെ റഡാർ ദൃഷ്ടിയിൽ കൃത്യമായി പതിയും. കടലിലെ മാറ്റങ്ങളും പുഴകളുടെ ഒഴുക്കും തീരശോഷണവും മണ്ണൊലിപ്പും റഡാറുകൾ ഒപ്പിയെടുക്കും. ഇതിന് പുറമേ കാട്ടുതീകളും ഹിമാനികളുടെ ചലനവും മഞ്ഞുപാളികളിലെ മാറ്റവും തിരിച്ചറിയും. കൃഷിഭൂമിയിലെ മണ്ണിന്റെ ഈർപ്പവും വിളകളുടെ വളർച്ചയും വനങ്ങളിലെ പച്ചപ്പുമെല്ലാം നിരീക്ഷിക്കാനും നൈസാർ ഉപഗ്രഹത്തിന് ശേഷിയുണ്ട്. പന്ത്രണ്ട് ദിവസത്തിലൊരിക്കലെങ്കിലും ഭൂമിയിലെ ഓരോ ഇഞ്ചും നൈസാർ ഉപഗ്രഹത്തിലെ റഡാറുകൾ സൂക്ഷ്മമായി പകർത്തുമെന്നാണ് ഐഎസ്ആർഒ പറയുന്നത്. ഇവ പ്രകൃതി ദുരന്ത മുന്നറിയിപ്പുകൾ നൽകാൻ സഹായകമാകും. നൈസാർ ശേഖരിക്കുന്ന വിവരങ്ങൾ പൊതു ഉപയോഗത്തിനായി സൗജന്യമായി ഐഎസ്ആർഒയും നാസയും ലഭ്യമാക്കും.



ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽനിന്നു നൈസാർ ഉപഗ്രഹവുമായി ജിഎസ്എൽവി-എഫ് 16 റോക്കറ്റ് കുതിച്ചുയർന്നപ്പോൾ.



# കാനഡയിലെ മഹാഓണത്തിന് കരിവീരനും; വരവ് കേരളക്കരയിൽ നിന്ന്

ടൊറന്റോ: കാനഡയിലെ ഏറ്റവും തിരക്കേറിയ പട്ടണത്തിലൊരു ഗജവീരനെ ഒന്നു സങ്കല്പിച്ചാലോ? നെറ്റിപ്പട്ടം കെട്ടി, തലയാട്ടി, ചെവികൾ കുലുക്കി, തുമ്പിക്കൈ വീശി, വാൽ ആട്ടി... ആഹാ അന്തസ്സ്. സംഭവം ശരിയാണ്. ടൊറന്റോയിലേക്ക് ആന വരുന്നു. ലെവിറ്റേറ്റ് ഒരുക്കുന്ന മഹാഓണത്തിന് യങ് ആൻഡ് ഡണ്ടാസിലെ സാങ്കോഫ സ്ക്വയറിൽ ഇക്കുറി ഈ കൊമ്പനുണ്ടാകും. ചെവിയാട്ടിയുള്ള നില്പ് കണ്ടാൽ ഒരു തലയെടുപ്പുള്ള ഗജവീരന്റെ അതേ രൂപവും ഭാവവുമാണ് ഈ കൊമ്പനും. കേരളത്തിൽ അണിയിച്ചൊരുക്കിയ കൊമ്പൻ കൊച്ചിയിൽ നിന്ന് എത്തിക്കഴിഞ്ഞു. സെപ്റ്റംബർ ഏഴിന് മഹാഓണത്തിന് ചാരുതയേകാനുള്ള വരവാണിതെന്ന് മുഖ്യസംഘാടകൻ ജെറിൻ രാജ് അറിയിച്ചു.

പ്രൗഢിയുടെയും പ്രതാപത്തിന്റെയും പ്രതീകമായി ഒരുകാലത്ത് എഴുന്നള്ളിപ്പുകളിലെ നിറസാന്നിദ്ധ്യമായിരുന്ന ഗജശ്രേഷ്ഠൻ കാച്ചാംകുറിശ്ശി കേശവന്റെ മട്ടും ഭാവത്തിലുമാണ് ഇതിനെ നിർമ്മിച്ചിരിക്കുന്നത്. ആനച്ചന്തത്തിന്റെ മകുടോദാഹരണമായ കാച്ചാംകുറിശ്ശി കേശവനെ അനുസ്മരിപ്പിക്കുന്ന ഈ കൊമ്പന് എട്ട് അടി ഉയരവും പന്ത്രണ്ട് അടി നീളവും ഏഴടിയോളം വീതിയുമുണ്ട്. ഈ യന്ത്രവൽകൃത കൊമ്പന്റെ ചെവി, കണ്ണ്, തുമ്പിക്കൈ, വാല് എന്നിവയൊക്കെ അനങ്ങും. ഫൈബറിലും തുണിയിലും റബറിലുമൊക്കെയാണ് ഒറിജിനലിനെ വെല്ലുന്ന കൊമ്പനെ ഒരുക്കിയിരിക്കുന്നത്.



കഴിഞ്ഞവർഷം മുപ്പതിനായിരത്തിലേറെ കാണികളെ ആകർഷിച്ച ലെവിറ്റേറ്റിന്റെ മഹാഓണം കൂടുതൽ പുതുമകളോടെയാകും ഇത്തവണ ആഘോഷിക്കുകയെന്ന് സംഘാടകർ തുടക്കത്തിലെ അറിയിച്ചിരുന്നു.

ചെണ്ടമേളവും തിരുവാതിര ഉൾപ്പെടെയുള്ള നൃത്തപരിപാടികളും സംഗീതവും ഡിജെയുമെല്ലാമായി ഒരു ദിവസം മുഴുവൻ നീളുന്ന ആഘോഷം. ഇതിന്റെ ഭാഗമായാണ് മഹാകൊമ്പൻ. കേരളത്തിന്റെ വിളവെടുപ്പ് ഉത്സവവുമായി ബന്ധപ്പെട്ട സാംസ്കാരിക പരിപാടികളും ആഘോഷങ്ങളുമെല്ലാം കനേഡിയൻ ജനതയ്ക്ക് പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ടൊറന്റോയുടെ തിരുമുറ്റത്ത് ഒരുക്കിയ മഹാഓണം വടക്കൻ അമേരിക്കയിലെ തന്നെ ഏറ്റവും വലിയ മലയാളിക്കൂട്ടായ്മയായി മാറിയിരുന്നു. കാനഡയിലെ ഏറ്റവും വലിയ നഗരത്തിലെ ഏറ്റവും ശ്രദ്ധേയമായ പരിപാടികൾ നടക്കുന്ന വേദിയിൽ മലയാളികളുടേതായ കന്നി പരിപാടിയുമായിരുന്നു. രാജ്യാന്തര വിദ്യാർത്ഥികളിലെയും യുവജനങ്ങളിലെയും മികവുറ്റ കലാകാരന്മാരെ കണ്ടെത്തി അവർക്ക് വേദിയൊരുക്കുന്നതിനായാണ് ലെവിറ്റേറ്റ് എന്റർടൈൻമെന്റിന് തുടക്കം കുറിച്ചത്. കഴിഞ്ഞതവണ മഹാഓണം പരിപാടിയോടനുബന്ധിച്ച് മാത്രം ആയിരത്തോളം കലാകാരന്മാർക്കാണ് അവസരമൊരുക്കിയത്.

കലാപരിപാടികൾ അവതരിപ്പിക്കാൻ അമേരിക്കയിൽ നിന്നുൾപ്പെടെ പ്രതീക്ഷിച്ചതിലുമേറെ അപേക്ഷകൾ ലഭിച്ചതിനാൽ ഇവ വിലയിരുത്തി മികച്ചവ തെരഞ്ഞെടുക്കുക പ്രമുഖ സിനിമ സംവിധായകൻ കെ. മധുവിന്റെ നേതൃത്വത്തിലുള്ള സമിതിയാണ്. കഴിഞ്ഞ തവണ മഹാഓണം വേദിയിൽ എത്തിയ കെ. മധു പരിപാടികൾ ആസ്വദിക്കുകയും സംഘാടകമികവിനെ പ്രശംസിക്കുകയും ചെയ്തിരുന്നു.

മുഖ്യപ്രായോജകരായി ലെംഫൈ, ഗ്രീസ് മല്ലു, റിയൽറ്റർ ജെഫിൻ വാലയിൽ ജോസഫ്, കോസ്കോ എൽട്രോണോ, മൊണാക്കോ ബിൽഡേഴ്സ്, യോക് ഇമിഗ്രേഷൻ, മീ സ്മൈൽസ്, ഗോൾഡ് മാക്സ്, ലിസ, റോയൽ കേരള ഫുഡ്സ്, എൻഡി പ്രഫഷനൽസ്, സെന്റ് ജോസഫ്സ് ഡെന്റൽ ക്ലിനിക്, കൊക്കാടൻസ് ഗ്രൂപ്പ് തുടങ്ങിയവർ ഒപ്പം ചേർന്നിട്ടുണ്ട്. സ്പോൺസർഷിപ്പിന് ഇനിയും അവസരമുണ്ടെന്നും വടക്കൻ അമേരിക്കയിലെ തന്നെ ഏറ്റവും വലിയ മലയാളി സംഗമങ്ങളിലൊന്നായി മാറുമെന്നു പ്രതീക്ഷിക്കുന്ന മഹാഓണം പരിപാടിയിൽ സഹകരിക്കുന്നതിലൂടെ സംരംഭകർക്കും സംരംഭങ്ങൾക്കും കൂടുതൽ മലയാളികളിലേക്ക് എത്താനുള്ള അവസരമാണിതെന്നും സംഘാടകർ പറയുന്നു. റസ്റ്ററന്റുകൾക്കും മറ്റും സ്റ്റാളുകൾ ഒരുക്കുന്നതിനും അവസരമുണ്ട്., ഡിജിറ്റൽ ഡിസ്പ്ലേകളാൽ സമ്പന്നമായ യങ് ആൻഡ് ഡണ്ടാസ് സ്ക്വയറിൽ ദിവസേന ലക്ഷത്തോളം പേരുടെ സാന്നിദ്ധ്യമാണുണ്ടാകാറുള്ളത്. പ്രവേശനം സൗജന്യമാണ്.

കൂടുതൽ വിവരങ്ങൾക്കും സ്പോൺസർഷിപ്പിനും ലെവിറ്റേറ്റിന്റെയും മഹാഓണത്തിന്റെയും വെബ്സൈറ്റ് സന്ദർശിക്കുക: www.mahaonam.ca, ഫോൺ: 6477814743, ഇ-മെയിൽ: contact@levitateinc.ca

# എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം; തിരിച്ചടിയായി ഉത്തരവ്

തിരുവനന്തപുരം: വർഷങ്ങളായി നിയമനാംഗീകാരം പ്രതീക്ഷിച്ചു നില്ക്കുന്ന ആയിരക്കണക്കിന് എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് പ്രതികൂലമായി സർക്കാർ ഉത്തരവ്. ഭിന്നശേഷി നിയമനം സംബന്ധിച്ച് എൻഎസ്എസ് മാനേജ്മെന്റ് സുപ്രീംകോടതിയിൽ നല്കിയ കേസിലെ വിധിന്യായം മറ്റു സമാന സൊസൈറ്റികൾക്കും വിഭാഗങ്ങൾക്കും അനുവദിക്കണമെന്ന മാനേജ്മെന്റുകളുടെ ആവശ്യം കേരള സർക്കാർ തള്ളി. ഇതോടെ ആയിരക്കണക്കിന് അദ്ധ്യാപകരാണ് നിയമന അംഗീകാരത്തിനായി ഇനിയും കാത്തിരിപ്പു തുടരേണ്ടത്.

എൻഎസ്എസ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളിലെ ജീവനക്കാരുടെ നിയമനം അംഗീകരിക്കുന്നതിനു സുപ്രീംകോടതി വിധിയും ഇത് സംബന്ധിച്ച് കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവും മറ്റു സൊസൈറ്റികളുടെയും വിഭാഗങ്ങളുടെയും കീഴിലുള്ള സ്ഥാപനങ്ങൾക്കു ബാധകമാക്കണമെന്നാവശ്യപ്പെട്ട് കൺസോർഷ്യം ഓഫ് കാത്തലിക് മാനേജ്മെന്റ് സർക്കാരിന് കത്ത് നല്കിയിരുന്നു. 2025 ഏപ്രിൽ ഏഴിന് ഹൈക്കോടതിയും ഇത്തരത്തിൽ ഒരു നിരീക്ഷണം നടത്തുകയും സർക്കാർ ഇക്കാര്യത്തിൽ അനുഭാവപൂർവമായ നടപടി സ്വീകരിക്കണമെന്ന നിർദേശവും നല്കിയിരുന്നു.

എന്നാൽ, ഹൈക്കോടതി ഉത്തരവു വന്നു മൂന്നുമാസത്തിനു ശേഷം ജൂലൈ 30-ന് പൊതുവിദ്യാഭ്യാസവകുപ്പ് ഇറക്കിയ ഉത്തരവിൽ പറയുന്നത് സുപ്രീംകോടതി ഉത്തരവ് എൻഎസ്എസ് മാനേജ്മെന്റിനു കീഴിലുള്ള സ്ഥാപനങ്ങൾക്കു മാത്രമാണെന്നും മറ്റു സ്ഥാപനങ്ങളിൽ ഇത് നടപ്പാക്കണമെങ്കിൽ പ്രത്യേക കോടതി ഉത്തരവ് വേണമെന്നുമാണ് സർക്കാർ വാദം.

എൻഎസ്എസ് കേസിൽ സുപ്രീംകോടതി നടത്തിയ വിധിന്യായത്തിൽ തന്നെ സമാന സ്വഭാവമുള്ള സൊസൈറ്റികൾക്കും വിഭാഗങ്ങൾക്കും ഈ വിധിന്യായം നടപ്പാക്കാമെന്ന കാര്യം വ്യക്തമാക്കിയിരുന്നു. 2018 മുതലുള്ള എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനമാണ് ഭിന്നശേഷി നിയമനക്കുരുക്കിലും പ്രതിസന്ധിയിലുമുള്ളത്. ഭിന്നശേഷിക്കാർക്കായിട്ടുള്ള നിശ്ചിത ശതമാനം സീറ്റുകൾ മാനേജ്മെന്റുകൾ മാറ്റിവെച്ച കണക്ക് കൈമാറിയാൽ ബാക്കി അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നല്കുന്നതിനു തടസമില്ലെന്നതാണ് സുപ്രീംകോടതി എൻഎസ്എസ് കേസിൽ വിധി പറഞ്ഞത്. അതനുസരിച്ച് സർക്കാരിന് നടപടി കൈക്കൊള്ളാമെന്നിരിക്കെയാണ് നിയമനാംഗീകാരം പ്രതീക്ഷിച്ചു വർഷങ്ങളായി കാത്തുനില്ക്കുന്ന അദ്ധ്യാപകരെയും വിവിധ മാനേജ്മെന്റുകളെയും ഒരേപോലെ പ്രതിസന്ധിയിലാക്കിക്കൊണ്ട് വീണ്ടും കോടതി കയറിക്കോളൂ എന്ന സർക്കാർ നിലപാട്.

# ബസിന്റെ ഓവർടേക്കിനിടെ ഡെലിവറി ബോയിക്ക് ദാരുണാന്ത്യം

കൊച്ചി: ബസുകളുടെ മത്സരയോട്ടം കൊച്ചിയിൽ വീണ്ടും ഒരാളുടെ ജീവനെടുത്തു. ഓൺലൈൻ ഭക്ഷണവിതരണ കമ്പനിയിലെ ജീവനക്കാരനായ കൊടുങ്ങല്ലൂർ സ്വദേശി അബ്ദുൾ സലാം (41) ആണ് അപകടത്തിൽ മരിച്ചത്. ഭക്ഷണവുമായി പോവുകയായിരുന്ന അബ്ദുൾ സലാമിനെ പിന്നിൽനിന്ന് അമിതവേഗത്തിലെത്തിയ ബിസ്മില്ല എന്ന ബസ് ഇടിച്ചിടുകയായിരുന്നു. നിലത്തു വീണ സലാമിന്റെ തലയിലൂടെ ബസിന്റെ പിൻചക്രം കയറിയിറങ്ങി തൽക്ഷണം മരണം സംഭവിച്ചു.

തിങ്കളാഴ്ച രാവിലെ സൗത്ത് കളമശേരിയിലായിരുന്നു അപകടം. എറണാകുളത്തു നിന്ന് കളമശേരി വഴി ആലുവയ്ക്ക് പോകുന്ന ബസാണ് സലാമിനെ ഇടിച്ചുവീഴ്ത്തിയത്. സലാമിന്റെ ഇരുചക്രവാഹനം ബസിൽ തട്ടി വീഴുന്നതും ബസ് തലയിലൂടെ കയറിയിറങ്ങുന്നതും സിസിടിവി ദൃശ്യങ്ങളിൽ കാണാം.

പത്തടിപ്പാലം മുതൽ കളമശേരി വരെ രണ്ട് ബസുകൾ മത്സരയോട്ടം നടത്തുകയായിരുന്നെന്നും ഇതിനു പിന്നാലെയാണ് അപകടം നടന്നതെന്നും ദൃക്സാക്ഷികൾ പറയുന്നു. ഇത്തരത്തിലുള്ള അപകടങ്ങൾ നഗരത്തിൽ പതിവായതോടെ ഹൈക്കോടതി തന്നെ കഴിഞ്ഞദിവസം രൂക്ഷവിമർശനവുമായി രംഗത്തെത്തിയിരുന്നു. കഴിഞ്ഞ മാസമാണ് ഗോവിന്ദ് എസ്. ഷേണായി എന്ന പതിനെട്ടുകാരൻ സ്വകാര്യ ബസിടിച്ച് മരിച്ചത്.

# ഇസ്രയേൽ ആക്രമണം: 44 പലസ്തീൻകാർ കൊല്ലപ്പെട്ടു

ജറുസലം: ഗാസയിൽ ഇസ്രയേൽ സൈന്യം നടത്തിയ വെടിവെപ്പുകളിലും ബോംബാക്രമണങ്ങളിലും ഓഗസ്റ്റ് മൂന്നിന് 44 പലസ്തീൻകാർ കൊല്ലപ്പെട്ടു. ഇതിൽ 22 പേർ ഇസ്രയേൽ കരാറുകാരായ ജിഎച്ച്എഫിന്റെ ഭക്ഷണവിതരണകേന്ദ്രങ്ങളിലെ വെടിവെപ്പിലാണു കൊല്ലപ്പെട്ടത്. 24 മണിക്കൂറിനിടെ ആറ് പേർ കൂടി പട്ടിണി മൂലം മരിച്ചു. ഇതോടെ പട്ടിണി മൂലം മരിച്ചവരിൽ 93 കുട്ടികളടക്കം 175 ആയി.

പട്ടിണി വ്യാപിച്ച ഗാസയിലേക്ക് കഴിഞ്ഞ ആഴ്ച മുതൽ പരിമിതമായ തോതിൽ സഹായമെത്താൻ തുടങ്ങിയിട്ടുണ്ട്. ഇതിലേറെയും സായുധസംഘങ്ങൾ കൊള്ളയടിക്കുന്നതിനാൽ സാധാരണജനങ്ങളിലേക്ക് എത്താത്ത സ്ഥിതിയുമുണ്ട്. അതിനിടെ, 107 ടൺ ഡീസലുകളുമായി രണ്ട് ടാങ്കറുകൾ ഈജിപ്തിൽനിന്നു ഗാസയിലെത്തി. മൂന്ന് മാസത്തിനുശേഷമാണ് ഗാസയിലേക്ക് ഇന്ധനമെത്തുന്നത്.

മേയ് 27-നും ജൂലൈ 31-നുമിടയിൽ ജിഎച്ച്എഫ് കേന്ദ്രങ്ങളിലെ വെടിവെപ്പുകളിൽ 856 പേർ കൊല്ലപ്പെട്ടെന്നാണ് യുഎൻ കണക്ക്. അതിനിടെ, ഇസ്രയേൽ സുരക്ഷാമന്ത്രിയും തീവ്ര വലതുപക്ഷ പാർട്ടി നേതാവുമായ ബെൻവിർ ഇതാമർ അനുയായികൾക്കൊപ്പം കിഴക്കൻ ജറുസലമിലെ അൽ അഖ്സ പള്ളിവളപ്പിൽ അതിക്രമിച്ചുകടന്നതിൽ അറബ് ലോകത്തു പ്രതിഷേധമുയർന്നു.

മൂന്നിന് ഓസ്ട്രേലിയയിലെ സിഡ്നിയിൽ ഹാർബർ ബ്രിജിൽ നടന്ന പലസ്തീൻ അനുകൂല പ്രകടനത്തിൽ 90,000 പേർ പങ്കെടുത്തു. ഇസ്രയേലിനെതിരെ ഉപരോധമേർപ്പെടുത്താൻ ജനപ്രതിനിധികളടക്കം ആവശ്യപ്പെട്ടു.

# അറ്റ്ലാന്റ 2025-ന് കൊടിയിറങ്ങി

(14-ാം പേജിൽനിന്നും)

കോൺഫറൻസിനായി ഭദ്രാസന ചരിത്രത്തിൽ ഇദംപ്രഥമമായി രൂപീകരിച്ച ഭദ്രാസന ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ആയിരുന്നു കോൺഫറൻസിലുടനീളം ഗാനങ്ങൾ ആലപിച്ചത്. ഗാനശുശ്രൂഷകൾ ഏറ്റവും ഭക്തിസാന്ദ്രവും അനുഗ്രഹകരവും ആയിരുന്നു. ഗായകസംഘത്തിന് നേതൃത്വം നൽകിയത് ഫാ. തോമസ് മാത്യു, അലക്സ് ഏബ്രഹാം, സഞ്ജു ഏബ്രഹാം എന്നിവരായിരുന്നു. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്ന് ഗായകസംഘത്തിൽ പങ്കെടുത്ത എല്ലാവരെയും ഇടവക മെത്രാപ്പോലീത്ത അഭിനന്ദിച്ചു. ഈ വർഷത്തെ അറ്റ്ലാന്റാ ഫാമിലി കോൺഫറൻസിന് ചുക്കാൻ പിടിച്ച് കോൺഫറൻസ് ഒരു വൻ വിജയമാക്കിത്തീർത്ത കോൺഫറൻസ് ഡയറക്ടർ ഫാ. ജോർജ് ഡാനിയേലിന്റെയും ജനറൽ കൺവീനർ പ്രസാദ് ജോണിന്റെയും നേതൃപാടവവും ഏകോപനവും ഇടവക മെത്രാപ്പോലീത്തായും മറ്റ് എല്ലാ വിശിഷ്ട വ്യക്തികളും പ്രത്യേകം ശ്ലാഘിക്കയും പൊന്നാട അണിയിച്ച് അവരെ ആദരിക്കുകയും അനുമോദിക്കുകയും ചെയ്തു. കോൺഫറൻസിന്റെ വിജയത്തിനായി പ്രവർത്തിച്ച വിവിധ സബ് കമ്മിറ്റികളെയും അതിന്റെ കൺവീനേഴ്സിനെയും നന്ദി അറിയിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. കാതോലിക്കാ മംഗളഗാനത്തോടെ സമ്മേളനം പര്യവസാനിക്കുകയും സ്നേഹവിരുന്നോടു കൂടി ഫാമിലി കോൺഫറൻസ് - 2025-ന് തിരശ്ശീല വീഴുകയും ചെയ്തു. അറ്റ്ലാന്റാ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ്-2025 പങ്കെടുത്ത എല്ലാവർക്കും മറക്കാനാവാത്ത മധുരസ്മരണകളായി മാറുകയും ഭദ്രാസന ചരിത്രത്തിൽ തന്നെ അത് ഒരു പുതിയ അദ്ധ്യായത്തിനു ഏട് തുറക്കുകയും ചെയ്തു.

# സാഹിത്യവേദി ഓഗസ്റ്റ് 8-ന്

(9-ാം പേജിൽനിന്നും)

അച്ചടിച്ചു വന്ന വിവിധ ലേഖനങ്ങളുടെ സമാഹാരമായ ഒറ്റപ്പയറ്റ് 2018 മെയ് മാസത്തിൽ കോട്ടയത്തുവെച്ച് നടന്ന ചടങ്ങിൽ പ്രശസ്ത സാഹിത്യകാരൻ സക്കറിയ എഴുത്തുകാരൻ ഉണ്ണി ആറിന് നല്കി പ്രകാശിപ്പിച്ചു. പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷത വഹിച്ചു.

ഷാജൻ ആനിത്തോട്ടത്തിന്റെ ആദ്യനോവലായ പകർന്നാട്ടം മാതൃഭൂമി വാരികയുടെ പത്രാധിപരും നോവലിസ്റ്റുമായ സുഭാഷ് ചന്ദ്രനാണ് പ്രകാശിപ്പിച്ചത്. കോഴിക്കോട് വെച്ച് നടന്ന ചടങ്ങിൽ യു.കെ. കുമാരൻ പുസ്തകത്തിന്റെ കോപ്പി ഏറ്റുവാങ്ങി. ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച ഹിമ ഇരുപത്തൊന്നു ചെറുകഥകളുടെ സമാഹാരമാണ്.

2025 ഏപ്രിൽ മാസം കൊച്ചി മാതൃഭൂമിയിൽ നടന്ന ചടങ്ങിൽ വെച്ച് പ്രശസ്ത സാഹിത്യകാരൻ സി. രാധാകൃഷ്ണൻ നോവലിസ്റ്റും കഥാകാരനുമായ ഫ്രാൻസിസ് നൊറോണയ്ക്ക് നല്കിയാണ് പ്രകാശനം നിർവഹിച്ചത്.

ജൂൺമാസ സാഹിത്യവേദിയിൽ ഷിജി അലക്സ് നടത്തിയ ഉള്ളെഴുത്തുകൾ എന്ന പുസ്തകത്തിന്റെ പരിചയപ്പെടുത്തൽ വളരെയേറെ ആസ്വാദ്യകരമായിരുന്നു.

എല്ലാ സാഹിത്യസ്നേഹികളേയും ഓഗസ്റ്റ്മാസ സാഹിത്യ വേദിയിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: ഷാജൻ ആനിത്തോട്ടം 847 322 1181, പ്രസന്നൻ പിള്ള 630 935 2990, ജോൺ ഇലക്കാട് 773 282 4955.

KERALA EXPRESS Matrimonial

# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite mar-

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller.
Please respond with a photo to
**dm1235@gmail.com**

## SEEKING BRIDEGROOM CONTD.....

riage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented.
If interested, please email:
**medqis@gmail.com** or contact **(908) 764-0342.**

**Visit Our Website:**
**www.keralaexpress.com for Matrimonial**

# Holiday Let

## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ shopping centres.
Beautiful view of Kochi City.
Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**

## ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**




## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721 or**


**email drmathai123@gmail.com**




# 'ബൾട്ടി'യിൽ അൽഫോൺസ് പുത്രൻ

**അ**രണ്ട വെളിച്ചത്തിൽ സോഡാ കുപ്പി എതിരാളിയുടെ തലയിൽ അടിച്ചുപൊട്ടിച്ച് അയാളുടെ നെഞ്ചത്ത് ആഞ്ഞുകുത്തും, രക്തം മുഖത്തും ശരീരത്തിലും ചിതറിത്തെറിക്കുമ്പോൾ ഒരു കൊലച്ചിരിയുണ്ട്. ഉടൻ അയാൾക്കൊരു കാലിച്ചായ കുടിക്കണം, അതാണു ശീലം.... പറഞ്ഞുവരുന്നതു ബാബുവിനെ പറ്റിയാണ്, ഷെയിൻ നിഗം നായകനായ 'ബൾട്ടി'യിൽ സൈക്കോ ബട്ടർഫ്ളൈ സോഡ ബാബുവായി ഞെട്ടിക്കാനെത്തുകയാണു സംവിധായകൻ അൽഫോൺസ് പുത്രൻ. ചിത്രത്തിലെ കാരക്ടർ ഗ്ലിംപ്സ് വീഡിയോ സോഷ്യൽമീഡിയയിൽ തരംഗമായി.

മലയാളത്തിൽ ട്രെൻഡ് സെറ്റായി മാറിയ 'പ്രേമ'ത്തിലൂടെ പ്രേക്ഷകരുടെ പ്രിയ സംവിധായകനായി മാറിയ അൽഫോൺസ് പുത്രൻ തികച്ചും വേറിട്ട വേഷത്തിലാണു ചിത്രത്തിൽ എത്തുന്നതെന്നാണു സൂചന.




സിൽക്ക് കളർഫുൾ ഷർട്ടും ഫോർമൽ പാന്റ്സും അണിഞ്ഞ് സോൾട്ട് ആൻഡ് പെപ്പർ ലുക്കിൽ അടിമുടി കിടിലൻ ഗെറ്റപ്പിലാണ് അൽഫോൺസ് പുത്രൻ റീലോഡഡ് എന്ന ടാഗ് ലൈനുമായി വീഡിയോ എത്തിയിരിക്കുന്നത്. സംഗീതത്തിനും ആക്ഷനും ഏറെ പ്രാധാന്യമുള്ള ചിത്രമായ 'ബൾട്ടി' സംവിധാനം ചെയ്യുന്നത് നവാഗതനായ ഉണ്ണി ശിവലിംഗമാണ്.

ഹ്രസ്വചിത്രങ്ങളിലൂടെയെത്തി പിന്നീട് മലയാള സിനിമാ സംവിധായകരുടെ ഗണത്തിലേക്ക് ഉയർന്ന അൽഫോൺസ് 2013-ൽ 'നേരം' തമിഴിലും മലയാളത്തിലുമായി ഒരുക്കിയിരുന്നു.

2015-ൽ ആണ് 'പ്രേമം' ഒരുക്കിയത്. വൻ വിജയമായി മാറിയ 'പ്രേമം' തമിഴ്നാട്ടിൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ മലയാളം സിനിമയുമായി. രണ്ട് സിനിമയിലും നായകൻ നിവിൻ പോളിയായിരുന്നു.

ശേഷം 2022-ൽ പൃഥ്വിരാജ് സുകുമാരനെ നായകനാക്കി 'ഗോൾഡ്' ഒരുക്കി. സംവിധായകനിലുപരി ഫിലിം എഡിറ്ററും നിർമാതാവും അഭിനേതാവുമൊക്കെയാണ് അൽഫോൺസ് പുത്രൻ. 2018-ൽ സുഹൃത്ത് സുകുമാർ തെക്കേപ്പാട്ടുമായി ചേർന്ന് 'തൊബാമ' എന്ന സിനിമയും നിർമിച്ചു. അടുത്തിടെ പുറത്തിറങ്ങിയ 'യുണൈറ്റഡ് കിങ്ഡം ഓഫ് കേരള' എന്ന സിനിമയിലും അൽഫോൺസ് അഭിനയിച്ചിരുന്നു.

# 'സ്റ്റെല്ല'യിലൂടെ കുഞ്ഞാറ്റ അഭിനയരംഗത്തേക്ക്

**താ**രജോടികളായിരുന്ന മനോജ് കെ. ജയൻ-ഉർവശി എന്നിവരുടെ മകൾ തേജാ ലക്ഷ്മി (കുഞ്ഞാറ്റ) അഭിനയരംഗത്തേക്ക് എത്തുന്ന ചിത്രമാണ് സുന്ദരിയായവൾ സ്റ്റെല്ല. ഇക്കാ പ്രൊഡക്ഷൻസിന്റെ ബാനറിൽ മുഹമ്മദ് സാലി നിർമിച്ച് നവാഗതനായ ബിനു പീറ്റർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്നു. സമ്പന്ന കുടുംബത്തിൽ പിറന്ന് ചിത്രശലഭത്തെപ്പോലെ പാറിനടക്കുന്ന സ്റ്റെല്ല എന്ന പെൺകുട്ടിയുടെ ജീവിതമാണ് ഹ്യൂമർ, ഇമോഷൻ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നത്.



സർജാനുവാണ് നായകൻ. ലാലു അലക്സും കനിഹയും പ്രധാന വേഷങ്ങളിലുണ്ട്. സംഗീതം-ശ്രീനാഥ് ശിവ ശങ്കരൻ. ഛായാഗ്രഹണം-അനിരുദ്ധ് അനീഷ്. എഡിറ്റിംഗ്-സാഗർ ദാസ്. കലാസംവിധാനം-സജീഷ് താമരശേരി. മേക്കപ്പ്-ലിബിൻ മോഹൻ. ജൂലൈ അവസാനം കൊച്ചിയിൽ ചിത്രീകരണം തുടങ്ങും.

# 'ചങ്ങായി' തിയറ്ററുകളിലേക്ക്

**പ**റവ എന്ന ചിത്രത്തിലൂടെ ശ്രദ്ധേയരായ അമൽ ഷാ, ഗോവിന്ദ് പൈ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി സുധേഷ് കഥയെഴുതി സംവിധാനം ചെയ്യുന്ന ചങ്ങായി ഓഗസ്റ്റ് ഒന്നിന് പ്രദർശനത്തിനെത്തുന്നു. മികച്ച നവാഗത നടിക്കുള്ള ഫിലിം ക്രിട്ടിക്സ് അവാർഡ് നേടിയ ശ്രീലക്ഷ്മിയാണു നായിക.



ഭഗത് മാനുവൽ, ജാഫർ ഇടുക്കി, സന്തോഷ് കീഴാറ്റൂർ, ശിവജി ഗുരുവായൂർ, കോട്ടയം പ്രദീപ്, വിനോദ് കോവൂർ, വിജയൻ കാരന്തൂർ, സുശീൽ കുമാർ, ശ്രീജിത്ത് കൈവേലി, സിദ്ധിഖ് കൊടിയത്തൂർ, വിജയൻ വി. നായർ, മഞ്ജു പത്രോസ്, അനു ജോസഫ് എന്നിവരാണു ചങ്ങായിയിലെ മറ്റു പ്രധാന അഭിനേതാക്കൾ.

ഐവ ഫിലിംസിന്റെ ബാനറിൽ വാണി ശ്രീ നിർമിക്കുന്ന ചങ്ങായിയുടെ ഛായാഗ്രഹണം പ്രശാന്ത് പ്രണവം നിർമിക്കുന്നു. തായ് നിലം എന്ന തമിഴ് ചിത്രത്തിലൂടെ നിരവധി ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ വാങ്ങിക്കൂട്ടിയ ഛായാഗ്രഹകനാണു പ്രശാന്ത് പ്രണവം. സൗദിയിലെ മലയാളി എഴുത്തുകാരി ഷഹീറ നസീറാണു ഗാനരചന. സംഗീതം- മോഹൻ സിത്താര, എഡിറ്റർ- സനൽ അനിരുദ്ധനൻ, പ്രൊഡക്ഷൻ കൺട്രോളർ-പ്രേംകുമാർ പറമ്പത്ത്, അസോസിയേറ്റ് ഡയറക്ടർ-രാധേഷ് അശോക്.

# ഖാലിദ് അൽ അമേരി മലയാളത്തിൽ

**ലോ**കമെമ്പാടും ലക്ഷക്കണക്കിന് ഫോളോവർമാരുള്ള, ദുബായ് ആസ്ഥാനമായ സോഷ്യൽ മീഡിയ താരം ഖാലിദ് അൽ അമേരി മലയാള സിനിമയിൽ. നവാഗതനായ അദ്വൈത് നായർ ഒരുക്കുന്ന 'ചത്ത പച്ച-ദ റിംഗ്



ഓഫ് റൗഡീസ്' എന്ന ചിത്രത്തിലൂടെയാണ് ഇദ്ദേഹത്തിന്റെ വരവ്. ഫോർട്ട് കൊച്ചിയുടെ പശ്ചാത്തലത്തിൽ റൗഡി ആക്ഷൻ ഡ്രാമയാണ് 'ചത്ത പച്ച'. അതിഥി വേഷത്തിലാണ് ഖാലിദ് അലി അമേരി എത്തുന്നത്. റീൽ വേൾഡ് എന്റർടൈൻമെന്റിന്റെ ബാനറിൽ, രമേഷ് എസ്. രാമകൃഷ്ണൻ, റിതേഷ് എസ്. രാമകൃഷ്ണൻ, ഷിഹാൻ ഷൗക്കത്ത് എന്നിവരാണ് നിർമാണം.

അർജുൻ അശോകൻ, റോഷൻ മാത്യു, ഇഷാൻ ഷൗക്കത്ത്, വിശാഖ് നായർ എന്നിവരാണ് കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. സിദ്ദിക്ക്, മുത്തുമണി, പൂജ മോഹൻരാജ്, തെസ്നി ഖാൻ, ലക്ഷ്മി മിഥുൻ തുടങ്ങിയവരും വേഷമിടുന്നു. സംഗീതം-ശങ്കർ, ഇഹ്സാൻ, ലോയ് ടീം. പശ്ചാത്തല സംഗീതം-മുജീബ് മജീദ്. ഗാനങ്ങൾ -വിനായക് ശശികുമാർ. തിരക്കഥ-സനൂപ് തൈക്കൂടം. ഛായാഗ്രഹണം-ആനന്ദ് സി. ചന്ദ്രൻ. എഡിറ്റിംഗ്-പ്രവീൺ പ്രഭാകർ. കലാസംവിധാനം-സുനിൽ ദാസ്.

# 'ദൃശ്യം' മൂന്നാംഭാഗം ഒരുങ്ങുന്നു

**ദൃ**ശ്യം മൂന്നാം ഭാഗം ഒരുങ്ങുമ്പോൾ സമ്മർദമുണ്ട്. അത് സ്വാഭാവികമാണല്ലോ. കാരണം ആകാശത്തോളം ഉയരത്തിലാണു ചിത്രത്തെക്കുറിച്ചു പ്രേക്ഷകപ്രതീക്ഷകൾ. ദൃശ്യം ചെയ്യുമ്പോൾ രണ്ടാം ഭാഗം മനസിലുണ്ടായിരുന്നേ ഇല്ല. രണ്ടാം ഭാഗത്തിന്റെ പ്ലാൻ വന്ന സമയത്ത് എന്റെ ഭാര്യ ലിൻഡയും മക്കളുമൊക്കെ ഇതു വേണോ എന്നു ചോദിച്ചു. എഴുതി നോക്കട്ടെ ഓക്കെ അല്ലെങ്കിൽ വിട്ടുകളയാം എന്നായിരുന്നു എനിക്ക്. പക്ഷേ, എഴുതിക്കഴിഞ്ഞപ്പോൾ മക്കൾ വന്നു പറഞ്ഞു, ഡാഡി, ഇതു നല്ല സിനിമയാണ് എത്ര ഓടും എന്നൊന്നും അറിയില്ല. പക്ഷേ, നല്ല സിനിമയാണ് നമുക്ക് ചെയ്യാം എന്ന്. നിലവിൽ നാലു പേർക്കേ മൂന്നാം ഭാഗത്തിന്റെ കഥ അറിയൂ. എന്റെ പിള്ളേർക്കും എന്റെ ഒരു സുഹൃത്തിനും പിന്നെ എനിക്കു തിരക്കഥ ടൈപ്പ് ചെയ്തു തരുന്ന മറ്റൊരു സുഹൃത്തിനും.

അവരോടു ചോദിച്ചപ്പോൾ അവർ പറഞ്ഞത് ഇതൊരു നല്ല സിനിമയാണ്, പക്ഷേ ആൾക്കാർ വേറെ ലെവലിലൊക്കെ പ്രതീക്ഷിച്ചുവന്നാൽ എന്താകുമെന്ന് എനിക്ക് പറയാനാകില്ല. ഞാൻ ആ ചാൻസ് എടുക്കുകയാണ്.

**ജിത്തു ജോസഫ്**




# സുമതി വളവിലെ രഹസ്യങ്ങൾ പങ്കുവയ്ക്കുന്നു തിരക്കഥാകൃത്ത് അഭിലാഷ് പിള്ള



മണിച്ചിത്രത്താഴ് റിലീസായ കാലത്തെ ഒരു യക്ഷിക്കഥ! അതാണ് അഭിലാഷ് പിള്ളയുടെ തിരക്കഥയിൽ വിഷ്ണു ശശിശങ്കർ സംവിധാനംചെയ്ത സുമതിവളവ്. മാളികപ്പുറം ടീം വീണ്ടും ഒന്നിക്കുന്ന പുത്തൻപടം. ഗോകുലം ഗോപാലനും മുരളി കുന്നുംപുറത്തുമാണു നിർമാണം. സുമതിവളവ് പേടിപ്പിക്കുന്ന സിനിമയെന്നു തിരക്കഥാകൃത്ത് അഭിലാഷ് പിള്ള. പക്ഷേ, കോൺജുറിംഗ് പോലെയൊരു പടമല്ലെന്നും എഴുത്തുകാരൻ പറയുന്നു.

'ഇമോഷനുകളൊക്കെയുള്ള ഒരു കഥ. അതു സുമതിവളവിനെ അടിസ്ഥാനമാക്കി പറയുന്നതിനാൽ അതിൽ പേടിപ്പിക്കുന്ന ചിലതൊക്കെയുണ്ട്. മാളികപ്പുറം ഒരു പ്രത്യേക ജോണറിലുള്ള സിനിമയല്ല. അതിൽ എല്ലാമുണ്ട്. ഡിവൈൻ പശ്ചാത്തലം കൂടിയുണ്ടായിരുന്നു. അതിനുപകരം ഇതിൽ സുമതിയെന്ന കഥാപാത്രത്തെയും ആ വളവും ചുറ്റിപ്പറ്റിയാണു കഥ പറയുന്നത്'- അഭിലാഷ് പിള്ള പറഞ്ഞു.

നമ്മളെല്ലാവരും പണ്ടുതൊട്ടേ കേട്ടിട്ടുള്ള സ്ഥലമാണ് തിരുവനന്തപുരം-പാലോട് റൂട്ടിൽ മൈലമൂടുള്ള സുമതിവളവ്. ആ സ്ഥലത്തിന്റെ പേരിൽ കൗതുകം തോന്നി, ഒരു കഥയുണ്ടാക്കി അതിലേക്കു സുമതിവളവ് പ്ലേസ് ചെയ്യുകയായിരുന്നു. ഇത് ഒറിജിനൽ സുമതിവളവിന്റെ കഥയല്ല. പക്ഷേ, അതിൽനിന്നു പ്രചോദനം നേടിയാണ് ഈ സിനിമയുടെ കഥ രൂപപ്പെടുത്തിയത്. യഥാർഥ സുമതിയുമായോ സുമതിയുമായി ബന്ധപ്പെട്ടു നടന്ന സംഭവവുമായോ ഈ സിനിമയ്ക്കു ബന്ധമില്ല. ഞങ്ങൾ മെനഞ്ഞെടുത്ത വേറൊരു കഥയാണു പറയുന്നത്. കേരള-തമിഴ്നാട് അതിർത്തിയിലുള്ള ഒരു സാങ്കല്പിക ഗ്രാമത്തിലാണ് ഈ കഥ സംഭവിക്കുന്നത്.

മാളികപ്പുറം ടീമിലെ സംവിധായകനും തിരക്കഥാകൃത്തും സംഗീതസംവിധായകനുമൊക്കെ ചേർന്നൊരുക്കിയ ഫാമിലി എന്റർടെയ്നറാണിത്. കോമഡിയും ഹൊററും ഇമോഷനുമുൾപ്പെടെ എല്ലാ ഫ്ളേവറുകളുമുള്ള പക്കാ വിനോദചിത്രം. നായക കഥാപാത്രമായി അർജുൻ അശോകൻ. തമിഴിലെ ഹിറ്റ് താരം മാളവിക മനോജാണ് ഇതിൽ അർജുന്റെ നായിക. സൈജു കുറുപ്പ്, ബാലു വർഗീസ്, സിദ്ധാർഥ് ഭരതൻ, ശ്രാവൺ മുകേഷ്, ഗോപിക അനിൽ, ജൂഹി, ശിവദ, സിജ റോസ്, ശ്രീജിത്ത് രവി, നന്ദു, സിനു, മാളികപ്പുറത്തിലെ ശ്രീപദ്, ദേവനന്ദ തുടങ്ങിയവർക്കൊപ്പം അതിഥിവേഷങ്ങളിൽ രണ്ടു മൂന്നു താരങ്ങളും ചിത്രത്തിലുണ്ട്.

സുമതിവളവിലെ വളവ് ഒരു നിഗൂഢത തന്നെയാണ്. തിയറ്ററിലിരിക്കുന്ന പ്രേക്ഷകരെ ആ വളവിലെത്തിക്കുന്ന രീതിയിലാണ് ഈ പടത്തിന്റെ മേക്കിംഗ്. അങ്ങനെയൊരു പേടിപ്പിക്കൽ സംഭവമുണ്ട് സിനിമയിൽ. ഒരു ഗ്രാമത്തിൽ നടക്കുന്ന ഒരു കെട്ടുകഥ നർമത്തിന്റെ അടരുകളിൽ പൊതിഞ്ഞു പറയുകയാണ്. കഥയിൽ ഒന്നു രണ്ടു നിഗൂഢതകളുണ്ട്. പക്ഷേ, അതിലേക്ക് എത്തുന്നത് ഇൻവെസ്റ്റിഗേഷൻ രീതിയിലല്ല. കുറച്ചു പേടിക്കാനും ചിരിക്കാനുമുള്ളതിനൊപ്പം കൈയടിപ്പിക്കുന്ന മാസ് ചേരുവകളും സിനിമയിലുണ്ടാകും.

മാളികപ്പുറത്തിൽ പാട്ടുകളൊരുക്കിയ രഞ്ജിൻരാജ് ഈണമിട്ട അഞ്ച് പാട്ടുകളുമുണ്ട്. എം.ആർ. രാജാകൃഷ്ണനാണു സൗണ്ട് ഡിസൈനർ. കുടുംബത്തോടെ വന്നു സന്തോഷത്തോടെ കണ്ടിറങ്ങിപ്പോകാൻ പറ്റുന്ന എന്റർടെയ്നർ. അങ്ങനെയാണ് ഇതിന്റെ മേക്കിംഗ്.

90-കളിൽ നടന്ന കഥയെന്ന രീതിയിലാണു സിനിമ. മണിച്ചിത്രത്താഴ് റിലീസായ സമയത്താണ് ഈ കഥയിലെ സംഭവങ്ങൾ. വിഷ്വലി രസകരമായ, ആളുകളിൽ നഷ്ടബോധമുണർത്തുന്ന ചിലതു സിനിമയിലുണ്ട്. സിനിമയുടെ ആദ്യത്തെ പത്തു മിനിറ്റ് തമിഴ് പശ്ചാത്തലത്തിലാണു കഥാസഞ്ചാരം. കഥയ്ക്കു പശ്ചാത്തലമായ ആ ഗ്രാമത്തിൽ ഒരു തിയറ്ററുണ്ട്. അവിടെ കഥ പറയുന്ന കുറച്ചു സീനുകളുമുണ്ട്.

മൊത്തം പടം ഷൂട്ട് ചെയ്തതു പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഉൾപ്പെടെയുള്ള ഗ്രാമങ്ങളിലും മറയൂരുമാണ്. ഈ കഥയ്ക്കു പറ്റിയ ഒരു വളവ് കണ്ടെത്തി അതു സെറ്റ് ചെയ്തെടുത്താണു ഷൂട്ട് ചെയ്തത്. അജയ് മങ്ങാടാണു കലാസംവിധാനം.

സിനിമയിലൂടെ ആളുകളെ പേടിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്യുക എന്നത് എല്ലായ്പ്പോഴും ശ്രമകരമാണ്. ഇതു രണ്ടും സാധ്യമാക്കുന്ന തിരക്കഥ എഴുതുന്നത് ഇത്തിരി പണിയുള്ള പരിപാടിയാണ്. സമയമെടുത്താണ് ഇതിന്റെ സ്ക്രിപ്റ്റ് പൂർത്തിയാക്കിയതും അതു സിനിമയാക്കിയതും. കഴിവതും മുമ്പിറങ്ങിയ യക്ഷിക്കഥകളിൽ കാണാത്ത കാര്യങ്ങൾ ഇതിൽ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. എന്തൊക്കെയായാലും ഇങ്ങനയേ പേടിപ്പിക്കാൻ പറ്റൂ എന്ന മട്ടിൽ ചില വാർപ്പു മാതൃകകളുണ്ട്. അതിനുള്ളിൽ നിന്നുകൊണ്ടുതന്നെ പുതിയ ആവിഷ്കാര രീതികൾ ഇതിൽ ചെയ്തിട്ടുണ്ട്. വിഎഫ്എക്സിനു പ്രാധാന്യമുള്ള സിനിമയാണിത്. പി.വി. ശങ്കറിന്റെ കാമറാ ടീം പ്രധാന സീനുകൾ ഷൂട്ട് ചെയ്യുന്ന സമയങ്ങളിലൊക്കെ സി.ജി.-വിഎഫ്എക്സ് വിഭാഗം ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു. ഷഫീക് മുഹമ്മദ് അലിയാണു ചിത്രത്തിന്റെ എഡിറ്റർ.



വിഷ്ണുവുമായി ഒന്നിച്ചു ചെയ്യുന്ന രണ്ടാമത്തെ പടമാണു സുമതിവളവ്. അതിനു മുന്നേതന്നെ ഞാനെഴുതിയ കഡാവറിലും പത്താം വളവിലുമൊക്കെ ഡയറക്ഷൻ ടീമിൽ വിഷ്ണുവുമുണ്ടായിരുന്നു. ഞങ്ങൾ തമ്മിൽ ഏറെ വർഷങ്ങളുടെ ബന്ധമാണ്. ആശയവിനിമയം എളുപ്പമാണ്. അത് അങ്ങനെയല്ല, ഇങ്ങനെ മതി എന്നു ഞാൻ പറഞ്ഞാൽ അതു കേൾക്കുന്ന ഡയറക്ടാണു വിഷ്ണു.

സ്ക്രിപ്റ്റ് എഴുത്തു മുതൽ പടം തിയറ്ററിൽനിന്നു പോകുന്നതുവരെയും ഞാൻ സിനിമയ്ക്കൊപ്പമുണ്ടാകും. അതിനു ശേഷമേ അടുത്ത പടത്തിലേക്കു പോവുകയുള്ളൂ. അല്ലാതെ, ഒരു പടം എഴുതിക്കൊടുത്തിട്ട് എന്റെ വഴിക്കു പോകുന്നതല്ല എന്റെ രീതി. നമ്മൾ എഴുതിയ പടം നമ്മൾ ഉദ്ദേശിച്ചതുപോലെ ഔട്ട് വരുന്നതിന് ആദ്യാവസാനം ഒപ്പം നിന്നാലേ കാര്യമുള്ളൂ.

മാളികപ്പുറത്തിലേതുപോലെ സുമതിവളവിലും ആക്ഷനു പ്രാധാന്യമുണ്ട്. രണ്ടു ഹെവി ആക്ഷൻ സീക്വൻസുകൾ. രാക്ഷസൻ ഫെയിം ഫൈറ്റ് മാസ്റ്റർ വിക്കിയും കണ്ണൂർ സ്ക്വാഡിന്റെ ക്ലൈമാക്സ് ആക്ഷൻ കോറിയോഗ്രാഫർ അഭിഷേകും രസകരമായ ആക്ഷൻ ബ്ലോക്കുകളാണ് ഒരുക്കിയത്. മലയാളികളുടെ, കേരളത്തിന്റെ സ്വന്തം യക്ഷിയാണല്ലോ സുമതി. സുമതിയുടെ ഒരു പടം. അതിന്റെ തിയറ്റർ അനുഭവത്തിനായി പ്രേക്ഷകർക്കു ധൈര്യമായി വരാം. സുമതിവളവിലെ കൂടുതൽ രഹസ്യങ്ങൾ അങ്ങനെ അറിയുന്നതാവും ത്രിൽ.


ഇനി എഴുതിത്തുടങ്ങുന്നതു ചോറ്റാനിക്കര ലക്ഷ്മിക്കുട്ടി എന്ന സിനിമയുടെ തിരക്കഥയാണ്. എം. മോഹനൻ സംവിധാനം ചെയ്യുന്ന പടം. ഒരമ്പലവും ഒരാനയും അടിസ്ഥാനമാക്കിയുള്ള കഥ. ആനക്കഥയാണത്. നിർമാണം ഗോകുലം മൂവീസ്. എം. പദ്മകുമാർ സംവിധാനം ചെയ്യുന്ന വലിയ ഒരു പ്രോജക്ടിനു വേണ്ടിയും എഴുതുന്നുണ്ട്. ഒക്ടോബറിലായിരിക്കും അതിന്റെ ചിത്രീകരണം. പ്രൊഡക്ഷൻ കൺട്രോളറായ ബാദുഷയാണു നിർമാണം.

അഭിലാഷ് പിള്ളൈ വേൾഡ് ഓഫ് സിനിമാസിനു വേണ്ടി ഞാൻ നിർമിക്കുന്ന ചിത്രമാണു പാബ്ലോ പാർട്ടി. എന്റേതാണു സ്റ്റോറി ഐഡിയ. എന്റെ അസോസിയേറ്റ്സായ ബിബിൻ എഴുതി ആരതി സംവിധാനം ചെയ്യുന്നു.

സംവിധായകൻ വിനയനു വേണ്ടി അദ്ഭുതദ്വീപ് 2 എഴുതിക്കൊണ്ടിരിക്കുന്നു. അതു പൂർത്തിയായാലുടൻ ഈ വർഷം അവസാനമോ അടുത്ത വർഷം ആദ്യമോ ചിത്രീകരണം തുടങ്ങും. വലിയ സിനിമയായതുകൊണ്ടാണ് അതിനു സമയമെടുക്കുന്നത്. അതു വലിയ പടമായി ചെയ്തിട്ടേ കാര്യമുള്ളൂ. അദ്ഭുതദ്വീപ് നമ്മളെയെല്ലാം അത്രത്തോളം അദ്ഭുതപ്പെടുത്തിയ സിനിമയാണ്. അതിനു പാർട്ട് 2 കൊണ്ടുവരുമ്പോൾ സാങ്കേതികമായി അതിനും ഒരുപാടു മുകളിൽ ചെയ്യണമല്ലോ. അതിനുവേണ്ടിയുള്ള കാത്തിരിപ്പിലാണ്.

അഭിനേതാക്കളുടെ കാര്യത്തിൽ അദ്ഭുതദ്വീപിൽനിന്ന് ആരെയൊക്കെ കൊണ്ടുവരാനാകും എന്നതും ആലോചനയിലുണ്ട്. അവസാന കാസ്റ്റിംഗ് ആയിട്ടില്ല. എന്റെ എഴുത്തിന്റെ ഈ തിരക്കുകൾ കഴിഞ്ഞാൽ, ഈ വർഷം അവസാനത്തോടെ ഞാൻ സംവിധാനം ചെയ്യുന്ന സിനിമയുടെ ജോലികളിലേക്കു കടക്കും.

# അടൂർ ഗോപാലകൃഷ്ണനെതിരെ പോലീസിൽ പരാതി



തിരുവനന്തപുരം: സിനിമ കോൺക്ലേവ് സമാപനച്ചടങ്ങിലെ വിവാദ പരാമർശത്തിൽ സംവിധായകൻ അടൂർ ഗോപാലകൃഷ്ണനെതിരെ പോലീസിൽ പരാതി. സാമൂഹികപ്രവർത്തകൻ ദിനു വെയിലാണ് മ്യൂസിയം സ്റ്റേഷനിൽ പരാതി നല്കിയത്. അടൂരിന്റെ പരാമർശങ്ങൾ എസ്‌സി-എസ്ടി ആക്ട് പ്രകാരം കുറ്റകരമെന്നാണ് പരാതിയിൽ പറയുന്നത്. എസ്‌സി-എസ്ടി കമ്മീഷനും ദിനു വെയിൽ പരാതി നല്കി.

പട്ടികജാതി വിഭാഗത്തിൽ നിന്ന് സിനിമയെടുക്കാൻ വരുന്നവർക്ക് പരിശീലനം നല്കണമെന്നായിരുന്നു അടൂർ ഗോപാലകൃഷ്ണന്റെ വിവാദ പരാമർശം. ചലച്ചിത്ര കോർപ്പറേഷൻ വെറുതെ പണം നല്കരുതെന്നും ഒന്നര കോടി നല്കിയത് വളരെ കൂടുതലാണെന്നും അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞു. സ്ത്രീകളായതുകൊണ്ട് മാത്രം അവസരം കൊടുക്കരുതെന്നും അദ്ദേഹം പറഞ്ഞിരുന്നു.

അടൂരിനെ പിന്തുണച്ചും എതിർത്തും ഇതിനോടകം നിരവധി പേരാണ് രംഗത്തെത്തിയത്. അടൂരിന്റെ പ്രസംഗത്തിനിടെ വേദിയിൽനിന്നു തന്നെ പ്രതിഷേധം ഉയർന്നിരുന്നു.

### ഫോറസ്റ്റ് ഓഫീസർ തസ്തിക പരീക്ഷ
# ജയിക്കാത്ത ജീവനക്കാർക്ക് സർക്കാർ സംരക്ഷണം

കൊല്ലം: ഫോറസ്റ്റ് സ്പെഷൽ റൂൾ മറികടന്ന് സ്ഥാനക്കയറ്റം ലഭിച്ച 1476 ജീവനക്കാർക്കു സംരക്ഷണം നൽകി സർക്കാർ ഉത്തരവിറക്കി. നിർബന്ധിത വകുപ്പുതല പരീക്ഷകൾ ജയിക്കാത്ത 1476 വനംവകുപ്പ് ജീവനക്കാർക്കു സംരക്ഷണം ഒരുക്കിയാണ് ഉത്തരവിറക്കിയിരിക്കുന്നത്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽനിന്നു സെക്ഷൻ ഫോറസ്റ്റർ ആവുന്നവർ മൂന്നു വകുപ്പുതല പരീക്ഷകളും പരിശീലനവും പൂർത്തിയാക്കിയിരിക്കണമെന്നു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവുണ്ടായിരുന്നു. ഇതു ഹൈക്കോടതിയും അംഗീകരിച്ചു. എന്നിട്ടും ഉത്തരവ് നടപ്പാക്കാത്തതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വനം ഭരണവിഭാഗം മേധാവിക്കു കോടതിയലക്ഷ്യ നോട്ടീസ് നൽകിയതു കഴിഞ്ഞ 29-നാണ്. ഇതിനു തൊട്ടു പിന്നാലെയാണ് സർക്കാർ ഉത്തരവ്.

സ്പെഷൽ റൂൾ നടപ്പാക്കിയ 2010 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവു വരുന്ന 2023 വരെ 1476 പേർ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായി പ്രമോഷൻ നേടിയിട്ടുണ്ടെന്നും ഇതിൽ 72 പേർ മാത്രമാണ് പരീക്ഷ പാസായിട്ടുള്ളതെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു. ഇതിൽ തന്നെ പലരും ഡെപ്യൂട്ടി റേഞ്ചറും റേഞ്ചറുമായി ഗസറ്റഡ് തസ്തികയിൽ വരെ എത്തിയിട്ടുണ്ട്. പരീക്ഷകൾ ജയിക്കാതെ പ്രൊമോഷൻ ലഭിച്ചത് ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയല്ലെന്നു വിലയിരുത്തിയാണ് സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ചു പരീക്ഷകൾ പാസാവണമെന്ന വ്യവസ്ഥ ഇളവു ചെയ്തിരിക്കുന്നത്.

ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽനിന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ട് 2022 ഓഗസ്റ്റ് അഞ്ചിനു സെൻട്രൽ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പുറപ്പെടുവിച്ച നടപടിക്രമത്തിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തിരുന്നു.

# യെമൻ തീരത്ത് ബോട്ട് മറിഞ്ഞു 68 പേർ മരിച്ചു; നിരവധി പേരെ കാണാതായി

സന: യെമൻ തീരത്ത് കുടിയേറ്റ തൊഴിലാളികളുമായി സഞ്ചരിച്ച ബോട്ട് മറിഞ്ഞ് 68 ആഫ്രിക്കൻ കുടിയേറ്റക്കാർ മരിച്ചു. 74 പേരെ കാണാതായതാണ് വിവരം. അപകടത്തിൽപ്പെട്ട പത്ത് പേരെ രക്ഷപ്പെടുത്തി. ഇതിൽ 9 പേർ എത്യോപ്യൻ പൗരന്മാരും ഒരാൾ യെമൻ പൗരനുമാണ്.

കുടിയേറ്റക്കാരുമായി സഞ്ചരിച്ചിരുന്ന കപ്പൽ ഞായറാഴ്ച പുലർച്ചെ തെക്കൻ യെമൻ പ്രവിശ്യയായ അബ്യാനിൽ നിന്ന് ഏദൻ ഉൾക്കടലിൽ മുങ്ങിയതായി യെമനിലെ ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ മൈഗ്രേഷൻ (ഐഒഎം) മേധാവി അബ്ദുസത്തർ എസോയേവ് വാർത്താ ഏജൻസിയോട് പറഞ്ഞു. ആഫ്രിക്കൻ മുനമ്പിനും യെമനിനും ഇടയിലുള്ള കടൽപാതയുടെ അപകടങ്ങളെക്കുറിച്ച് ഐഒഎം ആവർത്തിച്ച് മുന്നറിയിപ്പ് നല്കുന്നതിനിടെയാണ് അപകടം. എത്യോപ്യയിൽ നിന്നും സൊമാലിയയിൽ നിന്നുമുള്ള കുടിയേറ്റക്കാർ പ്രധാനമായും ജോലിതേടി സൗദി അറേബ്യയിലോ മറ്റ് ഗൾഫ് രാജ്യങ്ങളിലോ എത്താനുള്ള പ്രതീക്ഷയോടെ പതിവായി ഇതുവഴി യാത്ര നടത്താറുണ്ട്. ലോകത്തിലെ ഏറ്റവും തിരക്കേറിയതും അപകടകരവുമായ കുടിയേറ്റ പാതകളിലൊന്നാണിത്. 2024-ൽ യെമനിലേക്ക് കടക്കാൻ അറുപതിനായിരത്തിലധികം കുടിയേറ്റക്കാർ ഈ വഴി തെരഞ്ഞെടുത്തുവെന്നാണ് റിപ്പോർട്ട്.

# പരോൾ വ്യവസ്ഥ ലംഘിച്ചു: കൊടി സുനി അറസ്റ്റിൽ

കണ്ണൂർ: പരോൾ വ്യവസ്ഥ ലംഘിച്ചതിന് ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതി കൊടി സുനി അറസ്റ്റിൽ. ഒന്നാം തീയതി പുലർച്ചെ മീനങ്ങാടി സ്റ്റേഷൻ പരിധിയിൽ വെച്ചാണ് അറസ്റ്റിലായത്. പ്രത്യേക സുരക്ഷയിൽ കണ്ണൂർ സെൻട്രൽ ജയിലിലേക്ക് കൊടി സുനിയെ എത്തിച്ചു. പരോൾ കാലയളവിൽ വയനാട് മീനങ്ങാടി പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ ലംഘിച്ചതിനും കോടതി നിർദേശിച്ച സ്ഥലത്ത് താമസിക്കാത്തതിനുമാണു അറസ്റ്റ്. ഇയാൾ സംസ്ഥാനം വിട്ട് സഞ്ചരിച്ചതായും സ്പെഷൽ ബ്രാഞ്ച് റിപ്പോർട്ട് നൽകിയിരുന്നു.

ജൂലൈ 21നാണു കൊടി സുനിക്കു 15 ദിവസത്തെ അടിയന്തര പരോൾ അനുവദിച്ചത്. നേരത്തെ കൊടി സുനി ജയിലിൽ ഫോൺ ഉപയോഗിച്ചതടക്കമുള്ള വിവരങ്ങൾ പുറത്തുവന്നിരുന്നു. ഇതിനിടെ ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികളായ കൊടി സുനി, മുഹമ്മദ് ഷാഫി, ഷിനോജ് എന്നിവർ പോലീസിന്റെ സാന്നിധ്യത്തിൽ ഹോട്ടലിൽ മദ്യപിച്ച സംഭവത്തിൽ കണ്ണൂർ ജില്ലാപോലീസ് ആസ്ഥാനത്തെ മൂന്നു പോലീസുകാരെ സസ്പെൻഡ് ചെയ്തിരുന്നു.

എആർ ക്യാമ്പിലെ സിവിൽ പോലീസ് ഉദ്യോഗസ്ഥരായ വൈശാഖ്, ജിഷ്ണു, വിഷ്ണു എന്നിവരെയാണു സസ്പെൻഡ് ചെയ്തത്. പ്രതികളെ ജൂൺ 17നു കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നു തലശ്ശേരി കോടതിയിൽ ഹാജരാക്കാൻ കൊണ്ടുപോയപ്പോഴാണു സംഭവം. മാഹി ഇരട്ടക്കൊലപാതകക്കേസിന്റെ വിചാരണയ്ക്കായാണു പ്രതികളെ കൊണ്ടുവന്നത്. ഉച്ചഭക്ഷണം കഴിക്കാൻ പ്രതികളുമായി കോടതിക്കു സമീപത്തെ കടൽത്തീരത്തെ ഹോട്ടലിലാണു കയറിയത്. പ്രതികളുടെ സുഹൃത്തുക്കൾ ഇവിടെയെത്തുകയും പോലീസിന്റെ സാന്നിധ്യത്തിൽ മദ്യപിക്കുകയും ചെയ്തെന്നാണു പരാതി. സംഭവം വിവാദമായതോടെ അന്വേഷണം പ്രഖ്യാപിക്കുകയും പോലീസിനു വീഴ്ച സംഭവിച്ചെന്ന് കണ്ടെത്തുകയും ചെയ്തു. ഇതിന്റെ സിസിടിവി ദൃശ്യങ്ങളടക്കം പുറത്തുവരികയും പരാതിയുടെ അടിസ്ഥാനത്തിൽ സംഭവം പരിശോധിച്ച് വകുപ്പുതല നടപടി ഉണ്ടാകുകയുമായിരുന്നു. സംഭവത്തെക്കുറിച്ച് മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടാണ് അന്വേഷണം പ്രഖ്യാപിച്ചത്. തിരുവനന്തപുരത്തുനിന്നുള്ള പ്രത്യേക സംഘമാണ് കേസ് അന്വേഷിച്ചത്.

## വിദഗ്ധ സമിതി റിപ്പോർട്ട്

(3-ാം പേജിൽനിന്നും)

വർഷങ്ങൾക്കു മുൻപുള്ള വിലയെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക അധികാരമാണ് മെഡിക്കൽ കോളജ് സൂപ്രണ്ടുമാർക്ക് നൽകിയിരിക്കുന്നത്. ഇതു വർധിപ്പിക്കണം.

രോഗികളിൽനിന്ന് 4000 രൂപ വരെ പിരിവെടുത്ത് ഉപകരണം വാങ്ങിയിട്ടുണ്ട്. ഈ രീതി അവസാനിപ്പിക്കണം. പ്രധാന വിഭാഗങ്ങളിൽ പിഎസ്‌സി വഴി ജീവനക്കാരെ നിയമിക്കണം. സൂപ്രണ്ടിന്റെ സാമ്പത്തിക അധികാരം വർധിപ്പിക്കണം. പ്രധാന വിഭാഗങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരെ നിയമിക്കണം.

# 49 കുടുംബങ്ങൾ കൂടി വയനാട് പുനരധിവാസ പട്ടികയിൽ

തിരുവനന്തപുരം: വയനാട് ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽപ്പെട്ട 49 കുടുംബങ്ങളെക്കൂടി പുനരധിവാസ പട്ടികയിൽ ഉൾപ്പെടുത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചു. വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നല്കിയ അപ്പീലിന്റെ അടിസ്ഥാനത്തിൽ അർഹരാണെന്നു കണ്ടെത്തിയതിനെത്തുടർന്നാണ് തീരുമാനം.

ഉപജീവനമാർഗം നഷ്ടപ്പെട്ട സംരംഭകർക്കു നഷ്ടപരിഹാരത്തുകയും മാനദണ്ഡങ്ങളും നിശ്ചയിക്കാൻ വയനാട് ജില്ലാ കളക്ടർ, ജില്ലയിലെ തദ്ദേശവകുപ്പിലെയും വ്യവസായ വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ സമിതി പരിശോധിച്ച് ശുപാർശ സമർപ്പിക്കും. ചൂരൽമല ദുരന്തത്തിന്റെ ഒന്നാം വാർഷികദിനത്തിൽ ചേർന്ന മന്ത്രിസഭാ യോഗമാണ് തീരുമാനമെടുത്തത്.

ചൂരൽമല ദുരന്തത്തിനിരയായ ആദിവാസി കുടുംബങ്ങൾക്കായി കണ്ടെത്തിയ ഭൂമിക്ക് വനാവകാശരേഖ നല്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാൻ വയനാട് ജില്ലാ കളക്ടർക്ക് മന്ത്രിസഭ നിർദേശം നല്കി. അഞ്ച് ഹെക്ടർ ഭൂമിക്ക് രേഖ അനുവദിക്കാനുള്ള നടപടികളാണ് സ്വീകരിക്കുക.

മുണ്ടക്കൈ പുനരധിവാസ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പുഞ്ചിരിമട്ടം കോളനിയിലെ അഞ്ചു കുടുംബങ്ങളെയും പുതിയ വില്ലേജിലെ മൂന്നു കുടുംബങ്ങളെയും വയനാട് ടൗൺഷിപ്പ് പ്രോജക്ട് മാതൃകയിലുള്ള വീട് നിർമ്മിച്ചു പുനരധിവസിപ്പിക്കും.

നിലവിൽ പുനരധിവാസ പട്ടികയിൽ ഉൾപ്പെടാത്ത എറാട്ടുകുണ്ടം ഉന്നതിയിലെ അഞ്ചു കുടുംബങ്ങളെ മുണ്ടക്കൈ ലിസ്റ്റിൽ ഉൾപ്പെടുത്തും. ഇവർക്ക് 10 സെന്റ് വീതം ഭൂമിയും വീടും അനുവദിക്കും. പുത്തുമലയിൽ ദുരന്തബാധിതരെ അടക്കം ചെയ്ത സ്ഥലത്ത് പ്രാർത്ഥന നടത്താനായി സ്മാരകം നിർമ്മിക്കും.

## ഷിബു സോറൻ അന്തരിച്ചു

(3-ാം പേജിൽനിന്നും)

സന്താൾ സമുദായത്തിൽപ്പെട്ട ഷിബു സോറൻ അന്ന് ബിഹാറിന്റെ ഭാഗമായിരുന്ന രാംഗഡ് ജില്ലയിൽ 1944-ലാണ് ജനിച്ചത്. ഇടതുപക്ഷ ട്രേഡ് യൂണിയൻ നേതാവ് എ.കെ. റോയിയുമായും കുർമി മഹാതോ നേതാവ് ബിനോദ് ബിഹാരി മഹാതോയുമായും ചേർന്ന് 1972-ലാണ് ഝാർഖണ്ഡ് മുക്തി മോർച്ച രൂപീകരിച്ചത്. 1980-ൽ ദുംകയിൽ നിന്നാണ് അദ്ദേഹം ആദ്യമായി ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ഇതു പിന്നീട് ജെഎംഎമ്മിന്റെ ശക്തികേന്ദ്രമായി മാറി.

2019-ൽ ബിജെപിയുടെ നളിൻ സോറനോട് 45,000-ത്തിലധികം വോട്ടുകൾക്ക് പരാജയപ്പെട്ടു. ഭാര്യ: രൂപി സോറൻ. മറ്റു മക്കൾ: ദുർഗ സോറൻ, ബസന്ത് സോറൻ, അഞ്ജലി സോറൻ.

# അമ്മയെ പരിപാലിക്കാത്ത മകൻ മനുഷ്യനല്ലെന്ന് ഹൈക്കോടതി

കൊച്ചി: അമ്മയുടെ കാര്യങ്ങൾ നോക്കാത്ത മകൻ മനുഷ്യനല്ലെന്നു ഹൈക്കോടതി. 100 വയസ്സായ അമ്മയ്ക്കു മാസം 2000 രൂപ വീതം ജീവനാംശം നൽകണമെന്ന കൊല്ലം കുടുംബക്കോടതി ഉത്തരവു ചോദ്യംചെയ്ത് മകൻ നൽകിയ ഹർജി തള്ളിയ ഉത്തരവിലാണു ഹൈക്കോടതി ഇക്കാര്യം വ്യക്തമാക്കിയത്.

ജീവനാംശം നൽകാൻ മറ്റു മക്കളുള്ളതിനാൽ ജീവനാംശം നൽകേണ്ടതില്ലെന്ന മകന്റെ വാദം നിലനിൽക്കില്ലെന്നും ജസ്റ്റിസ് പി.വി. കുഞ്ഞിക്കൃഷ്ണൻ ചൂണ്ടിക്കാട്ടി.

ഹർജി നൽകുമ്പോൾ അമ്മയ്ക്ക് 92 വയസ്സായിരുന്നു. ഇപ്പോൾ നൂറുവയസ്സായ അമ്മ മകനിൽനിന്നു സംരക്ഷണച്ചെലവിനായി കാത്തിരിക്കേണ്ട അവസ്ഥയാണെന്നും 2000 രൂപ മാസംതോറും നൽകുന്നതിനുവേണ്ടി അമ്മയോടു മകൻ പോരാടുന്നത് സമൂഹത്തിലെ അംഗമെന്ന നിലയിൽ അപമാനം തോന്നുന്നെന്നും കോടതി പറഞ്ഞു. അമ്മയല്ല, സ്വാർഥ താൽപര്യം മൂലം ചേട്ടനാണു കേസിനു പിന്നിലെന്നായിരുന്നു ഹർജിക്കാരന്റെ വാദം.

തന്റെയൊപ്പം വന്നു താമസിച്ചാൽ അമ്മയുടെ കാര്യങ്ങൾ നോക്കാൻ തയാറാണെന്നും അറിയിച്ചു. എന്നാൽ ഈ വാദമൊന്നും കോടതി അംഗീകരിച്ചില്ല. ജീവനാംശം തേടി അമ്മ കോടതിയിൽ വരേണ്ട സാഹചര്യം ഉണ്ടാക്കരുതായിരുന്നെന്നു കോടതി പറഞ്ഞു. അമ്മയാണ് ഒരാളുടെ വീട്.

വളർന്നു വിവാഹിതനായി പുതിയ കുടുംബമാകുമ്പോഴും ഒരാൾ മകൻ തന്നെയാണ്. മകന് എത്ര പ്രായമായാലും അവന് അമ്മയെ വേണ്ടതുണ്ട്. മറ്റു മക്കൾ അമ്മയെ നോക്കുന്നില്ലെങ്കിലും മോശമായ മനോഭാവമാണ് അവർ കാണിക്കുന്നതെങ്കിലും അമ്മയെ നോക്കാൻ ഹർജിക്കാരന് ഉത്തരവാദിത്തമുണ്ട്.

പ്രായമാകുമ്പോൾ മാതാപിതാക്കളുടെ പെരുമാറ്റവും സ്വഭാവവും മാറാം. കുട്ടികളെപ്പോലെ നിർബന്ധബുദ്ധി കാണിക്കാം. അവരെ ആശ്വസിപ്പിക്കേണ്ടതും മനസ്സിലാക്കേണ്ടതും ക്ഷമകാണിക്കേണ്ടതും മക്കളാണ്. മക്കളുടെ വിജയം അതിൽ ആശ്രയിച്ചാണിരിക്കുന്നതെന്നും കോടതി പറഞ്ഞു.

# ചിക്കാഗോ സോഷ്യൽ ക്ലബിന്റെ 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരം

## ആഗസ്റ്റ് 31-ന് ഞായറാഴ്ച രാവിലെ 9 മണി മുതൽ

മാത്യു തട്ടാമറ്റം

### എക്സിക്യൂട്ടീവ്


റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡണ്ട്)


സണ്ണി ഇണ്ടിക്കുഴി (വൈസ് പ്രസിഡണ്ട്)


രാജു മാനുങ്കൽ (സെക്രട്ടറി)


ബിജോയ് കാപ്പൻ (ട്രഷറർ)


തോമസ് പുത്തേത്ത് (ജോയിന്റ് സെക്രട്ടറി)

ചിക്കാഗോ: ആഗോള മലയാളി സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയ ചിക്കാഗോ സോഷ്യൽ ക്ലബ് നേതൃത്വം നല്കുന്ന 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ (1300 പൗണ്ട്) ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക് പുരോഗമിക്കുന്നു. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു ദിവസം തന്നെ മൂന്നു പ്രോഗ്രാമുകളാണ് നടത്തപ്പെടുക. ആഗസ്റ്റ് 31-ന് ഞായറാഴ്ച രാവിലെ 9 മണി മുതൽ മത്സരം ആരംഭിക്കും. 5 മണിക്ക് മത്സരങ്ങൾ അവസാനിക്കും. 5 മണി മുതൽ രാത്രി 10 മണി വരെ വൈവിദ്ധ്യമാർന്ന ഇന്ത്യൻ ഭക്ഷണവിഭവങ്ങൾ ആസ്വദിക്കുവാനുള്ള 'ഇന്ത്യ ഫുഡ് ടേസ്റ്റ്' നടത്തപ്പെടും. 7 മണി മുതൽ 10 മണി വരെ അഫ്സലിന്റെ നേതൃത്വത്തിൽ കലാസന്ധ്യ അരങ്ങേറും.

ഈ വർഷം പുതിയ സ്ഥലത്താണ് വടംവലി മത്സരം നടക്കുക. വിശാലവും വിപുലവുമായ പാർക്കിംഗ് സൗകര്യങ്ങളുള്ള മോർട്ടൻ ഗ്രോവ് പാർക്ക് ഡിസ്ട്രിക്ട് സ്റ്റേഡിയം കാണികളെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പിലാണ്. വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള ടീമുകൾ മത്സരങ്ങളിൽ പങ്കെടുക്കും. ഇരുപതിൽപ്പരം ടീമുകളെയാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. കൃത്യനിഷ്ഠയോടെ ഈ വർഷത്തെ മത്സരങ്ങൾ നടത്തപ്പെടുന്നതാണ്.

പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയ് കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരടങ്ങിയതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. സിറിയക് കൂവക്കാട്ടിലാണ് ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ. കമ്മിറ്റിയിൽ വൈസ് ചെയർമാൻ മാനി കരികുളം, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് ചെയർ ബിനു കൈതക്കതൊട്ടിയിൽ, പിആർഒ മാത്യു തട്ടാമറ്റം എന്നിവരും മത്സരത്തിന്റെ വിജയത്തിനായി മുന്നിട്ടുപ്രവർത്തിക്കുന്നു.

ആകർഷകമായ സമ്മാനത്തുകയാണ് ഈ വടംവലി മത്സരത്തിന്റെ പ്രത്യേകത. ഒന്നാംസ്ഥാനം നേടുന്ന ടീമിന് 11,111 ഡോളറും മാണി നെടിയകാലായിൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ലഭിക്കും. ചിക്കാഗോയിലെ വ്യവസായ പ്രമുഖനായ ജോയി നെടിയകാലായിലാണ് സ്പോൺസർ. രണ്ടാംസ്ഥാനം നേടുന്ന ടീമിന് 5555 ഡോളറും ജോയി മുണ്ടപ്ലാക്കൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ലഭിക്കും. ചിക്കാഗോയിലെ വ്യവസായ പ്രമുഖനായ ഫിലിപ്പ് മുണ്ടപ്ലാക്കലാണ് സ്പോൺസർ.

മൂന്നാംസ്ഥാനം നേടുന്ന ടീമിന് 3333 ഡോളറും കിഴക്കേക്കുറ്റ് ചാക്കോ & മറിയം മെമ്മോറിയൽ എവർ റോളിങ് ട്രോഫിയുമാണ് ലഭിക്കുക. അറിയപ്പെടുന്ന സ്ഥാപനമായ എലൈറ്റ് ഗെയിമിംഗിനുവേണ്ടി റ്റോണി & ഫ്രാൻസിസ് കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്തിരിക്കുന്നു. നാലാംസ്ഥാനം ലഭിക്കുന്ന ടീമിന് 1111 ഡോളറാണ് സമ്മാനത്തുക. ചിക്കാഗോ മംഗല്യ ജൂവലറിക്കു വേണ്ടി ഷൈബു കിഴക്കേക്കുറ്റ്, മനീവ് ചിറ്റലക്കാട്ട്, മിഥുൻ മാമ്മൂട്ടിൽ എന്നിവരാണ് സ്പോൺസർമാർ.

2013-ൽ സ്ഥാപിതമായ ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പ്രഥമ പ്രസിഡണ്ട് സൈമൺ ചക്കാലപ്പടവിലാണ്. പിന്നീട് സാജു കണ്ണമ്പള്ളി, അലക്സ് പടിഞ്ഞാറേൽ, പീറ്റർ കുളങ്ങര, ബിനു കൈതക്കതൊട്ടിയിൽ, സിബി കദളിമറ്റം എന്നിവർ പ്രസിഡണ്ടുമാരായുള്ള കമ്മിറ്റികൾ വിവിധ കാലയളവുകളിൽ സോഷ്യൽ ക്ലബിന്റെ വളർച്ചയ്ക്ക് ഊർജം പകർന്നു. ആയിരക്കണക്കിന് കാണികളെ പ്രതീക്ഷിക്കുന്ന ഈ വടംവലി മാമാങ്കത്തിലേക്ക് എല്ലാവരെയും സംഘാടകർ സ്വാഗതം ചെയ്യുന്നു.

### ടൂർണമെന്റ് കമ്മിറ്റി


സിറിയക് കൂവക്കാട്ടിൽ (ടൂർണമെന്റ് ചെയർമാൻ)


മാനി കരികുളം (വൈസ് ചെയർമാൻ)



സ്റ്റീഫൻ കിഴക്കേക്കുറ്റ് (ജനറൽ കൺവീനർ)


ബിനു കൈതക്കതൊട്ടിയിൽ (ഫൈനാൻസ് ചെയർ)


മാത്യു തട്ടാമറ്റം (പിആർഒ)


ജോസ് മണക്കാട്ട് (ഇന്ത്യ ഫുഡ് ടേസ്റ്റ് ചെയർ)

### മുൻ പ്രസിഡണ്ടുമാർ


സൈമൺ ചക്കാലപ്പടവിൽ


സാജു കണ്ണമ്പള്ളി


അലക്സ് പടിഞ്ഞാറേൽ


പീറ്റർ കുളങ്ങര



ബിനു കൈതക്കതൊട്ടിയിൽ


സിബി കദളിമറ്റം

**പുതിയ അഡ്രസ് ശ്രദ്ധിക്കുക:**

**MORTON GROVE PARK DISTRICT STADIUM**
**6834 DEMPSTER ST, MORTON GROVE, ILLINOIS 60053.**

**വിശദവിവരങ്ങൾക്ക്:** റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡണ്ട്)- (630) 935-9655, സിറിയക് കൂവക്കാട്ടിൽ (ടൂർണമെന്റ് ചെയർമാൻ)- (630) 673-3382




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**